## ഹയർ സെക്കൻഡറി കോഴ്സ്

# മലയാളം

XI

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്


തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2026

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Designed by : SCERT, First Edition : 2026
Printed at : Centre for Advanced Printing and Training (C-apt),
Thiruvananthapuram-695013
© Department of General Education, Government of Kerala
ISBN : 978-93-47213-88-5

*പ്രിയ വിദ്യാർഥികളേ,*

മാതൃഭാഷാപഠനത്തിന്റെ സവിശേഷമായ ഒരു തലത്തിലാണ് നാമിപ്പോൾ എത്തിനിൽക്കുന്നത്. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് നാം നേടിയ ശേഷികളെ ക്രോഡീകരിക്കുന്നതിനും ഭാഷാപഠനത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് പ്രവേശിക്കുന്നതിനും ഈ ഘട്ടത്തിൽ കഴിയേണ്ടതുണ്ട്. അതുപോലെ മാതൃഭാഷയിലൂടെ കൈവരിച്ച സാംസ്കാരികമുന്നേറ്റത്തെക്കുറിച്ച് അവബോധം നേടുന്നതിനും കഴിയണം. കേരളത്തെ വൈജ്ഞാനികസമൂഹമാക്കുന്നതിലും മാതൃഭാഷ വഹിച്ച പങ്ക് മനസ്സിലാക്കേണ്ടതുണ്ട്. ഹയർസെക്കൻഡറി തലത്തിലെ ഭാഷാപഠനത്തിന് കൃത്യമായ ലക്ഷ്യങ്ങളും ദിശയുമുണ്ടാകണം എന്ന കാര്യത്തിൽ സംശയമില്ലല്ലോ.

സാഹിത്യത്തിലെ വിവിധ പ്രസ്ഥാനങ്ങളെയും സാഹിത്യരൂപങ്ങളെയും മനസ്സിലാക്കാനും അവയുടെ സവിശേഷതകൾ തിരിച്ചറിയാനും കഴിയണം. ഭാഷാപ്രയോഗത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് പ്രവേശിക്കുക എന്നതും ഈ ഘട്ടത്തിൽ പ്രധാനമാണ്. മാതൃഭാഷാപഠനത്തിലൂടെ ചിന്തയുടെയും സൗന്ദര്യാനുഭവങ്ങളുടെയും സൂക്ഷ്മതലങ്ങൾ മനസ്സിലാക്കാനും പ്രായോഗികമായി അവയെ കൈകാര്യംചെയ്യാനും കഴിയണം. സാഹിത്യത്തിലെ നൂതനമായ ഭാവുകത്വത്തെയും ചിന്താധാരകളെയുംപറ്റി സാമാന്യധാരണ നേടുക എന്നതും പ്രധാനമാണ്. ഇതിനെല്ലാം സഹായകമാകുന്ന വിധത്തിലാണ് ഈ പാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഇത് നിങ്ങൾക്ക് പ്രിയപ്പെട്ടതാകും എന്നു കരുതുന്നു.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ് ആർ. കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

# പാഠപുസ്തക രചനാസമിതി

## ചെയർമാൻ

**ഡോ. സാബു കോട്ടുക്കൽ**
അസോ. പ്രൊഫസർ (റിട്ട.), മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## വിദഗ്ധർ

**ഡോ. എം. വിജയൻപിള്ള**
പ്രൊഫസർ (റിട്ട.), എൻ. എസ്. എസ്. കോളേജ്, നിലമേൽ

**ഡോ. എം. എ. സിദ്ദീഖ്**
പ്രൊഫസർ, മലയാള വിഭാഗം, കേരള യൂണിവേഴ്സിറ്റി

**ഡോ. പി. സത്യനേശൻ**
അസി. പ്രൊഫസർ (റിട്ട.), മുൻ കരിക്കുലം വിഭാഗം തലവൻ, എസ്.സി.ഇ.ആർ.ടി. കേരള

## അംഗങ്ങൾ

**പി. രാമൻ,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., കുറ്റിപ്പുറം, മലപ്പുറം
**ഡോ. പി. കെ. ജയരാജൻ,** അക്കാദമിക് കൗൺസലർ, ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി
**ഡോ. പി. കെ. സഭിത്ത്,** D.P.O. കണ്ണൂർ, സമഗ്രശിക്ഷ, കേരള
**വിനോദ് വി.,** എച്ച്.എസ്.എസ്.ടി., ജി.എം.എച്ച്.എസ്.എസ്., പെരിന്തൽമണ്ണ, മലപ്പുറം
**സന്തോഷ് പി.,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., അലനല്ലൂർ, മണ്ണാർക്കാട്
**മിനി എസ്. ഗോപിനാഥ്,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., ചാത്തന്നൂർ, പാലക്കാട്
**ഡോ. സഞ്ജീവൻ കെ. വി.,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., ചായ്യോത്ത്, കാസർകോട്
**വിജു എൽ. എൻ.,** എച്ച്.എസ്.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്., പേരൂർക്കട, തിരുവനന്തപുരം
**ഡോ. ജംഷീദ് എ.,** എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്., അയ്യൻകോയിക്കൽ, ചവറ, കൊല്ലം
**ദിവ്യ പി. എസ്.,** എച്ച്.എസ്.എസ്.ടി., ജി.ബി.എച്ച്.എസ്.എസ്., മിതൃമ്മല, തിരുവനന്തപുരം
**ഷാജ് തയ്യിൽ കാരായി,** എച്ച്.എസ്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്., കതിരൂർ, കണ്ണൂർ
**ജ്യോതിഷ് കെ. വി.,** എച്ച്.എസ്.എസ്.ടി., മർകസ് എച്ച്.എസ്.എസ്., കാരന്തൂർ
**അനിത ജി.,** എച്ച്.എസ്.എസ്.ടി., ജി.എം.വി.എച്ച്.എസ്.എസ്., വേങ്ങര ടൗൺ, മലപ്പുറം
**ഡോ. ശാന്തി എസ്.,** എച്ച്.എസ്.എസ്.ടി., എച്ച്.എസ്.എസ്., തിരുവമ്പാടി, ആലപ്പുഴ
**മടവൂർ ശശി,** എച്ച്.എസ്.ടി. (റിട്ട), ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്, തിരുവനന്തപുരം

## ചിത്രരചന

**ദീപേഷ് ടി.,** ട്രെയിനർ, BRC, പന്തലായിനി, കൊയിലാണ്ടി, കോഴിക്കോട്

## അക്കാദമിക് കോഡിനേറ്റർ

**ഡോ. ശശി എം. ടി.,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
**വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012**



# ഉള്ളടക്കം




**1**

**മധുരം മനോജ്ഞം ജീവിതം 7**

ആശ 8

മരപ്പാവകൾ 11

ഇൻ തണ്ടർ ലൈറ്റ്നിങ് ആൻഡ് റെയ്ൻ 23

വിശപ്പ് 27

**2**

**ഭാഷയും സൗന്ദര്യവും 31**

എന്റെ രാഷ്ട്രീയം 32

കവിതയുടെ ഭാവലോകം 36

മറിയം 41

**3**

**ആസ്വാദനത്തിന്റെ അടരുകൾ 48**

ഉശിരൻ 49

ഏകാന്തതയുടെ മഹാതീരം 55

ഒറ്റാലിൽ പിടയുന്ന സംസ്കാരം 62

**4**

**അറിവ് നടന്ന വഴികൾ 67**

ആ ബാക്കി 68

നവോത്ഥാനത്തിന്റെ പാഠങ്ങൾ 71

ജാതിലക്ഷണം 75

സാംസയുടെ ലൈബ്രറി 76

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1][പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി] സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണ ഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

യൂണിറ്റ് 1

# മധുരം മനോജ്ഞം ജീവിതം



പൂർണ്ണമായീലെങ്കിലുമിജ്ജീവിതത്തിലെന്റെയാ-
പ്പൂജയെല്ലാം വ്യർഥമായീലെന്നറിവൂ ഞാൻ
-എന്നറിവൂ ഞാൻ.

പൂവിരിയും മുൻപുതന്നെ പൂഴിയിൽ വീണാകിലും,
പുഴകൾ മരുവിൽപ്പുക്കൊഴുക്കുവറ്റി മാഞ്ഞാലും,
അവ മുഴുവൻ നഷ്ടമായീലെന്നറിവൂ ഞാൻ
-എന്നറിവൂ ഞാൻ.

ജീവിതത്തിൽപ്പിന്നിലിട്ടു പോന്നതൊന്നുമൊന്നുമേ
ഹാ, വിഫലമാവുകയില്ലെന്നറിവൂ ഞാൻ
-എന്നറിവൂ ഞാൻ.

**ഗീതാഞ്ജലി** **രവീന്ദ്രനാഥ ടാഗോർ (വിവ: ജി.ശങ്കരക്കുറുപ്പ്)**

▶▶ കാവ്യഭാഗം അവതരിപ്പിക്കുന്ന ജീവിതദർശനമെന്ത്? ചർച്ചചെയ്യുക.

# ആശ



ഇരുളിൽ, തമ്മിൽ കാണാ-
നാവാതെ, മിണ്ടാതെ, നാ-
മുഴലുന്നേരം, നിന്റെ
വിശ്വാസമെന്നോടോതി,

"രാവിതു മായും, വീണ്ടും
നാളത്തെ പ്രഭാതത്തിൻ
പൂവൊളി മിന്നും", നിന്നെ
വിശ്വസിക്കട്ടേ ഞാനും!

രാവിതു മായും? നിഴ-
ല്ക്കുത്തിലേക്കടിതെറ്റി-
യീയിരുൾപ്പാമ്പും ഫണം
താഴ്ത്തിവീണൊലിച്ചു പോം?

ദൂനനായ് തേങ്ങിത്തേങ്ങി-
വരുമിക്കാറ്റും നാളെ
പൂമണം പൂശി,ക്കുഞ്ഞി-
ക്കയ്യുകൾ കൊട്ടിപ്പാടും?

രാസലോലയായ് നിലാ-
പ്പൊയ്കയിൽ മുങ്ങിക്കേറി
ഭാസുരാംഗിയാമുഷ-
സ്സിനിയുമിങ്ങോട്ടെത്തും?

കട്ടിയിലിരുൾച്ചാർത്തും,
വെൺമഞ്ഞും, വിറച്ചുംകൊ-
ണ്ടിറ്റിറ്റുവീഴും മര-
ച്ചോട്ടി,ലിക്കുടീരത്തിൽ,

ഇന്നോളം നിന്നെപ്പോലും
മറന്നു മുഖം കുനി-
ച്ചിങ്ങനെയിരിക്കുമീ
ഞാനുമൊന്നുണർന്നേല്ക്കും?

കണ്ണുകൾ മൂടിക്കെട്ടും
പാഴ്വല തുടച്ചെന്റെ
കണ്ണുനീർ തുളുമ്പവേ
ഞാനുമൊന്നെഴുന്നേൽക്കും?

നിന്നെ വിശ്വസിപ്പൂ ഞാൻ!
മരിച്ചു മരവിച്ച
മഞ്ഞടുക്കുകൾ പൊട്ടി-
യുരുകിത്തുള്ളിപ്പായും!

നിന്നെ വിശ്വസിപ്പൂ ഞാൻ!
നിത്യമാം പ്രഹർഷത്തിൻ
കിങ്ങിണി കെട്ടിപ്പുത്തൻ
ജീവിതം നൃത്തംവയ്ക്കും!

ചുറ്റിലും പ്രഭാതത്തി-
ന്നൊളിതുള്ളുമ്പോൾ, കൊച്ചു
മൊട്ടുകളെല്ലാമുണർ-
ന്നിളകിച്ചിരിക്കുമ്പോൾ,

ഹാ! ദിനാന്ത്യത്തിൻ മൂടൽ-
മഞ്ഞിലൂ,ടിരുളിലൂ-
ടാദിയാം വെളിച്ചത്തിൻ
പരിവേഷവും ചാർത്തി,

കുളുർക്കെ ചിരിച്ചു നീ
വന്നെത്തുമാത്മാവിന്റെ
വിളക്കേ, നിന്നെക്കണ്ടെൻ
കയ്യുകൾ താനേ കൂമ്പും...

അന്നോളം ശോകാന്ധമീ-
യിരുളിൽ തളർന്നുനി-
ന്നിങ്ങനെ ചൊല്ലും നിന്നെ
വിശ്വസിക്കുന്നൂ ഞാനും.

"രാവിതു മായും, വീണ്ടും
പുലരി ചിരിച്ചെത്തും,
പാഴ്മഞ്ഞിൻ പുറകിലായ്
പൂക്കാലമല്ലേ ദേവീ?"

**മുത്തുച്ചിപ്പി** **സുഗതകുമാരി**

"രാവിതു മായും, വീണ്ടും
പുലരി ചിരിച്ചെത്തും,
പാഴ്മഞ്ഞിൻ പുറകിലായ്
പൂക്കാലമല്ലേ ദേവീ?"

കൂരിരുട്ടിലും തെളിഞ്ഞുവരുന്ന ജീവിതത്തിന്റെ പ്രകാശം അനുഭവിപ്പിക്കാൻ 'ആശ' എന്ന കവിതയ്ക്ക് എത്രത്തോളം കഴിയുന്നുണ്ട്? വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- "രാവിതു മായും, വീണ്ടും
  നാളത്തെ പ്രഭാതത്തിൻ
  പൂവൊളി മിന്നും", നിന്നെ
  വിശ്വസിക്കട്ടേ ഞാനും!

- "എല്ലാം നശിച്ചു പോയിട്ടില്ല, പോകില്ല
  വല്ലതും ശേഷിക്കുമെന്ന് വിചാരിക്കെ
  എന്തെന്തിതെൻ കരളിലാനന്ദവും മിഴിയിൽ വിശ്വാസവും,
  പുതിയ ഭാവിയുടെ തെളിവാർന്ന ജൈവപ്രഭാവവും!"

**ഇരുട്ടിൽ പൊതിഞ്ഞ തിരിനാളം** **പുനലൂർ ബാലൻ**

- കാവ്യഭാഗങ്ങൾ അവതരിപ്പിക്കുന്ന ജീവിതദർശനം വിശകലനം ചെയ്യുക. ഇത്തരം പ്രതീക്ഷകളല്ലേ മനുഷ്യസമൂഹത്തെ മുന്നോട്ടുനയിക്കുന്നത്? സ്വന്തം കാഴ്ചപ്പാട് സമർഥിക്കുക.

ജീവിതത്തിന്റെ പ്രത്യാശയെ സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ കവിതയിൽനിന്ന് കണ്ടെത്തി വിശദീകരിക്കുക.

ഉദാ. "പ്രഹർഷത്തിൻ കിങ്ങിണി കെട്ടിപ്പുത്തൻ ജീവിതം നൃത്തംവയ്ക്കും!"

# മരപ്പാവകൾ



മുറ്റത്തു ചെന്നുനിന്ന എന്യൂമറേറ്റർ '312 ആശാരിപ്പറമ്പിൽ' എന്നു തന്നോടുതന്നെ പറഞ്ഞിട്ട് ഉച്ചത്തിൽ ചോദിച്ചു: "ഇവിടെ ആരുമില്ലേ?"

ഓല കുത്തിമറച്ചുണ്ടാക്കിയ മുറിയിൽനിന്ന് ഒരു സ്ത്രീ തിണ്ണയിലേക്കിറങ്ങിവന്നു.

"ഉമ്മിണിയെന്നാണോ പേര്?" കൈയിലിരിക്കുന്ന കടലാസിൽ നോക്കിക്കൊണ്ട് ആഗതൻ ചോദിച്ചു.

യുവതിയുടെ സ്വതേ വിടർന്ന കണ്ണുകൾ കുറേക്കൂടി വികസിച്ചു. കേസോ പൊലീസോ വല്ലതുമായിരിക്കും എന്ന് അവൾ പരിഭ്രമിച്ചു.

"ജനസംഖ്യയെടുക്കുകാ. ഇവിടെ ആരൊക്കെയുണ്ട്?"

"ഇപ്പോൾ ഞാൻ മാത്രേ ഒള്ളു. അമ്മ ഇപ്പഴങ്ങു പോയേയുള്ളു. തോട്ടിന്റെ കരേൽ തഴ ചെത്താൻ പോയതാ. ആങ്ങളച്ചെറുക്കൻ പണിയാൻ പോയേക്കുവാ."

"ഉമ്മിണീന്നു പേരുള്ളത്?"

"അമ്മേടെ പേരാ."

"ശരി, ഉമ്മിണി ആണോ പെണ്ണോ?"

അവളൊന്നു ചിരിച്ചു; പരിഹാസച്ചിരി. എന്നാലും അഴകുള്ള ചിരി.

"അമ്മയും ഞാനും പെണ്ണുങ്ങളാ. ആങ്ങള ആണും."

"അച്ഛനില്ലേ?"

"മരിച്ചുപോയി."

"അപ്പോൾ ഉമ്മിണി വിധവയാണല്ലേ?"

"ഇപ്പോൾ വിധവയാ."

എന്നിട്ട് അവൾ പറഞ്ഞു: "ജനസംഖ്യയെടുക്കുമ്പോൾ കൊട നിവിർത്തു പിടിക്കരുതായിരിക്കും. ഈ തീപോലുള്ള വെയിലത്തു നിന്ന് ജനസംഖ്യ എടുത്താൽ ആളിന്റെ എണ്ണം കുറഞ്ഞുപോകും. ഈ ബഞ്ചേലേക്കു കേറിയിരിക്കാവല്ലോ."

ചാണകം മെഴുകി വെടിപ്പും മിനുപ്പും വരുത്തിയിട്ടുള്ള ആ നീളം കുറഞ്ഞ വരാന്തയിൽ കയറി ആഗതൻ ഒരു ബഞ്ചിലിരുന്നു.

ഉമ്മിണിയുടെ വിവരങ്ങളൊക്കെ ചോദിച്ചറിഞ്ഞ് രേഖപ്പെടുത്തി.

"നിങ്ങളുടെ പേര്?"

"എന്റെ പേര് നളിനി."

ഇതു പറഞ്ഞപ്പോൾ അവൾ അല്പം ലജ്ജ ഭാവിച്ചു.

"വയസ്സ്?"

"കണ്ടിട്ടെന്തു തോന്നുന്നു?"

"എനിക്കൊന്നും തോന്നിയില്ല."

അവളൊന്നു മന്ദഹസിച്ചു.

"ഇരുപത്തിമൂന്ന്."

"വിവാഹം കഴിഞ്ഞതാണോ?"

"ഉം."

"ഇപ്പോൾ ഭർത്താവുണ്ടോ?"

അവളല്പം പരുങ്ങി.

"ഇപ്പോളിവിടെയില്ല. പതിമ്മൂന്നാം മൈലിൽ ജനസംഖ്യയെടുത്തോ?"

“അതിനാളു വേറെയാ. ഭർത്താവുണ്ട്. അല്ലേ?”

“ഒണ്ടെന്നോ ഇല്ലെന്നോ എഴുതിക്കോളൂ.”

അവൾ അവഗണനാഭാവത്തിൽ പറഞ്ഞു.

“ഉണ്ടെന്നെഴുതിയാലും ഇല്ലെന്നെഴുതിയാലും അർഥം ഒന്നല്ലല്ലോ?”

“എന്നാൽ ഒണ്ടെന്ന് തെളിയാതെ എഴുതിക്കോളൂ.”

“കല്യാണം പറഞ്ഞുവച്ചിട്ടേ ഒള്ളായിരിക്കും. അല്ലേ? എന്നാൽ വിവാഹിത എന്നല്ല എഴുതേണ്ടത്. അവിവാഹിത.”

“അതല്ല. വിവാഹം കഴിഞ്ഞു.”

അവൾ തലയുടെ പുറകുവശം ചൊറിയുകയും അതോടെ നീണ്ടതും എണ്ണമയമില്ലാത്തതിനാൽ മുഷിഞ്ഞതുമായ മുടി അഴിഞ്ഞിഴഞ്ഞു വീഴുകയും അത് അവളുടെ സുന്ദരരൂപത്തിന് ഒരു ഭംഗിയുള്ള പശ്ചാത്തലമായി ഭവിക്കുകയും ചെയ്തു.

“ഭർത്താവ്?”

“ഭർത്താവൊണ്ട്; ഭർത്താവില്ലതാനും.”

“ഉപേക്ഷിച്ചു, അല്ലേ? അപ്പോൾ വിഭർത്തൃക!”

“ആ വാക്ക് കേട്ടിട്ടെഴുതാമെന്നു തോന്നുന്നു.
ഒന്നൂടെ കേക്കട്ടെ, വിദർഭ. അതുപോലെ ഒരു കുഴഞ്ഞ കേസാ ഇതും. പക്ഷേ, ഉപേക്ഷിച്ചതല്ല. ഉപേക്ഷിച്ചെങ്കിൽ പിന്നെയെന്തിനാ ആഴ്ചതോറും അയാളു ദൂതാളിനെ പറഞ്ഞുവിടുന്നത്?”

“നിങ്ങളുപേക്ഷിച്ചതായിരിക്കും?”

“ഞാനാദ്യം അപേക്ഷിക്കാനും പോയില്ല, പിന്നെ ഉപേക്ഷിക്കാനും പോയില്ല. എന്താ വേണ്ടതെന്നാലങ്ങനെ എഴുതിക്കോ. നിങ്ങൾക്കല്ലേ ഒക്കെ അറിയാവുന്നെ?”

“എനിക്കു നിങ്ങടെ ഭർത്താവിന്റെ കാര്യമൊന്നും അറിയാൻവയ്യ. നിങ്ങളു പറയുന്നതെഴുതാം. ഭർത്താവുണ്ടെന്ന്.”

“അതാ നല്ലത്.”

“നല്ലതും ചീത്തയും എഴുതാനുള്ള പുസ്തകമല്ലിത്. നേരെഴുതാനുള്ളതാ”.

“ഞാൻ പറഞ്ഞതാ നേര്.” എന്നു പറഞ്ഞിട്ട് അവൾ തലമുടി പുറകുവശത്തു കെട്ടിവച്ചു. അനാവശ്യമായി ആ പ്രവൃത്തി അയാൾ നോക്കിക്കണ്ടു.

“പ്രസവിച്ചതാണോ?”

“ആണും പ്രസവിച്ചില്ല; പെണ്ണും പ്രസവിച്ചില്ല.”



"ഛർദ്ദിയുണ്ടായിട്ടുണ്ടോ?"

"ഒണ്ടായിട്ടൊണ്ടോന്ന് ! അവിടെച്ചെന്ന് ആറു മാസം തികയുന്നതിനുമുമ്പേ തുടങ്ങിയതല്ലേ ഛർദ്ദി! ഒരു ദിവസമല്ലേല്ലൊരു ദിവസം ഛർദ്ദി ല്ലാതെ കഴിഞ്ഞിട്ടില്ല."

"ദിവസവും ഛർദ്ദിയോ?"

"അതല്ലേ ഞാനിങ്ങു പോന്നത്?"

"എന്താണിപ്പറയുന്നത്? ഗർഭഛർദ്ദി! എന്നു വച്ചാൽ, അലസുക ഉണ്ടായിട്ടുണ്ടോന്ന്!"

"എന്തെല്ലാം പോക്കണംകേടുകളാ ചോദിക്കുന്നെ? ആങ്ങളച്ചെറുക്കനിവിടെയില്ലാത്തതു നന്നായി."

അയാൾ അല്പം ചൊടിച്ചു: "ആങ്ങളച്ചെറുക്കനു ണ്ടെങ്കില് ? ഇതു സർക്കാരുകാര്യമാ. ആങ്ങള ച്ചെറുക്കൻ പോയിട്ട് വെല്യമ്മാവനുണ്ടെങ്കിലും ചോദിക്കേണ്ടതു ചോദിക്കും. നേരൊക്കെ പറയുകേം വേണം. പറഞ്ഞില്ലെങ്കിൽ അതു കുറ്റ മാണ്. പറയുന്നതൊക്കെ രഹസ്യമായി സൂക്ഷിക്കും."

"വല്യ ഉഷ്ണം തോന്നുന്നെങ്കിൽ ഇതുകൊണ്ടു വീശിക്കൊള്ളൂ." എന്നുപറഞ്ഞ് നളിനി ഒരു വീശുപാളയെടുത്ത് ആ ബെഞ്ചിന്റെ അറ്റത്തു വച്ചുകൊടുത്തു. "ആങ്ങളച്ചെറുക്കൻ കേൾക്കെ ഇതൊക്കെച്ചോദിച്ചാൽ എനിക്കു നാണം വരു മെന്നാ പറഞ്ഞത്."

"എന്നിട്ട്, പറയൂ."

"ഇല്ല"

"എന്തോന്നില്ല? പറയുകേല്ലെന്നോ?"

"അല്ലല്ല. മുമ്പേ ചോദിച്ചില്ലേ ഛർദ്ദി? അതില്ല."

"നിങ്ങൾക്കു മാസം എന്തു വരവൊണ്ട്?"

"ആങ്ങളയ്ക്കു മൂന്നുരൂപാ തച്ചാ-"

"ആങ്ങളയുടെ തച്ചല്ല. നിങ്ങടെ."

"ഞാൻ പണിക്കു പോകാറില്ല."

“അപ്പോൾ വരവൊന്നുമില്ല. ആശ്രയിച്ചു കഴീന്നയാൾ.”

“ഞാനോ ? ഇതാരു പറഞ്ഞു ? ആ വള്ളക്കടവിലെ കാത്ത പറഞ്ഞതായിരിക്കും. അവടെ കാര്യം എനിക്കും പറയാനൊണ്ട്.”

അയാൾ രസിച്ചൊന്നു ചിരിച്ചു.

“കാത്തയോ ? എന്തു പറഞ്ഞെന്ന് ? ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടില്ല. ഒരാൾക്കു വരവി ല്ലെങ്കിൽ മറ്റൊരാളുടെ വരവുകൊണ്ടുവേണം ജീവിക്കാൻ. നിങ്ങൾക്കു വരവില്ല. ഉണ്ണാനും ഉടുക്കാനും മറ്റും കാശു ചെലവുണ്ട്. അതു തരുന്നയാളിനെ, അമ്മയേയോ ആങ്ങളയേ യോ, ആശ്രയിച്ചാണു നിങ്ങൾ ജീവിക്കുന്നത്; നേരല്ലേ ?”

“കച്ചേരിലെ ചോദ്യംപോലെയാണല്ലോ ഇത് ?”

“കച്ചേരീൽ നിങ്ങളോടു ചോദിച്ചിട്ടുണ്ടോ ?”

“അതിനും ആ ദ്രോഹി ഇടവരുത്തി.”

“ഭർത്താവ്, അല്ലേ ?”

“അവനാ ഭർത്താവ്! ഭർത്താവില്ലെന്നങ്ങെഴുതിയേക്കൂ. അതിനു ഞാൻ വേണേൽ വല്ലതും തരാം പൊന്നേ.”

“അതിരിക്കട്ടെ, നിങ്ങൾക്കു വരവൊന്നുമില്ലല്ലോ ?”

“വരവൊണ്ട്, ഞാനാരേം ആശ്രയിക്കുന്നില്ല. മാസം പതിനഞ്ചുരൂപായെങ്കിലും വരവൊണ്ട്.”

“ശരി. എന്താ തൊഴിൽ ?”

“എന്തെല്ലാം അറിയണം, ഈ സർക്കാരിന് ? തൊഴില് ഒന്നല്ല, പലതാ.”

“അതൊക്കെപ്പറഞ്ഞാളൂ; എഴുതാൻ കടലാസിൽ സ്ഥലമുണ്ട്.’

“ഞാനാ ഈ വീട്ടിൽ കഞ്ഞിവയ്ക്കുന്നത്. ഈ തിണ്ണ മെഴുകിയതു ഞാനാ.”

“മെഴുകിയതു നന്നായിട്ടുണ്ട്. കണ്ണാടിപോലെ മിന്നുന്നുണ്ടല്ലോ!”

“എന്റെ കവിള് കണ്ണാടിപോലെ മിന്നുന്നെന്ന് എന്റെ പണിക്കൻ, ഹാ, എന്റെ ആരുമല്ല- അയാൾ പറയുമായിരുന്നു. അപ്പോൾ ഈ തിണ്ണ എന്റെ കവിളുപോലെയിരിക്കും.” അവൾ ഫലിതം പറഞ്ഞ മട്ടിൽ ചിരിച്ചു.

അയാളും ചിരിച്ചു.

അയൽവീട്ടിലെ ഒരു പെണ്ണ് മുറ്റത്തുവന്ന് എന്യൂമറേറ്ററുടെ മുഖത്ത് കണ്ണും തറപ്പിച്ചു നിലയായി.

“പെണ്ണിനു വയസ്സു പത്തു കഴിഞ്ഞേയുള്ളു; നോട്ടം കണ്ടില്ലേ ? രണ്ടു കൊല്ലം കഴിഞ്ഞാൽ ഈ വഴിക്ക് ആളുകളെ നടത്തുകേല്ല.”

പെണ്ണിനു കോപം വന്നു: "ഞാനൊന്നു നോക്കിയെന്നുവെച്ച് പണിക്കത്തിക്കു വല്ല നഷ്ടോം വന്നോ? ഞാനെന്റെയപ്പാ പോകുകാണേ"

എന്നുപറഞ്ഞിട്ട് അവൾ വന്നവഴി തിരിച്ചുപോയി. പോകുന്ന പോക്കിൽ അവൾ എന്തോ പിറുപിറുത്തുകൊണ്ടിരുന്നു.

നളിനി പറഞ്ഞു: "അവൾക്കു ശുണ്ഠിവരണം. ആരുടെയെങ്കിലും തലവെട്ടം കണ്ടാൽ മതി എവിടുന്നെന്നറിയാൻമേല, പെണ്ണു മുറ്റത്തുണ്ട്."

എന്യൂമറേറ്റർക്ക് അവിടെയിരിക്കാൻ പേടിയായിത്തുടങ്ങി.

"എന്നിട്ട്- തൊഴിൽ പറഞ്ഞില്ല."

"പറഞ്ഞില്ലേ? ഒരു വീട്ടിലെന്തെല്ലാം ജോലിയുണ്ടോ അതൊക്കെ ഞാൻ ചെയ്യുന്നുണ്ട്."

"ആദായം കിട്ടുന്ന തൊഴിലാണറിയേണ്ടത്."

"ആദായം കിട്ടുന്ന തൊഴിലില്ലെങ്കിൽ നിങ്ങളു വല്ലതും തരുമോ?"

"തരുമോന്നു ചോദിച്ചാൽ-" അയാൾക്കു മുഴുവനാക്കാൻ മടി തോന്നി.

"ചോദിച്ചാൽ തരുമായിരിക്കും, അല്ലേ?"



അയാൾ ചുറ്റുപാടും നോക്കി.

അവൾ പറഞ്ഞു: "വീട്ടിൽ വല്ലോരും വന്നാലൊരു മര്യാദ വേണമല്ലോ."

അയാൾ പെട്ടെന്നു പറഞ്ഞു: "ഞാൻ മര്യാദകേടു വല്ലതും പറഞ്ഞോ?"

"പറഞ്ഞില്ല. ഞാൻ മര്യാദ കാണിച്ചില്ല. മുറുക്കുമെന്നു തോന്നുന്നല്ലോ?" എന്നു പറഞ്ഞ് അവൾ മുറിക്കകത്തേക്കു കയറി. തപ്പിപ്പെറുക്കുന്ന ശബ്ദം അയാൾ ശ്രദ്ധിച്ചു.

അല്പം കഴിഞ്ഞ് അവൾ മുറുക്കാൻ കൊണ്ടുവന്നു. അയാൾ മുറുക്കിൽ ഏർപ്പെട്ടു. അവൾ വീണ്ടും മുറിക്കകത്തു പോയി, മൂന്നു മരപ്പാവകൾ കൊണ്ടുവന്നു. എന്നിട്ട് അവൾ പറഞ്ഞു:

"എന്റെ തൊഴിലിതാണ്. ഇതിലൊന്നുണ്ടാക്കാൻ എനിക്ക് ഒരു ദിവസം മതി."

അയാൾ പാവ വാങ്ങി നോക്കി. ഒരുചാൺ നീളത്തിലുണ്ടാക്കിയ സ്ത്രീരൂപങ്ങൾ. എല്ലാം നന്നായിരിക്കുന്നു. തിളങ്ങുന്ന ചായപ്പണി ചെയ്തത്. കൊഴുത്തുമിനുത്തത്. ഭംഗിയുള്ള അവയവങ്ങൾ. ഉയർന്ന മാറിടം. തടിച്ച ജഘനം. കൃശമായ മധ്യം. അക്ഷാമമായ ചികുരഭാരം. ആകർഷകമായ മന്ദസ്മേരം. ആകപ്പാടെ മാദകമായ സുന്ദരശില്പങ്ങൾ. അയാൾ കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. എന്നിട്ട് അവളെ നോക്കി.

"നാലും ഒന്നുപോലെ! അദ്ഭുതകരം!"



"മൂന്നു കണ്ടാൽ നാലെന്നു തോന്നുന്നതാണ് അദ്ഭുതം!" അവൾ പറഞ്ഞു.
അയാൾ മറുപടി പറഞ്ഞില്ല.

"ഇത് അച്ചിൽ വാർക്കുന്നതാണോ?"

"ഞങ്ങൾ വാർപ്പുപണിക്കാരല്ല."

"കടഞ്ഞെടുത്തതായിരിക്കും. പാലാഴി കടഞ്ഞപ്പോൾ കിട്ടിയ ലക്ഷ്മിയെ പ്പോലിരിക്കുന്നു!"

"പാലാഴി കടയാൻ ഞാൻ കൂടിയില്ല. അതുകൊണ്ട് ഞാൻ ലക്ഷ്മിയെ കണ്ടിട്ടില്ല. എന്റെ തൊഴിൽ എന്തെന്നു കാണിക്കുകയായിരുന്നു. നാലെന്നു പറഞ്ഞതെങ്ങനെയാ?"

"ഈ ജീവനില്ലാത്ത മൂന്നും, ഇതുണ്ടാക്കുന്ന ജീവനുള്ള ഒന്നും, അങ്ങനെ നാല്. ഒരുപോലെയിരിക്കുന്നതാണ് അദ്ഭുതം."

"എന്നു പറഞ്ഞാൽ ജീവനില്ലാത്തതുപോലെ ജീവനുള്ളതും ഇരിക്കുന്നതോ? അതിൽ അദ്ഭുതമൊന്നുമില്ല. എന്റെ തലേലെഴുത്ത്."

അവളുടെ കണ്ണു മിന്നി. വീണ്ടും മുറിയിൽപ്പോയി തിരിച്ചുവന്നപ്പോൾ അവളുടെ മുഖം തുടുത്തിരുന്നു. കൈയിൽ ഒരു പാവയുമുണ്ടായിരുന്നു. അത് അവൾ അയാളുടെ അടുത്തു വച്ചു.

അയാൾ അതെടുത്തു നോക്കി.

"കംസവധത്തിലെ കൃഷ്ണനാണോ ഇത്? അതോ മുന്തിയറപ്പനെ കൃഷ്ണന്റെ വേഷം കെട്ടിച്ചതോ?

ഇതു കുറെ വലുതായിരുന്നെങ്കിൽ, വെള്ളരിവേലിക്കകത്തുകൊണ്ടു വയ്ക്കാമായിരുന്നു, ദൃഷ്ടിദോഷം പറ്റാതിരിക്കാൻ. അല്ലെങ്കിൽ തീരെചെറുതായിരുന്നെങ്കിൽ"-

അവൾ ഇടയ്ക്കുകയറി പറഞ്ഞു:

"അതിങ്ങനെയായിപ്പോയി. പത്തൻപതെണ്ണം ഉണ്ടാക്കിയപ്പോൾ ഈ നിലയിലായി. കൃഷ്ണന്റെ രൂപമുണ്ടാക്കി. കാണുന്നവരൊക്കെ വാങ്ങിച്ചുപോന്നു. മൂന്നും നാലും അണ വില കിട്ടുമായിരുന്നു.

ക്രമേണ വേഷം ശ്രീകൃഷ്ണന്റെയും രൂപം വേറൊരു കൃഷ്ണന്റെയുമായി. വേറൊരു കൃഷ്ണനെന്നു വച്ചാൽ ഒരുകാലത്ത് ഞാൻ ശ്രീകൃഷ്ണനെപ്പോലെ കരുതിപ്പോന്നയാള്. അയാളുടെ കാര്യം ഓർക്കുമ്പോൾ എനിക്കു കലി വരും. പാവയുണ്ടാക്കിക്കഴിയുമ്പോൾ അയാളെപ്പോലെയിരിക്കും. എന്റെ കോപം മുഴുവൻ പാവയുടെ മുഖത്തും. ഒടുവിലൊടുവിൽ ആളുകൾ പാവ മേടിക്കാതെയായി. പിന്നെ ആ പണി നിറുത്തി

വച്ചു. പുരുഷരൂപം ഉണ്ടാക്കേണ്ടെന്നുവച്ചു. ശ്രീപാർവതിയുടെ രൂപമുണ്ടാക്കി നോക്കി, എന്നുവച്ചാൽ ഒരു സ്ത്രീരൂപമുണ്ടാക്കി അതിനു ശ്രീപാർവതിയെന്നു പേരിടും. അല്ലാതെ ഞാൻ പാർവതിയെക്കണ്ടിട്ടോ മറ്റോ ഉണ്ടോ ? പാർവതി തപസ്സു ചെയ്തെന്നും ശിവന്റെകൂടെ നൃത്തംചെയ്തെന്നും ഒക്കെ ഞാൻ കേട്ടിട്ടൊണ്ട്. സിനിമായിൽ കണ്ടിട്ടുമൊണ്ട്. പിന്നെ പാർവതിയും പരമേശ്വരനുംകൂടെ ചിലപ്പോൾ പെണങ്ങാറുണ്ടുപോലും. അതൊക്കെ ഓർത്തുകൊണ്ട് പാവയുണ്ടാക്കിത്തുടങ്ങി. ചിലപ്പോൾ കണ്ണാടിയിൽ നോക്കി പാർവതിയെപ്പോലെ ഞാൻ ഓരോ ഭാവം കാണിച്ച് അതുപോലെ പാവയുണ്ടാക്കും. ഞാൻ പാർവതിയാണെന്നു ഭാവിച്ചുകൊണ്ടാ പണി. ഒടുക്കമൊണ്ടല്ലോ, പാർവതിയൊക്കെ ഒരുപോലെ"-

അവൾ തുടരുന്നതിനുമുമ്പ് അയാൾ പറഞ്ഞു: "നിങ്ങളും പാർവതിയും സമം സമം."

"ഞാനും പാർവതിയുമെങ്ങനെയാ സമം സമം? എന്റെ രൂപമായിപ്പോകുന്നു പാർവതിക്ക്. എനിക്കു നാണമായിത്തുടങ്ങി. എന്റെ രൂപമുണ്ടാക്കി വിറ്റാൽ മേടിക്കാൻ."

അയാൾ ധൃതിയിൽ പറഞ്ഞു: "ധാരാളം ആളുണ്ടാകും."

"ഉണ്ടാകുമെന്നു ഞാൻ കണ്ടതല്ലേ ? മേടിക്കുന്നോരും എന്നെ ആക്ഷേപിക്കും. പാവ ഒന്നാന്തരം. പാവ വിൽക്കുന്നത് രൂപം കാണിച്ച് ആണുങ്ങളെ ആകർഷിക്കാനാണെന്നു ഞാൻ മുൻപേ പറഞ്ഞില്ലേ, കാത്ത - അവളെന്റെ മുഖത്തു നോക്കി പറഞ്ഞു. ഞാനൊരാട്ടു കൊടുത്തിട്ട് അവളുടെ കണ്ണുപൊട്ടിയെന്നാ തോന്നുന്നത്. പിന്നെ എനിക്കു തോന്നി, ഞാൻ കേൾക്കാതെ പറഞ്ഞാൽ ഞാനെങ്ങനെയാട്ടുമെന്ന്. മറ്റൊരുത്തി ഇങ്ങനെ ചെയ്താൽ ഞാനും അവളെ ആക്ഷേപിക്കും."

"അതു നേരായിരിക്കും. എന്നാലും അവരവരുടെ രൂപം ഇത്ര ശരിയായിട്ടുണ്ടാക്കത്തക്ക സാമർഥ്യം അദ്ഭുതകരമാണ്.

അവൾ പറഞ്ഞു: "നിങ്ങളു വെറും മുഖസ്തുതി പറയുകയാണ്. ഒരെണ്ണം ഉണ്ടാക്കിയാൽ പിന്നെ അതുനോക്കി എത്ര വേണമെങ്കിലും ഉണ്ടാക്കരുതോ ? കണ്ണാടിയിൽ നോക്കി കാണുന്നതുപോലെ ആദ്യമൊന്നുണ്ടാക്കണം. അതത്ര വലിയ കാര്യമൊന്നുമല്ല."

"അതു നേരാ."

"ഞാനെന്തു പറഞ്ഞാലും നേരാണെന്നു പറയുന്നോരായിരുന്നു ഈ അയൽപക്കത്തുള്ളവർ മിക്കവരും. അവരെയൊക്കെ പേടിയായിരുന്നു എനിക്ക്."

"ഇപ്പോൾ പേടിയില്ലായിരിക്കുമല്ലോ എന്നെ ?"

"ഇപ്പോൾ എനിക്കാരേം പേടിയില്ല. ഞാനല്ലാതെ ആരെങ്കിലും ഉണ്ടെന്നുതന്നെ എനിക്കു വിചാരമില്ല."

"കലകളിൽ പ്രവർത്തിക്കുന്ന പലരും അങ്ങനെയുള്ളവരാണ്."

അവൾ മുറിക്കകത്തുപോയി തിരിച്ചുവരുന്നതിനിടയ്ക്ക് "അതിന്റെ പേരാണ് അഹന്ത" എന്ന് അയാൾ ഒച്ചയടക്കി പറഞ്ഞു.

അവൾ നാലു രൂപങ്ങൾകൂടി അയാളുടെ മുമ്പിൽ വച്ചു. കരുണം, രൗദ്രം, അദ്ഭുതം, ശൃംഗാരം ഇവയുടെ ഉച്ചാവസ്ഥയെ കാണിക്കുന്ന അവളുടെതന്നെ രൂപങ്ങൾ.

"ഇത് അതിവിശേഷമാണെന്നു പറഞ്ഞാൽ മുഖസ്തുതിക്കാരനെന്ന് എന്നെ ആക്ഷേപിക്കുമോ ?"

"അങ്ങനെ പറയാതിരിക്കാം. അതിവിശേഷമാണെന്നു സാറെന്തിനാ പറയുന്നത് ? ഇതൊന്നും ഇപ്പോൾ വിൽക്കാറില്ല. പകൽ ഉറങ്ങാതിരിക്കാൻ ചെയ്യുന്ന പണിയാണ്. എന്നെങ്കിലും ഒരിക്കൽ ഇതിനാവശ്യമുണ്ടാകും. എന്നെക്കാണാത്തവരുടെ കൈയിൽ ചെല്ലുമ്പോൾ ഇതു തേവിടിച്ചിയുടെ പരസ്യമാണെന്നു പറഞ്ഞ് അവർ ആക്ഷേപിക്കയില്ലെന്ന് എനിക്കറിയാം."

"ഒരു തൊഴിൽ അറിയാം. നല്ലപോലെ ചെയ്യാം. അതിൽനിന്ന് ആദായം കിട്ടാൻ മാർഗമില്ലെന്നു വരുന്നതു കഷ്ടമാണേ ! നിങ്ങളെന്തിനാ അപവാദത്തെ ഭയപ്പെടുന്നത്? ആളുകൾ എന്തെങ്കിലും പറയട്ടെ. ഒരു പാവയ്ക്ക് ഒരുരൂപാ ഏതു പൊട്ടക്കണ്ണനും തരും. നിങ്ങളുടെ ആവശ്യങ്ങൾ പരാശ്രയം കൂടാതെ നടക്കും. തൊഴിൽ, ശില്പവൃത്തി എന്നെഴുതാൻ പോവുകയാണ്."

അയാൾ എഴുതി, പിന്നെയും എന്തൊക്കെയോ കുറിച്ചു. അവളുടെ ആങ്ങളയുടെ വിവരങ്ങൾ ചോദിച്ചെഴുതി. അതിനിടയിൽ അവൾ ഒരു പാവയൊഴിച്ച് എല്ലാം മുറിക്കകത്തു കൊണ്ടുചെന്നു വച്ചു. ഒന്ന് അവൾ കൈയിൽ വച്ചിരുന്നു.

അയാൾ ഒന്നുകൂടി മുറുക്കി: "പാവയൊന്നും വിൽക്കുകയില്ലെന്നാണോ പറഞ്ഞത് ?"

"ഞാനിതു തിന്നാറില്ല. അടുപ്പിലിടാറുമില്ല."

"ഇനി വളരെയുണ്ടോ കൈവശം ?"

"ജനസംഖ്യയിൽപ്പെട്ടതാണോ ആ ചോദിച്ചതും ?"

"എന്നാൽ ചെല്ലട്ടെ. ഭർത്താവു പിണങ്ങി..."

അവൾ ഇടയ്ക്കു കയറിപ്പറഞ്ഞു: "അക്കാര്യം പറഞ്ഞുകഴിഞ്ഞില്ലേ? വഴിക്കാരോടൊക്കെ ഭർത്താവിന്റെ കാര്യം ഇതിലധികം പറയാനൊക്കുമോ? അയാളൊരു മൃഗമാ! കള്ളു കുടിക്കും; പിന്നെ പേപ്പട്ടിയെപ്പോലെയാ. വഴിയിൽ കാണുന്നോരുടെ നേരെ മെക്കിട്ടു കേറും. എന്നിട്ടടികൊള്ളും കള്ളെറങ്ങുന്നതുവരെ, എന്നുവച്ചാൽ നേരം വെളുക്കുന്നതുവരെ കിടപ്പ് പൊലീസ് സ്റ്റേഷനിൽ. ഒരു ദിവസം രണ്ടുമൂന്നു നാഴിക ഇരുട്ടിയപ്പം

ഹേഡ്ഡങ്ങുന്ന് ഒരു പോലീസുകാരനെ പറഞ്ഞയച്ചിരിക്കുന്നു, ഞാൻ ചെന്ന് പണിക്കനെ ജാമ്യത്തിലെറക്കിക്കൊണ്ടു പോരാൻ. നേരം വെളുത്തിട്ട് എറങ്ങിയാമതിയെന്നു ഞാൻ. പണിക്കനില്ലാത്തപ്പം വീട്ടിൽ വല്ലോരും കേറി അക്രമം കാണിച്ചാൽ അർജീം കൊണ്ടു വന്നേക്കരുതെന്നങ്ങേര്. അക്രമത്തിനു വല്ലോരും വന്നാൽ എന്റെ തലേണ്ണച്ചൊവുട്ടിൽ വീതുളിയാ ഒള്ളതെന്നു ഞാൻ. അങ്ങേരങ്ങു പോയി. രണ്ടു നാഴികകൂടി കഴിഞ്ഞപ്പോൾ ആമ്പറന്നോൻ ആടിയാടി വന്നുകേറി. ഞാനൊന്നും ചോദിക്കാനും പറയാനും പോയില്ല. നേരം വെളുത്തപ്പോൾ ഞാൻ പറഞ്ഞു: 'ഞാൻ വീട്ടിലൊന്നു പോകുകാണ്.' 'എന്തിനാ പോണെ' എന്നയാള്. 'ഇവിടെ താമസിച്ചാൽ ഞാൻ വല്ലോരേം വീതുളി കൊണ്ടു കൊന്നേക്കും. അതുകൊണ്ടു പോകുകാ'ന്നു ഞാൻ പറഞ്ഞു. 'എന്റെ കൈ അന്നേരം പുളി പറിക്കാൻ പോകുകേം മറ്റുമില്ലെന്ന് ' ആ മൃഗം എടുത്തവാക്കിൽ പറഞ്ഞു. 'ഈ മൃഗത്തിന്റെ കൂടെ പാർക്കാൻ ഞാനില്ലെ'ന്നു പറഞ്ഞേച്ചു ഞാൻ റോഡിൽ വന്നു ബസ്സു കേറിയിങ്ങു പോന്നു. പിന്നേയൊണ്ടു പറയാനറയ്ക്കുന്ന കഥകൾ."

അവൾ നിറുത്തിയപ്പോൾ അയാൾ എഴുന്നേറ്റു.

"ഇതു വേണമെങ്കിലിരിക്കട്ടെ." എന്നു പറഞ്ഞ് അവൾ പ്രതിമ നീട്ടി.

അയാൾ സന്തോഷപൂർവം വാങ്ങിനോക്കി. രൗദ്രഭാവത്തിലുള്ള അവളുടെ പ്രതിമ.

അതുകണ്ട് അയാളുടെ മുഖത്തെ പ്രസാദം മങ്ങി. എങ്കിലും നന്ദിപറഞ്ഞിട്ട് അയാൾ ഒരു കടലാസുകഷണം അവിടെ വച്ചിട്ടു പറഞ്ഞു. "ഇതു നോക്കൂ."

അവൾ നോക്കി. അവളുടെ രൂപം അയാൾ വരച്ചിരിക്കുന്നു! അവൾ ശ്രദ്ധിച്ചു നോക്കി.

"ഈ പറഞ്ഞിരുന്നനേരത്ത് ഇതു വരച്ചത് അദ്ഭുതംതന്നെ. ആ പ്രതിമ ഇങ്ങു തന്നേക്കൂ." എന്നു പറഞ്ഞിട്ട് അവൾ അകത്തുപോയി പാർവതി തപസ്സു ചെയ്യുന്ന അല്പം വലിയ ഒരു പ്രതിമ കൊണ്ടുവന്ന് ആ ചിത്രകാരനു സമ്മാനിച്ചു. അയാൾ അത് ആനന്ദവും നന്ദിയും സ്ഫുരിക്കുന്ന ഭാവത്തോടെ വാങ്ങി.

"എന്നാൽ ചെല്ലൂ," എന്നു പറഞ്ഞ് അവൾ മുറ്റത്തേക്കിറങ്ങി. അയാൾ അടുത്ത വീട്ടിലേക്കു നടന്നു. അയാളുടെ ഹൃദയത്തിൽ, വീണക്കമ്പി മീട്ടിയാലുണ്ടാകുന്ന നാദം പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

**മരപ്പാവകൾ** **കാരൂർ നീലകണ്ഠപ്പിള്ള**

- അപ്രതീക്ഷിതമായി കണ്ടുമുട്ടുന്ന രണ്ടു പേർക്കിടയിൽ ആത്മബന്ധം രൂപപ്പെടുന്നതിന്റെ കഥ വികസിക്കുന്നത് നർമ്മസുന്ദരമായ സംഭാഷണങ്ങളിലൂടെയാണ്. അത്തരത്തിലുള്ള സംഭാഷണസന്ദർഭങ്ങൾ കഥയിൽനിന്ന് കണ്ടെത്തി എഴുതുക.

- "പ്രശ്നങ്ങളിലും പ്രതിസന്ധികളിലും ഉലയുമ്പോഴും ജീവിതത്തെ സമചിത്തതയോടെയും പ്രതീക്ഷയോടെയും നോക്കിക്കാണുന്ന മനുഷ്യരുടെ പ്രതിനിധിയാണ് നളിനി" - വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയ്യാറാക്കുക.

- സ്വത്വം വില്പനച്ചരക്കാക്കുന്നുവെന്ന അപവാദഭയമാണ് പാവകൾ വിൽക്കുന്നതിൽനിന്നും നളിനിയെ പിന്തിരിപ്പിക്കുന്നത്. 'കലാരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ പാനൽചർച്ച നടത്തുക.

- തൊഴിൽനൈപുണിയും വിദ്യാഭ്യാസയോഗ്യതയും ഉണ്ടായിട്ടും വീട്ടമ്മമാരായി കഴിയേണ്ടി വരുന്ന സ്ത്രീകൾ സമൂഹത്തിലുണ്ടോ? കാരണമെന്താവാം? നിങ്ങളുടെ പ്രദേശത്തെ വീടുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുക. ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് ഒരു പ്രബന്ധം തയ്യാറാക്കുക.

- — മുറ്റത്തു ചെന്നുനിന്ന എന്യൂമറേറ്റർ
  — എന്യൂമറേറ്റർ മുറ്റത്തു ചെന്നുനിന്നു.

  ഈ വാക്യങ്ങളിലെ ക്രിയാപദങ്ങൾ ഏവ? അവ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക. ഇത്തരത്തിലുള്ള കൂടുതൽ ക്രിയാപദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക.




# ഇൻ തണ്ടർ ലൈറ്റ്നിങ് ആൻഡ് റെയ്ൻ

## *(In Thunder Lightning and Rain)*

**മലയാളം / 2019 (30 മിനിറ്റ്)**

**തിരക്കഥ, സംവിധാനം : രാജേഷ് ജെയിംസ്**

*'ഇൻ തണ്ടർ ലൈറ്റ്നിങ് ആൻഡ് റെയ്ൻ' എന്ന ഡോക്യുമെന്ററി വെല്ലുവിളികളെ മറികടന്ന മൂന്ന് സ്ത്രീകളുടെ ജീവിതങ്ങൾ ചിത്രീകരിച്ചിരിക്കുന്നു. അതിജീവനത്തിന്റെ നേർസാക്ഷ്യമാണ് ഇത്.*

## തണ്ടർ



ഞാനൊരു ഇന്ത്യൻ വുമൺ ഫുട്ബോളർ ആണെന്ന് പറയുമ്പൊ പലരും അതിശയത്തോടെ ചോദിക്കും.

വുമൺ ഫുട്ബോളറോ?

പെണ്ണുങ്ങൾ ഫുട്ബോൾ കളിക്കുമോ?

അതെങ്ങനെയാ സ്ത്രീകൾ ഫുട്ബോൾ കളിക്കുന്നെ?

അങ്ങനെ പല സ്ഥലത്തുനിന്ന് പല രീതിയിൽ ചോദിച്ചിട്ടുണ്ട്.

പെണ്ണുങ്ങൾക്ക് അങ്ങനെ ഫുട്ബോൾ കളിക്കാൻ പറ്റുമോ?

ഇപ്പഴും പെണ്ണുങ്ങൾ ഫുട്ബോൾ കളിക്കുമോ എന്ന ചോദ്യങ്ങളെ സ്ഥിരം അഭിമുഖീകരിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ..

ഞാനിങ്ങനെ പെൺകുട്ടികൾക്ക് പ്രാക്ടീസ് കൊടുക്കുന്നുണ്ടെന്ന് പറയുമ്പൊ, പെൺകുട്ടികൾക്കാണോ പ്രാക്ടീസ് കൊടുക്കണേന്ന് ആളുകൾ ചോദിക്കും..

അപ്പോൾ  ഓട്ടോമാറ്റിക്കലി ഞാൻ പറയും, ആൺകുട്ടികൾക്കും പ്രാക്ടീസ് കൊടുക്കുന്ന കോച്ചാന്ന് പറയുമ്പൊ പറയണത് :

“യ്യോ! ആൺപിള്ളേർക്ക് പ്രാക്ടീസ് കൊടുക്കാനുള്ള കപ്പാസിറ്റിയൊക്കെ ഉണ്ടോ?”

**സി. വി. സീന (വനിതാ ഫുട്ബോൾ കോച്ച്)**

## ലൈറ്റ്നിങ്



“ഞാനിപ്പൊരു പത്ത് മൂവായിരത്തിച്ചില്വാനം ശവശരീരങ്ങൾ ദഹിപ്പിച്ചിട്ടുണ്ട്.
അങ്ങനെ പേടിയൊന്നും ഉണ്ടായിട്ടില്ല, എനിക്ക്.
എന്നോട് എല്ലാരും ചോദിക്കും പേടിയില്ലേ, പേടിയില്ലേന്ന്..
മരിപ്പൊക്കെ വരുമ്പോൾ രാത്രി 3:00 മണി വരെ ഇവിടെ ഒറ്റയ്ക്ക് നിന്നാണ് എല്ലാം ചെയ്തിട്ടുള്ളത്.
മൂന്നുമണി കഴിഞ്ഞാണ് ഞാൻ ഇവിടെ നിന്ന് പോകാറ്... പത്ത്, പതിനൊന്ന് മണിക്ക് ബോഡി വന്നാല് കത്തിത്തീരുമ്പോൾ വെളുപ്പിന് 3:00 മണി 2:00 മണി ഒക്കെ ആവും.”

**സെലീന മൈക്കിൾ (ശവസംസ്കാരജോലി ചെയ്യുന്ന വ്യക്തി)**



## റെയ്ൻ

എപ്പോഴെങ്കിലും ജീവിതത്തിൽ, 'ഞാനൊരു പുരുഷനാ'യിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചിട്ടുണ്ടോ? പുരുഷനായിരുന്നെങ്കില് എന്തായിരുന്നു എന്നൊരു ആഗ്രഹം എപ്പൊ വരുമെന്ന് അറിയാമോ?

കൂടുതൽ നമ്മളെ ശാസിക്കുകയും നമ്മളെ കൂടുതലവര് കുറ്റപ്പെടുത്തുകയും ഒക്കെ ചെയ്യുമ്പോൾ ഞാനങ്ങനെ പറഞ്ഞിട്ടുണ്ട് കേട്ടോ.

'എന്റെ ദൈവമേ ! ഞാൻ ഒരാണായിരുന്നെങ്കിൽ നിങ്ങളെ എന്റെ അടിമയായി നിർത്തിയേനെ.' അങ്ങനെ ഞാൻ പറഞ്ഞിട്ടുണ്ട്. എനിക്ക് 4000 രൂപ വരെ; മീൻ പിടിക്കാൻ പോയ എനിക്ക് കിട്ടിയിട്ടുണ്ട്. അന്നേരം ആ മീൻപിടിച്ച കാശെല്ലാം വീട്ടിൽ കൊണ്ടുവന്നു കൊടുക്കുമ്പൊ ഓ! നീയേ ഒള്ളോ ഒരു പണിക്കാരത്തി.

ഞങ്ങടെ വീട്ടിൽ എല്ലാരും പണിയുന്നതിനേക്കാൾ കൂടുതൽ കാശാ ഞാൻ കൊണ്ടുവരുന്നേ..

എന്നാലും ആ മനുഷ്യൻ എന്നാന്നറിയുവോ?

10000 രൂപയുടെ പണിചെയ്തു കൊണ്ടുവന്നാലും ഭർത്താവിന്റെ കീഴിലേ നിൽക്കാവുള്ളൂ. ആ അധികാരമാണ് അയാൾക്ക് വരുന്നത്. അപ്പോഴാണ് എനിക്കങ്ങനൊരു സംഭവം തോന്നിയത്.

**അമ്മിണിയമ്മ (മത്സ്യത്തൊഴിലാളി)**

- വ്യത്യസ്തമേഖലകളിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ത്രീകളുടെ ജീവിതമാണല്ലോ ഡോക്യുമെന്ററിയിൽ അവതരിപ്പിക്കുന്നത്. ഇവരുടെ ജീവിതം നൽകുന്ന സന്ദേശമെന്ത്? പ്രതികരണങ്ങൾ അവതരിപ്പിക്കുക.
- ഡോക്യുമെന്ററിയുടെ ആദ്യ ഭാഗത്തുള്ള കാർണിവൽ ദൃശ്യം ആഖ്യാനത്തിൽ എത്രമാത്രം പ്രസക്തമാണ്? ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ഡോക്യുമെന്ററിയിൽ അവതരിപ്പിക്കുന്ന മൂന്ന് സ്ത്രീകളുടെയും ജീവിതത്തെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ഫീച്ചർ തയ്യാറാക്കുക.
- പ്രമേയം, ദൃശ്യതലം, ശബ്ദതലം എന്നിവയെ മുൻനിർത്തി ഇൻ തണ്ടർ ലൈറ്റ്നിങ് ആൻഡ് റെയ്ൻ എന്ന ഡോക്യുമെന്ററിക്ക് വിലയിരുത്തൽക്കുറിപ്പ് തയ്യാറാക്കുക.
- ഇൻ തണ്ടർ ലൈറ്റ്നിങ് ആൻഡ് റെയ്ൻ എന്നപേര് ഈ ചിത്രത്തിന് എത്രമാത്രം യോജിക്കുന്നു? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.
- ഇടി, മിന്നൽ, മഴ എന്നിവയ്ക്ക് ചിത്രത്തിൽ പ്രതീകാത്മകമായ അർഥങ്ങൾ ലഭിക്കുന്നുണ്ടോ? അഭിപ്രായം വിശദമാക്കുക.

## ഡോക്യുമെന്ററി

കാഴ്ചയുടെ ചരിത്രത്തിലെ സുപ്രധാനമായ ഒരു ഏടാണ് ഡോക്യുമെന്ററികൾ. പൊതുവേ, കഥേതരചിത്രങ്ങളെയാണ് ഡോക്യുമെന്ററി എന്ന് വിവക്ഷിക്കാറുള്ളത്. യഥാർഥ സംഭവങ്ങൾ, കാര്യങ്ങൾ, വ്യക്തികൾ എന്നിവയെക്കുറിച്ചൊക്കെയുള്ള ചിത്രീകരണങ്ങളാണ് ഡോക്യുമെന്ററികൾ. കഥാചിത്രങ്ങളായ കൊമേഴ്സ്യൽ സിനിമകൾക്കു ലഭിച്ച ജനപ്രീതി ഡോക്യുമെന്ററികൾക്ക് നേടിയെടുക്കാനായില്ല. ഫീച്ചർ ഫിലിമുകൾ നമ്മുടെ സ്വപ്നങ്ങളെ ആവിഷ്കരിക്കുന്നവയാണെങ്കിൽ ഡോക്യുമെന്ററികൾ നമ്മുടെ ബൗദ്ധികവും ഭാവനാത്മകവുമായ ഉൾക്കാഴ്ചകളാകുന്നു.

നാമെന്താണോ കാണുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുന്നത് അതിന്റെ ഒരു വിസ്തരിക്കലാണവ. കാലത്തെയും ലോകത്തെയും മനസ്സുകൊണ്ടും ഇന്ദ്രിയങ്ങൾ കൊണ്ടും ഒരു പുതിയ മാർഗത്തിലൂടെ അനുഭവിക്കാനുള്ള തൃഷ്ണ വളർത്തുകയാണ് ഡോക്യുമെന്ററിയുടെ ദൗത്യം.

ഡോക്യുമെന്ററിയുടെ ലക്ഷ്യം, ഉദ്ദേശ്യം, മൂല്യം എന്നിവ എന്തെന്ന് വ്യക്തമായി നിർവചിക്കപ്പെട്ടിട്ടുണ്ട്. വസ്തുതകളെയും യാഥാർഥ്യങ്ങളെയും കൃത്യമായും സത്യസന്ധമായും ചിത്രീകരിക്കുക, പുതിയ അറിവും വിവരവും പകർന്നുനൽകുക, കാഴ്ചയുടെയും ചിന്തയുടെയും രീതികളിൽ പരിവർത്തനം വരുത്തുക എന്നിവയാണ് ലക്ഷ്യം. ജനങ്ങൾ എങ്ങനെ ജീവിക്കുകയും തമ്മിലിടപെടുകയും ചെയ്യുന്നു എന്നതിനെ ആധികാരികമായി പ്രതിനിധീകരിക്കുക, അജ്ഞാതമായ പരിതസ്ഥിതികളെയും സംസ്കാരങ്ങളെയും കണ്ടെത്തി അവതരിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യം.

**ഡോക്യുമെന്ററിയും ഫിലിംസ് ഡിവിഷനും** — **ഡോ. തോമസ് സ്കറിയ**

- ഫീച്ചർസിനിമയും ഡോക്യുമെന്ററിയും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.
- മികവും വൈവിധ്യവുമുള്ള ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും ഉൾപ്പെടുത്തി ചലച്ചിത്രോത്സവം സംഘടിപ്പിക്കുക.
- യാഥാർഥ്യങ്ങളെ കലാത്മകമായി ആവിഷ്കരിക്കുകയാണല്ലോ ആധാരചിത്രങ്ങളുടെ (ഡോക്യുമെന്ററി) ലക്ഷ്യം. സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങൾ തിരഞ്ഞെടുത്ത് ആധാരചിത്രങ്ങൾ നിർമ്മിക്കുക.

# വിശപ്പ്



ഇരുട്ടു നിറഞ്ഞതായിരുന്നു കാലം. പേടി മാത്രം നൽകിയിരുന്ന സമുദായം. അച്ഛൻ അയ്യപ്പൻ, അമ്മ ചെറോണ. അവർ നിരക്ഷരരായിരുന്നു. എച്ചിലെടുത്തും അത് തിന്നുമാണ് ജീവിതം. അച്ഛൻ കന്നുപൂട്ടാൻ പോകും. കടുത്ത ദാരിദ്ര്യവും അടിച്ചമർത്തപ്പെട്ട ജാതിയും. ഒന്നു മറ്റൊന്നിനെ ഊട്ടിവളർത്തി.

മലബാറിൽ പട്ടാമ്പിക്കടുത്ത് വാടാനംകുറിശ്ശിയിലാണ് വീട്. വീടെന്ന് പറഞ്ഞുകൂടാ. ചാളയാണ്. ഒരു മണ്ണെണ്ണവിളക്കുണ്ട്. ഞാൻ പുസ്തകം വായിക്കാൻ തുടങ്ങുമ്പോൾ വിളക്ക് അമ്മ അടുക്കളയിലേക്കു കൊണ്ടുപോകും. അപ്പോൾ, എന്നിലേക്ക് ഇരുട്ട് അരിച്ചിറങ്ങാൻ തുടങ്ങും. ലോകം ഒരു ഇരുട്ടായി എന്നെ ചുറ്റിവരിയും.

വയറുകാളാൻ തുടങ്ങുമ്പോൾ ജന്മിമാരുടെ വീടുകളിലേക്കു പോകും. അവിടെ കഞ്ഞി പാത്രത്തിൽ തരില്ല. മുറ്റത്തുപോലുമല്ല, തൊടിയിൽ മണ്ണു കുഴിച്ച്, ഇലയിട്ട് ഒഴിച്ചുതരും.

പതിന്നാലു വയസ്സുള്ളപ്പോഴാണ്, വീടിനടുത്തുള്ള ഒരു ജന്മിയുടെ വീട്ടിൽ കഞ്ഞിക്കു ചെന്നു. മണ്ണിൽ കുഴിച്ച് കഞ്ഞിയൊഴിച്ചു തന്നു. അവിടെ ഭയങ്കരനായ ഒരു പട്ടിയുണ്ടായിരുന്നു. എന്നോടൊപ്പം അവനോടും ചെന്നു കുടിക്കാൻ പറഞ്ഞു വീട്ടുകാർ. കുഴിയുടെ അടുത്തേക്കു കുരച്ചെത്തിയ പട്ടി കഞ്ഞികുടിക്കാനുള്ള ആർത്തിയിൽ എന്നെ കടിച്ചുമാറ്റി.

തിരിഞ്ഞുനോക്കുമ്പോൾ, ഒരു മനുഷ്യനും പട്ടിയും തമ്മിലുള്ള ബന്ധമായിരുന്നില്ല അത്, രണ്ടു പട്ടികളുമായുള്ള ബന്ധമായിരുന്നു. രണ്ടു പട്ടികൾ കഞ്ഞിക്കുവേണ്ടി മത്സരിക്കുന്നു. പട്ടി കടിച്ച മുറിവിൽനിന്നു ചോര വന്നപ്പോൾ ദേഷ്യമല്ല തോന്നിയത്, എന്റെ അവസ്ഥയിലുണ്ടായിരുന്ന മറ്റൊരു ജീവി എന്ന അനുതാപം മാത്രം.

ഞങ്ങളുടെ സമുദായത്തിന്റെ ജോലി ഓലക്കുട ഉണ്ടാക്കലായിരുന്നു. ഉയർന്ന ജാതിക്കാരുടെ വീട്ടിൽ സദ്യയോ അടിയന്തിരമോ ഉണ്ടാകുമ്പോൾ വാഴയില മുറിച്ചുകൊടുക്കുന്നത് ഞങ്ങളാണ്. സദ്യ കഴിഞ്ഞ എച്ചിലും ഞങ്ങളാണെടുക്കുക. ഞാനൊക്കെ എച്ചിൽ വലിയ ആർത്തിയോടെയാണ് എടുക്കുക, കളയാനല്ല; കഴിക്കാൻ. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് ചില സഹപാഠികളുടെ വീട്ടിൽ സദ്യയുണ്ടാകും. അവർ കാൺകെ എച്ചിലിനായി മത്സരിക്കുന്നതും അത് ആർത്തിയോടെ കഴിക്കുന്നതും അപകർഷതാബോധമുണ്ടാക്കിയിരുന്നു.

എങ്കിലും എല്ലാ ലജ്ജകളെയും ശമിപ്പിക്കുന്നതായിരുന്നു വിശപ്പിന്റെ കാളൽ. ആത്മാഭിമാനമല്ല, എന്തിനെയും ആ വേവൽ വെണ്ണീറാക്കുമായിരുന്നു.



പുസ്തകവും സ്ലേറ്റും ഷർട്ടുമില്ലാത്ത ഞാൻ സ്കൂളിൽ പോയിരുന്നത് പഠിക്കാനല്ല, ഒരു മണിവരെയിരുന്നാൽ ചില ദിവസങ്ങളിൽ ഉച്ചയ്ക്ക് കഞ്ഞി കിട്ടും. അത് കുടിക്കാനായിരുന്നു. സ്കൂളിൽ പോകുമ്പോൾ ഒരു പിഞ്ഞാണം മാത്രമാണ് കൈയിലുണ്ടാകുക.

അന്ന് ഹൈസ്കൂൾ ക്ലാസുകളിൽ ഉച്ചക്കഞ്ഞിയില്ല. നാട്ടിലെ ആരെങ്കിലും വിശേഷാവസരങ്ങളിൽ സ്കൂളിൽ കഞ്ഞി വിതരണം ചെയ്യും. ഞങ്ങൾ അതും കാത്തിരിക്കും. കഞ്ഞിയില്ലാത്ത ദിവസങ്ങളിൽ ഉച്ചയ്ക്ക് ഏട്ടൻ മാങ്ങ അരിഞ്ഞുകൊണ്ടുവരും. അത് തിന്ന് പച്ചവെള്ളവും കുടിച്ച് ക്ലാസിൽ പോയിരിക്കും.

എൽ.പി. വിദ്യാർഥികൾക്ക് അന്ന് സർക്കാർ വക ഉപ്പുമാവുണ്ട്. ഉപ്പുമാവുണ്ടാക്കുന്നത് ലക്ഷ്മിയേടത്തിയാണ്. അവർ ഒരു കടലാസുകഷണത്തിൽ ഉപ്പുമാവ് പൊതിഞ്ഞ് ഇറയത്ത് എനിക്കായി ഒളിച്ചുവയ്ക്കും. ഞാനത് എടുത്തുകൊണ്ടുപോയി മൂത്രപ്പുരയിലിരുന്ന് കഴിക്കും. കാരണം, ഹൈസ്കൂൾ

വിദ്യാർഥിയായ ഞാൻ ഉപ്പുമാവ് കഴിക്കുന്നത് ആരെങ്കിലും കണ്ടാൽ, ലക്ഷ്മിയേടത്തിയുടെ പണി പോകും.

വാടാനംകുറിശ്ശിയിലെ സ്കൂളിനെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് ആദ്യം ഓർമ്മ വരുന്നത് അധ്യാപകരെയും ക്ലാസ്മുറികളെയുമല്ല, ലക്ഷ്മിയേടത്തിയെയാണ്. അവർ ഉപ്പുമാവ് തന്നില്ലായിരുന്നുവെങ്കിൽ എനിക്ക് ക്ലാസിലിരിക്കാൻ കഴിയുമായിരുന്നില്ല. എം.എ.യ്ക്ക് ഒന്നാം റാങ്ക് കിട്ടിയപ്പോൾ അവർ പറഞ്ഞു:

"എടാ, എന്റെ ഉപ്പുമാവ് തിന്നു പഠിച്ചിട്ടാണ് നിനക്കു റാങ്ക് കിട്ടിയത്." അതൊരു വലിയ യാഥാർഥ്യമായിരുന്നു. ഭക്ഷണമായിരുന്നു അന്നത്തെ ഏറ്റവും പ്രധാന പ്രശ്നം. ഈയൊരു മാനസികാവസ്ഥയിൽനിന്നു കരകയറണമെങ്കിൽ സാമ്പത്തിക സ്വാതന്ത്ര്യം വേണം. സാമ്പത്തിക പരാശ്രിതത്വമുള്ള ഒരാളെ സമൂഹത്തിന് പല നിലയ്ക്കും ബന്ധിക്കാൻ കഴിയും. നിരക്ഷരരായ, പട്ടിണി കിടക്കുന്ന അയ്യപ്പനും ചെറോണയും മകനെ സ്കൂളിലേക്കയച്ചത് ഭക്ഷണത്തിനുവേണ്ടിയായിരുന്നു. എനിക്കും അന്ന് ഭക്ഷണം തന്നെയായിരുന്നു വലിയ പ്രശ്നം.

**എതിര്** — **എം. കുഞ്ഞാമൻ**

- ⏩ കുഞ്ഞാമന്റെ ജീവിതാനുഭവങ്ങളിൽനിന്ന് ഏറെ മുന്നോട്ടുപോകാൻ ആധുനിക കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. അത്തരം മുന്നേറ്റത്തിലേക്ക് നയിച്ച സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങൾ വിശകലനം ചെയ്ത് ലേഖനം തയ്യാറാക്കുക.
- ⏩ ജീവിതത്തിൽ വലിയ ഉയരങ്ങൾ കീഴടക്കാൻ കഴിയുന്നവർ എത്രയോ പേരുണ്ട്. നിങ്ങളുടെ ചുറ്റുപാടുകളിൽനിന്ന് അത്തരം വ്യക്തികളെ കണ്ടെത്തി അഭിമുഖം നടത്തുക.
- ⏩ കുഞ്ഞാമന്റെ ബാല്യകാലത്തിലെ തീക്ഷ്ണമായ അനുഭവം പരിചയപ്പെട്ടല്ലോ. നിങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവം എഴുതുക. അവ ചേർത്ത് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക.

## ആത്മകഥ

അയിരൂർ സ്വരൂപത്തിന്റെ
അടിമകളെന്റെ പൂർവികർ.
അച്ഛന്റെ അച്ഛനും ചേട്ടനും
തെങ്ങുകയറ്റക്കാർ.

അച്ഛാച്ഛന്റെ ബ്ലാക്ക് & വൈറ്റ്
മരണചിത്രം
കണ്ടതോർമ്മയിലുണ്ട്.
താവഴി നെടുമ്പുള്ളി
മനക്കാരുടെ നോട്ടക്കാർ.
നോക്കെത്താത്ത പറമ്പുകൾ,
അതിലൊന്നിൽ
കിളിക്കൂടുപോൽ അമ്മവീട്.

മാമന്മാർ മീൻപിടുത്തക്കാർ,
സ്വന്തക്കാരും ബന്ധുക്കാരുമേറെ,
എന്നിട്ടും ജനിച്ചന്നേ

ഞാനൊരേകാകി
ആരെയും കൂസാതെ
തലചെരിച്ച് നടപ്പ്.

പൂർവികം കടന്ന്
അച്ഛനണിഞ്ഞ
പട്ടാള യൂണിഫോം
കണ്ണുതുറന്നപ്പളേ
ഉള്ളിൽത്തറഞ്ഞു.

കാലം പോകെ
പ്രായം പോകെ
വലംകാലിൽ തളപ്പും
ഇടങ്കാലിൽ ബൂട്ടുമായി
ബാലൻസ് ചെയ്തു നീങ്ങും
ഒരപൂർവ ജീവിയായി ഞാൻ;
പാതിയടിമ, പാതിയോദ്ധാവ്.

**ഒക്ടോബറിന്റെ പാട്ടുകാരൻ** — **കെ. കെ. ശിവദാസ്**



- വലംകാലിൽ തളപ്പും
  ഇടങ്കാലിൽ ബൂട്ടുമായി
  ബാലൻസ് ചെയ്തു നീങ്ങും
  ഒരപൂർവ ജീവിയായി ഞാൻ;

  കാവ്യഭാഗം അവതരിപ്പിക്കുന്ന സ്വത്വസംഘർഷം ചർച്ചചെയ്യുക.
- ആത്മകഥ എന്ന കവിത പങ്കുവയ്ക്കുന്ന ജീവിതാവസ്ഥകളെ മറികടന്ന് അസമത്വങ്ങളില്ലാത്ത ഒരു സമൂഹത്തെ എങ്ങനെ യാഥാർഥ്യമാക്കാം? സംവാദം സംഘടിപ്പിക്കുക.

യൂണിറ്റ്

# 2

# ഭാഷയും സൗന്ദര്യവും



കുന്നിൻപുറത്തിന്റെ പ്രകൃതി നിറവുറ്റതായിരുന്നു. മരങ്ങൾ, പച്ചത്തഴപ്പുകൾ, പക്ഷികൾ, പാപ്പാത്തികൾ, മരങ്ങളിൽനിന്ന് മരങ്ങളിലേക്ക് വല കെട്ടിയ എട്ടുകാലികൾ. പുല്ലിൽ നിറയെ പുല്ലിന്റെ പൂക്കൾ, സൂക്ഷ്മങ്ങളായ സൂര്യകുസുമങ്ങൾ, നീലനിറത്തിലുള്ള കൃഷ്ണ കാന്തികൾ. ചെടികളില്ലാത്തേടത്ത് വെടിപ്പുള്ള ചെങ്കൽപ്പാറകളും പുൽമേടുകളുടെ കൊച്ചുവിസ്തൃതികളും. മഴ പെയ്തുകഴിഞ്ഞാൽ പുൽക്കുണ്ടുകൾ തെളിനീരു കെട്ടി ചെറിയ കുളങ്ങളായിത്തീരും. വറ്റാതെയും ചേറു പിടിയ്ക്കാതെയും അവ മാസങ്ങളോളം നിന്നെന്നുവരും. അവയിൽ കുടിയേറി നീന്തിക്കളിച്ച പച്ചത്തവളകൾ വെള്ളത്തിന്റെ ചിൽത്തട്ടിന്ന് തൊട്ടു താഴെ പാറിക്കിടക്കുമ്പോൾ അവയുടെ തൊലിപ്പുറത്ത് പറ്റിനിന്ന വായുവിന്റെ കുമിള കൾ മാണിക്യങ്ങളെപ്പോലെ തിളങ്ങി. കുന്നിൻപുറത്തെച്ചുറ്റി താഴ്‌വരകളും വീണ്ടും കുന്നു കളുമാണ്. വീടിന്റെ വരാന്തയിലിരുന്നുകൊണ്ടു നോക്കിയാൽ ചെക്കുന്നുമലയുടെ സാത്വിക മുഖമാണ് നേരെ കാണുക. ആ മുഖവും നോക്കി ഞാൻ എന്റെ ആലസ്യത്തിൽ മുഴുകി.

**ഇതിഹാസത്തിന്റെ ഇതിഹാസം** — **ഒ. വി. വിജയൻ**

⏩ ഈ ഗദ്യഭാഗത്തിന് സവിശേഷഭംഗി നൽകുന്ന ഘടകങ്ങൾ എന്തെല്ലാം? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

# എന്റെ രാഷ്ട്രീയം



എന്റെ രാഷ്ട്രീയം
ഒരു വിത്തിൽനിന്ന് നേരിട്ടു കിളിർക്കുന്നു,
ഇരുമ്പയിരിൽനിന്ന് ഉലയിലേക്കും
ആയുധത്തിലേക്കും പടരുന്നു,
ഒരു മുട്ടയുടെ മഞ്ഞക്കരുവിൽനിന്ന്
വെളിച്ചത്തിന്റെ അരാജകത്വത്തിലേക്ക് കൊക്കെടുക്കുന്നു.
എന്റെ മോതിരവിരൽ
നൂറു മോതിരത്തിന്റെ വധുവായൊരു ഞാഞ്ഞൂളാകുന്നു-

മണ്ണിന്നടിയിൽ അതിനു വഴിയറിയാം.
എന്റെ രാഷ്ട്രീയം ഒരു വിവാഹമാകുന്നു.
ആത്മാവും വിശപ്പും തമ്മിലുള്ള വിവാഹം.
എല്ലാ ജീവജാലങ്ങളെയും കൂട്ടി ഘടിപ്പിച്ചുണ്ടാക്കിയ
ഒരൊറ്റ ജീവിയാകുന്നു ഞാൻ.
മഴയത്ത് വളപ്പിലെയും വയലിലെയും
മാളങ്ങൾ നിറയുമ്പോൾ
മെത്തയിൽ ഞാൻ തിരിഞ്ഞുകിടക്കുന്നു,
തീൻമേശയിലെത്തുന്ന ഓരോ മുട്ടയപ്പത്തിലും ഞാൻ പൊരിയുന്നു,
ഓരോ പാമ്പും എന്റെ ദീർഘോച്ഛ്വാസമാകുന്നു,
ഓരോ ചെന്നായയും എന്റെ വിശപ്പാകുന്നു,
കാട്ടിൽ കൊല്ലപ്പെടുന്ന ഓരോ പോരാളിയിലും
പ്രകൃതിപോലെ ഞാൻ നിറയുന്നു,
ഓരോ കാരാഗൃഹവും എന്റെ ദുശ്ചരിതമാകുന്നു,
ഓരോ മനുഷ്യനും എന്റെ മുഷ്ടിയാകുന്നു,
ഓരോ മൗനവും എന്റെ മരണമാകുന്നു;
എന്റെ രാഷ്ട്രീയം ഭൗമികമാകുന്നു—
എല്ലാ രാഷ്ട്രങ്ങളും കൊഴിഞ്ഞാലും
ഒരൊറ്റ പുഴുവിന്റെ അവകാശത്തിനുവേണ്ടി
അതു തുടർന്നുകൊണ്ടിരിക്കും...

**മേതിൽ കവിതകൾ** **മേതിൽ രാധാകൃഷ്ണൻ**

⏩ കവിത വിശകലനം ചെയ്ത്, താഴെക്കൊടുത്തിരിക്കുന്ന പ്രയോഗങ്ങളുടെ ആശയതലം കണ്ടെത്തുക.

- വിത്തിൽനിന്ന് നേരിട്ട് കിളിർക്കുന്ന രാഷ്ട്രീയം
- എന്റെ മോതിരവിരൽ നൂറു മോതിരത്തിന്റെ വധുവായൊരു ഞാഞ്ഞൂളാകുന്നു.
- ഓരോ മുട്ടയപ്പത്തിലും ഞാൻ പൊരിയുന്നു.
- ഓരോ ചെന്നായയും എന്റെ വിശപ്പാകുന്നു.
-
-

- 'എല്ലാ ജീവജാലങ്ങളെയും കൂട്ടി ഘടിപ്പിച്ചുണ്ടാക്കിയ ഒരൊറ്റ ജീവിയാകുന്നു ഞാൻ.' – കവിതയിലെ ആശയങ്ങൾ കൂടി പരിഗണിച്ച് ഈ വരികളിലൂടെ കവി അവതരിപ്പിക്കുന്ന ദർശനമെന്ത്? അഭിപ്രായങ്ങൾ അവതരിപ്പിക്കുക.

- 'മനുഷ്യരുടെ മാത്രമല്ല, സർവചരാചരങ്ങളുടെയും സുസ്ഥിതി ആഗ്രഹിക്കുന്ന താവണം പരിസ്ഥിതിബോധം'. - ഈ പ്രസ്താവനയുടെ പ്രസക്തി വിശകലനം ചെയ്ത് മുഖപ്രസംഗം തയ്യാറാക്കുക.

- 'എന്റെ രാഷ്ട്രീയം ഭൗമികമാവുന്നു'. - ഭൗമികം എന്ന പദം വിശദീകരിച്ച് കവിതയിൽ ആ പദം പ്രയോഗിച്ചതിന്റെ ഔചിത്യം വ്യക്തമാക്കുക. സമാനമായ കൂടുതൽ പദങ്ങൾ കണ്ടെത്തുക.

  ഉദാ : ലൗകികം

- "ഞാൻ പുഴുക്കളെ വിരൽ തൊട്ട് എടുക്കും. അത് എന്റെ കൈയിൽ എടുക്കും. അത് എന്റെ കൈയിൽ ഊർന്നുകയറുമ്പോൾ ചെറിയകുഞ്ഞ് കൈനീട്ടി വന്നു തഴുകുന്ന തുപോലെ തോന്നും. ചിലപ്പോൾ പുഴുവിനെ പൊക്കിയെടുത്ത് എന്റെ മുഖത്തിന്റെ മുന്നിൽ കൊണ്ടുവന്ന് അതിന്റെ കണ്ണുകളിലേക്കു സൂക്ഷിച്ചുനോക്കും. ഭക്ഷണമ ല്ലാതെ മറ്റൊന്നും നോക്കാൻ കഴിവില്ലാത്ത കണ്ണുകൾ. ആ ഒറ്റപ്പുഴുവിന് എന്നെ നോക്കാനാവില്ല. പക്ഷേ, വിരാട്‌രൂപനായ പുഴുവിന് എന്നെ നോക്കാൻ കഴിയും. ഞാൻ അതിനെ നോക്കി പുഞ്ചിരിക്കും. ചിലപ്പോൾ നീ എന്നെയും തിന്നുമായി രിക്കും. ഇവിടെയുള്ള എല്ലാം നിനക്കു ഭക്ഷണമാണ്. എന്റെ ഉണ്ണിയല്ലേ, എന്റെ ചെല്ലക്കുട്ടിയല്ലേ എന്ന് കൊഞ്ചണമെന്ന് തോന്നും. ഉമ്മവയ്ക്കണമെന്നു തോന്നും."

  **ആനഡോക്ടർ** **ജയമോഹൻ**

  ഭൂമിയിലെ സകലജീവജാതികൾക്കും പ്രസക്തിയും സൗന്ദര്യവുമുണ്ടെന്ന ആശയത്തെ മുകളിൽ തന്നിട്ടുള്ള നോവൽഭാഗവും എന്റെ രാഷ്ട്രീയം എന്ന കവിതയും പങ്കുവയ്ക്കുന്നുണ്ടോ? വിശകലനം ചെയ്യുക.



# വേണുഗാനം

ആനായർകോൻ തന്റെ ഗാനത്തെക്കേട്ടപ്പൊ-
ളാനന്ദം പൂണ്ടങ്ങു മീനങ്ങളും
മെല്ലെക്കരയേറി നല്ലൊരു വാൽ മിന്നി-
ച്ചെല്ലത്തുടങ്ങീതമ്മുന്നിലപ്പോൾ
മാൺപെഴുന്നു ചില മാൻപേടകളെല്ലാം
ചാമ്പിമയങ്ങിന കണ്മിഴിയും
ഒട്ടൊട്ടു ചിമ്മിക്കൊണ്ടിഷ്ടത്തിലമ്പോടു
വട്ടത്തിൽ മേവിതേ പെട്ടെന്നപ്പോൾ
മന്ഥരമായൊരു കന്ധരം തന്നെയും
മന്ദം നുറുങ്ങു തിരിച്ചുയർത്തി
ചില്ലികളാലൊന്നു മെല്ലെന്നുയർത്തീട്ടു
വല്ലവീവല്ലഭൻതന്നെ നോക്കി.
കർണ്ണങ്ങളാലൊന്നു തിണ്ണം കുലമ്പിച്ചു
കർണ്ണം കുഴൽക്കു കൊടുത്തു ചെമ്മെ.
വായ്ക്കൊണ്ട പുല്ലെല്ലാം പാതി ചവച്ചങ്ങു
വായ്ക്കുന്ന മെയ്യിലൊഴുക്കിനിന്നു.
കൈതവമറ്റുതാൻ കൈതുടർന്നൂ ചിലർ
പൈതങ്ങളേയും മറന്നു ചെമ്മെ.
ചിത്രത്തിൽ ചേർത്തു ചമച്ചകണക്കെയ-
ന്നിശ്ചലമായൊരു മെയ്യുമായി
തേനുറ്റ ഗാനത്തെക്കേട്ടുതുടങ്ങീത-
ങ്ങാനന്ദബാഷ്പമൊഴുക്കി മെല്ലെ.

കൃഷ്ണഗാഥ — ചെറുശ്ശേരി

| | | |
|---|---|---|
| ചാമ്പിമയങ്ങിന | - | ചെറുതായി അടച്ച് മയങ്ങുന്ന |
| ചാമ്പുക | - | അല്പം അടയുക |
| മാൺപെഴുന്ന | - | ഭംഗിയുള്ള |
| മന്ഥരം | - | തടിച്ച |
| കന്ധരം | - | കഴുത്ത് |
| തിണ്ണം | - | വേഗത്തിൽ |
| കുലമ്പിച്ചു | - | കൂർപ്പിച്ചു |

- വാക്കുകൾകൊണ്ട് നിർമ്മിക്കുന്ന ഭാവലോകത്തെ മുൻനിർത്തി കാവ്യഭാഗത്തിന് ആസ്വാദനം തയ്യാറാക്കുക.
- കൃഷ്ണഗാഥയുടെ താളഭംഗി പ്രസിദ്ധമാണല്ലോ. കവിതകൾ ഭാവവും താളവും ഉൾക്കൊണ്ട് അവതരിപ്പിക്കുമ്പോൾ അവ കൂടുതൽ ആസ്വാദ്യമാകാറുണ്ട്. മലയാളത്തിലെ ശ്രദ്ധേയമായ കവിതകൾ കണ്ടെത്തി കവിതയരങ്ങ് സംഘടിപ്പിക്കുക.

# കവിതയുടെ ഭാവലോകം



മാനവമാനസഭാവങ്ങളാണ് ലോകത്തിൽ ഏതു ഭാഷയിലെ സാഹിത്യത്തിന്റെയും അടിസ്ഥാന ഘടകം. കവിതയെന്ന സാഹിത്യരൂപത്തിൽ, വിശേഷിച്ചും ഭാവകവിതയിൽ അത് കേന്ദ്രബിന്ദുവും വൃത്തപരിധിയുമെല്ലാമാണ്. നാടകീയത അഥവാ ഇന്ദ്രിയപ്രത്യക്ഷതയാണ് കവിതയ്ക്കു ചൈതന്യമുളവാക്കുന്നതെന്നു വാദിക്കുകയും ജീവൻ വയ്പിക്കുകയെന്ന ആ പ്രക്രിയ മാനുഷകഥാപാത്രങ്ങളിലൂടെ മാത്രമേ സാക്ഷാത്കരിക്കാനാവൂ എന്ന് നിദർശനങ്ങളിലൂടെ സമർഥിക്കുകയും ചെയ്തുവരുന്നുണ്ട്. (നാടകാന്തം കവിത്വം – മുണ്ടശ്ശേരി) ലോകത്തിലെ ഏതു ഭാഷയിലും പ്രാചീനകാലത്തെ കവിതയിൽ മാനുഷകഥകളും കഥാപാത്രങ്ങളും ഏറെക്കുറെ അനിവാര്യഘടകമായിരുന്നു. ഇന്ത്യയിലെ പ്രാചീനതമവേദ മന്ത്രങ്ങളിൽ പ്രകൃതിയിലെ പ്രതിഭാസങ്ങളും മാനുഷേതരസത്തകളും വർണ്യമാവുന്ന പല സന്ദർഭങ്ങളിലും അവയ്ക്കു മാനുഷാകാരങ്ങൾ സങ്കല്പിക്കുന്നതായിക്കാണാം. ഉഷസ്സ്, മേഘം, മഴ, സന്ധ്യ, ഇടിവെട്ട്, മിന്നൽ, തേജോഗോളങ്ങൾ മുതലായവ വർണ്യങ്ങളായ പല സന്ദർഭങ്ങളിലും അവയ്ക്കു ദേവതകളുടെ ആത്മാവും മാനവരുടെ ആകാരവും അവ ഉൾപ്പെട്ട പ്രതിഭാസങ്ങൾക്ക് മാനവജീവിതത്തിലെ സംഭവങ്ങളുടെ സ്വരൂപവും നൽകുന്നതു കാണാം.

ഇതിഹാസ-പുരാണഘട്ടങ്ങളിലേക്കു കടക്കുന്നതോടെ കഥാപാത്രങ്ങളും കഥകളുമില്ലാത്ത കേവല ഭാവാത്മകരചനകൾ വിരളമായി. പിൽക്കാലത്ത് നാടകം, ആഖ്യായിക, കഥ എന്നിവ ലോകത്തെങ്ങും ഗദ്യത്തിലൂടെ അവതീർണ്ണമായിത്തുടങ്ങിയപ്പോൾ കവിത കേവല ഭാവാത്മകമാവാൻ തുടങ്ങി. ഭാഗികമായി വൃത്തബദ്ധമോ വൃത്തഗന്ധിയോ നിർവൃത്തമോ ആയ ഗദ്യം കവിതയുടെ രൂപഘടനയ്ക്കു ചേരും എന്ന സങ്കല്പവും ലോകവ്യാപകമായി അംഗീകരിക്കപ്പെട്ടു. മറ്റു ഭാരങ്ങളോരോന്നോരോന്നായി കവിതയിൽനിന്ന് അകന്നുപോയതോടെ കവിതയുടെ 'ഭാരം' ഭാവമൊന്നു മാത്രമായി. ആ ഭാരത്തിന്റെ അഭാവത്തിൽ വാങ്മയം കവിതയായി പരക്കെ അംഗീകരിക്കപ്പെടാതെയുമായി.

അഞ്ച് ഇന്ദ്രിയങ്ങളിലൂടെയും മാനസസങ്കല്പങ്ങളിലൂടെയും നമുക്ക് പ്രപഞ്ചപ്രകൃതിയെ സംബന്ധിച്ചുള്ള അനുഭവങ്ങൾ നേടാം. അനുഭവങ്ങൾ മാനസഭാവങ്ങളെ ഉന്മീലനം ചെയ്യുന്നു. ഉദിച്ചുയരുന്ന ചന്ദ്രബിംബത്തെ നേത്രേന്ദ്രിയംകൊണ്ടു കാണുന്നു. അദ്ഭുത ഹർഷാദികൾ കലർന്ന നിസ്വാർഥമായ ആനന്ദം മനസ്സിൽ ഉണരുന്നു. ഭാവോത്തേജകമല്ലാത്ത 'അറിവു'കൾ മാത്രം ഇന്ദ്രിയങ്ങളിലൂടെ ഉൾക്കൊള്ളുകയും ഭാവസ്പർശമേതുമില്ലാതെ അവയെ കേവല വസ്തുനിഷ്ഠമായി ഭാഷയിലൂടെ വെളിപ്പെടുത്തുകയും മാത്രമാണെങ്കിൽ ആ വാങ്മയത്തെ കവിത എന്നു വ്യവഹരിക്കാറില്ല. ഭാഷ വസ്തുമാത്രനിഷ്ഠമെങ്കിൽ ആശയ നിവേദകവും ഭാവോത്തേജനാത്മകമെങ്കിൽ വികാരനിവേദകവും (motive - emotive) ആണ്. കുഞ്ഞ് മുലപ്പാൽ കുടിച്ചു എന്നത് ആശയനിവേദകമാണ്.

'മാതൃത്വമാധുര്യം തിങ്ങിത്തുടിക്കുമെൻ
മാറിൽ നിന്നിച്ചോരിവായിലേക്കായ്
സേവനോൽക്കണ്ഠയാൽ ശുദ്ധീഭവിച്ചമ-
ജ്ജീവരക്തം താനുറന്നൊഴുകി'

എന്നു പറഞ്ഞാലും കുട്ടിക്കു മുല കൊടുത്തു എന്നുതന്നെയാണർഥം. ആ അർഥം മാത്രം അല്ല അതിലുള്ളത്. ചില ഭാവങ്ങൾ അതിൽനിന്ന് ഉറന്നൊഴുകുന്നു. ഈ ഭാഷ emotive (വികാരോദ്ദീപകം) ആണ്. ഇത് കവിതയാണ്. വികാരവൈദ്യുതി ആധാനം ചെയ്ത വാക്കുകൾ കവിതയോടടുക്കുന്നു.

കേവലം ലൗകികമായ വികാരങ്ങൾ മാത്രമുണ്ടായാലും പോരാ, കവിതയാവാൻ. 'എന്റെ മോന് അമ്മിഞ്ഞ കുടിച്ചു തൃപ്തിയായി; നോക്കൂ അവന്റെ ചിരി' എന്നൊരമ്മ പറയുമ്പോഴും, 'പാവം. നേരത്തു മുലപ്പാൽ കിട്ടാതെ എന്റെ മോൻ തളർന്നുപോയി' എന്ന് കുഞ്ഞിനെ മുലയൂട്ടാൻ പോലും നേരം കിട്ടാതെ പാടുപെട്ടു പണിയെടുക്കേണ്ടിവരുന്ന ഒരമ്മ പറയുമ്പോഴും വാക്കുകളിൽ വികാരം തുളുമ്പുന്നുണ്ട്. ഇപ്രകാരം ലോകസാമാന്യമായ വികാരം മാത്രം പ്രകടിപ്പിക്കുമ്പോൾ ഇത്തരം വാക്കുകളെ കവിതയെന്നു വിശേഷിപ്പിക്കാറില്ല. ഭാവവും ഭാഷയിൽ ചില വൈചിത്ര്യങ്ങളും ഒത്തുചേരണം കവിതയാവാൻ. ഭാവസ്പർശമേയില്ലാത്ത

ഭാഷാവൈചിത്ര്യങ്ങളെ കവിതയായിക്കണക്കാക്കുന്നില്ലെന്ന അർഥത്തിലാണ് കവിതയുടെ അടിസ്ഥാനഘടകം മാനവമാനസഭാവങ്ങളാണെന്നു പറഞ്ഞത്. മാനവമാനസഭാവങ്ങളുടെ മാധ്യമങ്ങൾ എല്ലായ്പ്പോഴും മാനവമാവണമെന്നില്ല. പുല്ലിനും പൂഷാവിനും അവയ്ക്കിടയിലുള്ള ഏതു വസ്തുവിനും മാധ്യമമാവാൻ കഴിയും. അപ്പോൾ അവ ഏതെങ്കിലും വിധത്തിൽ മാനവപ്രാതിനിധ്യം വഹിക്കുന്നുമുണ്ടാവും. 'അകലെ വടക്കെ മലയുടെ പാർശ്വത്തിൽ മഞ്ഞുടയാട പൂണ്ട ഒരു ഫർമരം പൂർവദേശങ്ങളിലൊന്നിലെ ചുട്ടുപഴുത്ത പാറക്കൂട്ടങ്ങൾക്കിടക്ക് ഏകനും മൂകനുമായി അഴൽപ്പെടുന്ന ഒരു പനമരത്തെ സ്വപ്നം കാണുന്നു' എന്ന് ഒരു കൊച്ചു കവിതയിൽ ജർമ്മൻ കവിയായ ഹെയ്നെ വർണ്ണിക്കുന്നു. അതിനെ ഒരു ഭാവകവിത എന്നു വിശേഷിപ്പിക്കുന്നത്, പ്രണയാതുരതയെന്ന മാനവമാനസഭാവം ആ പ്രതീകങ്ങളിലൂടെ പ്രസരിക്കുന്നതുകൊണ്ടാണ്. വൃക്ഷങ്ങൾ തമ്മിൽ പ്രണയം പോലും! എന്തൊരസംബന്ധം! എന്തൊരു അത്യുക്തി! എന്നൊന്നും കവിതയ്ക്കുവേണ്ടി തുറന്നുവച്ച കാതും കരളുമുള്ളവർ പറയാറില്ല.

'കയ്പക്ക'യെന്ന തിക്തഫലംകൊണ്ട് ഉപ്പേരിവച്ചാലുള്ള രുചിയെപ്പറ്റിപ്പറയുകയോ വിപണിയിൽ അതിന്നുള്ള മൂല്യം വിവരിക്കുകയോ പ്രമേഹത്തിന്നിരയായവർക്ക് അത് ഹിതാഹാരമാണെന്നു പ്രതിപാദിക്കയോ ചെയ്യുന്നുവെന്നിരിക്കട്ടെ. വൈചാരികമായ ആ പ്രതിപാദനത്തിൽ കവിതാസ്പർശമുണ്ടാവില്ല. എന്നാൽ, വേലിമേൽ പടർന്നുനില്ക്കുന്ന കയ്പവല്ലരിയിലുണ്ടായ ഇളംകായ്കളെ 'പീയുഷഡംഭത്തെയും ഭേദിച്ചമ്പൊടു കയ്പവല്ലി തരസാപെറ്റുള്ള പൈതങ്ങളേ' എന്ന് ഒരാൾ അഭിസംബോധന ചെയ്യുമ്പോൾ, അതാ, ആ കയ്പക്കപ്പൈതങ്ങളിൽ നക്ഷത്രോദയമുണ്ടാകുന്നു! കവിതയുടെ നക്ഷത്രം. എങ്ങനെയാണിതുളവാകുന്നത്? 'പെറ്റുള്ള' എന്നും 'പൈതങ്ങൾ' എന്നുമുള്ള പദപ്രയോഗങ്ങളാണ് ഈ മാജിക് സാക്ഷാത്കരിക്കുന്നത്. മനുഷ്യചൈതന്യം അചേതന വസ്തുക്കളിലേക്ക് ഊതിക്കയറ്റുന്ന ഇന്ദ്രജാലവിദ്യ. അപ്പോൾ വാക്കുകളിൽ മാനവവികാരത്തിന്റെ വൈദ്യുതി പായുന്നു. 'words charged with emotions' എന്ന് ഈ കവിതാതത്വത്തെ ആധുനികതയുടെ ഭാഷയിൽ ചിലർ നിർവചിച്ചിട്ടുണ്ട്. കയ്പവല്ലിയിൽ ഒരമ്മയും ഇളംകായ്കളിൽ മനുഷ്യപ്പൈതങ്ങളും പ്രത്യക്ഷപ്പെടുന്നു. ആ രൂപണത്തിലൂടെ ഭാവം 'ഇന്ദ്രിയപ്രത്യക്ഷ'മാവുന്നു. ഈ ശ്ലോകപാദത്തിൽ 'തരസാ' പോലുള്ള അനുപേക്ഷണീയമല്ലാത്ത പദങ്ങളുണ്ട്. എങ്കിലും നിരർഥക പദപ്രയോഗം വലിയൊരു 'ദോഷ'മാണെന്ന് ഇത് വിരചിതമായ കാലഘട്ടത്തിൽ കവികൾ നിനയ്ക്കാറില്ലായിരുന്നു. ഈ ദോഷം പരിഹരിച്ചുകൊണ്ട് 'കയ്പവല്ലിയിൽ വിളഞ്ഞുള്ളോരിളം കായ്കളേ!' എന്നൊന്നു മാറ്റിയാൽ കവിത കൂടുതൽ നന്നാകുമോ? 'വിളയുക', 'ഇളം' മുതലായ ശബ്ദങ്ങളുടെ കളകളംകൊണ്ടും ഈ വാക്യത്തിൽ കവിത ഉയിർക്കുന്നില്ല എന്നും തിരിച്ചറിവുള്ളവർ കാണും. ശബ്ദഭംഗി കൊണ്ടു മാത്രം കവിതയുണ്ടാക്കാവതല്ല. മാനസഭാവം വാക്കുകളിൽ തുടിക്കണം. അതാണ് രഹസ്യം. 'ക്രിസ്തുദേവൻ പച്ചവെള്ളത്തെ വീഞ്ഞാക്കി' എന്നു മൊഴിഞ്ഞാൽ ജാലവിദ്യക്കാരന്റെ ചെയ്തി വിവരിക്കുംപോലുള്ള ഒരു പ്രതിപാദനം മാത്രമാണത്. തന്റെ സ്രഷ്ടാവിനെ ദർശിച്ച

പ്പോൾ അംബുവിന്റെ മുഖം തുടുത്തു (Water blushed) എന്നു വിവരിച്ചപ്പോൾ അതിനെ കവിത തുളുമ്പുന്ന കാവ്യബിംബമെന്ന് ലോകം വാഴ്ത്തി. Blushed എന്ന പദത്തിന്റെ അർഥശക്തി യാലാണത്. അതോടെ അരുണസുന്ദരമായ ഒരു തരുണീമുഖം ഇന്ദ്രിയപ്രത്യക്ഷമാകുന്ന തിനാൽ. വാക്കുകളുടെ ഇന്നിന്നതരത്തിലുള്ള ചേരുവകൊണ്ട് ആ ഊർജസ്ഫുലിംഗം സൃഷ്ടിക്കാം എന്നു നിർദേശിക്കുന്ന ഒരു ഫോർമുല ഇല്ല. ഉണ്ടായിരുന്നെങ്കിൽ, ഔഷധങ്ങ ളുണ്ടാക്കും പോലെ ആർക്കും കവിത രചിക്കാൻ കഴിയുമായിരുന്നു. കവിതയും (കലാരൂപ ങ്ങളും) അങ്ങനെ ഉണ്ടാക്കാവതല്ല. അവ ഉണ്ടാവണം. മനസ്സിൽ 'ഉണ്ടായ' രൂപമേ കല്ലിലോ മരത്തിലോ ഉണ്ടാക്കാനാവൂ. ഉള്ളിൽ 'ഉളവായ' കവിതയേ വാക്കുകളിൽ ഉയിർക്കൊള്ളി ക്കാനാവൂ.

**ബാലാമണിയമ്മയുടെ കവിതാലോകങ്ങൾ** **ഡോ. എം. ലീലാവതി**

| | | |
|---|---|---|
| ഉന്മീലനം | - | കണ്ണുതുറക്കൽ |
| ആധാനം | - | ഉൾക്കൊള്ളൽ |
| പൂഷാവ് | - | സൂര്യൻ |

- ലേഖനത്തിലെ പ്രധാനാശയങ്ങൾ ക്രമപ്പെടുത്തി എഴുതുക.

- ചളിപ്പാടത്തു താരങ്ങൾ
പിടിതാളു പെറുക്കവേ,
അലക്കിത്തേച്ച കുപ്പായ-
മിട്ടുലാത്തുന്നു വെണ്മുകിൽ;

**സൗന്ദര്യപൂജ** **പി. കുഞ്ഞിരാമൻ നായർ**

പ്രകൃതിയിൽ മാനവമാനസഭാവങ്ങൾ കണ്ടെത്തുന്നവരാണ് കവികൾ എന്ന് മനസ്സി ലാക്കിയല്ലോ. കാവ്യഭാഗത്തെ അടിസ്ഥാനമാക്കി ഇക്കാര്യം വിശദീകരിക്കുക. കൂടുതൽ കാവ്യഭാഗങ്ങൾ കണ്ടെത്തുക.

- നിശ്ചിതമായ വാക്കുകൾ ചേർത്താൽ മികച്ച ഒരു കവിത രചിക്കാം എന്നൊരു ഫോർമുല തയ്യാറാക്കാൻ സാധ്യമല്ല എന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? വിശദീകരിക്കുക.

- കവിത ആശയങ്ങൾക്കൊപ്പം അനുഭൂതികളെയും സൃഷ്ടിക്കുന്നു. താഴെക്കൊടുത്ത കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**എന്തും വരട്ടെ**

ഏഴേഴു മാമലയ്ക്കൊക്കെയും മോളിൽ
ഏഴിലമ്പാലകൾ പൂത്തുപൂത്താടി.
പാലപ്പൂ ചിന്നിയ മാമലച്ചോട്ടിൽ
തേനൊലിപ്പൂഞ്ചോല മെയ്യുലഞ്ഞാടി.
ചോലയ്ക്കും പൂവിന്നും കിക്കിളികൂട്ടി
കാനനപ്പൂന്തുമ്പി തന്നനം പാടി.

ഗാനവും പൂക്കളും നീയുമീ ഞാനും
ഈ മണൽത്തിട്ടിൽ വന്നൊന്നിച്ചുകൂടി.
നാളെയീ മാമല പൊട്ടിയാലെന്തേ?
നാളെയിപ്പൂഞ്ചോല വറ്റിയാലെന്തേ?
നമ്മൾക്കു നമ്മളായീ മണൽത്തട്ടിൽ
ഇന്ദ്രനും ചന്ദ്രനും നാണമാം മട്ടിൽ
എന്തിനെന്നില്ലാതെ കണ്ണോടു കണ്ണാൽ
വിണ്ടലസ്വപ്നങ്ങൾ നെയ്യുന്നു നമ്മൾ.

**ജി. കുമാരപിള്ളയുടെ കവിതകൾ** **ജി. കുമാരപിള്ള**

**നിഴൽചന്ദ്രൻ**

ഒരു നൂറു പെണ്ണുങ്ങൾ
നിരനിരയായന്തിയിൽ
കലശത്തിൽജലവും
നിറച്ചു പോകെ
അവരുടെ നടപോലെ
കുംഭത്തിലിളകുന്ന
വെള്ളത്തിൽ ചന്ദ്രൻ
തുളുമ്പിടുന്നു.
ഓരോകുടത്തിലും
ഓരോരോ ചന്ദ്രന്മാർ
അവരുടെ ഹൃദയംപോ -
ലിളകിയാടി.
ഒരു ചന്ദ്രനിത്രയും
ചെറുമൺകുടങ്ങളിൽ
എത്രയോ നിഴലിക്കാ-
നായിടുന്നു.
ഒരുവേള കലശങ്ങ-
ളെല്ലാമുടഞ്ഞാലും
നിഴലിക്കും ആകാശ
ചന്ദ്രബിംബം.

**നീലധാര** **ശാന്തൻ**

⏩

- ഇതിഹാസത്തിലെ പുരുഷന്മാർ - ഇതിഹാസപുരുഷന്മാർ
- രൂപത്തിന്റെ ഘടന - രൂപഘടന

ഇത്തരത്തിൽ പദങ്ങളെ ചേർത്തെഴുമ്പോൾ ഭാഷയിൽ വരുന്ന മാറ്റം എന്ത്? ചർച്ചചെയ്യുക. പാഠഭാഗത്തുനിന്ന് കൂടുതൽ സമസ്തപദങ്ങൾ കണ്ടെത്തി വിഗ്രഹിച്ചെഴുതുക.

# മറിയം

ഒരുപാടുകാലം മുമ്പാണത്. കൃത്യമായി പറഞ്ഞാൽ അറുപത്തഞ്ചു വർഷങ്ങൾക്കപ്പുറം ഞാൻ പതിവുള്ള നടത്തത്തിനിറങ്ങിയതായിരുന്നു. സൂര്യൻ ഉദിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. ശിശിരകാലം കഴിഞ്ഞുപോയിട്ടും അന്തരീക്ഷത്തിൽ അപ്പോഴും വെളുത്ത മഞ്ഞുപൊടികൾ ഓർമ്മത്തെറ്റുപോലെ വിളറിക്കിടന്നു.

ക്ഷീണിച്ച ആ നാട്ടുപാതയിൽ എന്നോടൊപ്പം പലരും ഉണ്ടായിരുന്നു. തൊഴിലിനു പോകാനിറങ്ങിയവർ, കച്ചവടക്കാർ, കുട്ടകളിൽ മുള്ളങ്കിയും തർക്കാരിയുമായി ചന്തയിലെത്തിയ സ്ത്രീകൾ.

ഉറക്കമെണീറ്റതിന്റെ ക്ഷീണവും പ്രസരിപ്പും മിക്കവരുടെയും മുഖങ്ങളിൽ മാറിമാറി മിന്നി. പതിവായി കാണുന്ന ചിലർ എന്നോട് പരിചയഭാവത്തിൽ ചിരിച്ചു. വിചിത്ര വേഷത്തിലുള്ള ഈ പയ്യനേതാണ് എന്ന മട്ടിൽ ചിലർ എന്നെ കൗതുകത്തോടെ നോക്കി.

ആ സമയത്ത് എന്റെ മനസ്സിൽ എടുത്തു പറയത്തക്കതായി ഒന്നുമില്ലായിരുന്നു. സ്കൂൾ ഹോസ്റ്റലിലെ എന്റെ പഴയ മുറി, അതിന്റെ ജാലകങ്ങളിൽ പരന്നുകിടന്നിരുന്ന



പുരാതനമായ പൂപ്പ്, പപ്പയ്ക്ക് ഈ ഗ്രാമത്തിലേക്കു സ്ഥലം മാറ്റമായി വരുന്നതിനു മുമ്പ് ഞാൻ പഠിച്ചിരുന്ന പട്ടണത്തിലെ കോളേജ്, അവിടെ വിട്ടുപോന്ന ഇരുപതാം വയസ്സിന്റെ കൗതുകങ്ങൾ... അങ്ങനെ പരസ്പരബന്ധമില്ലാത്തതും അപ്രധാനവുമായ എന്തൊക്കെയോ മനസ്സിന്റെ മേൽത്തട്ടിലൂടെ തൊട്ടുംതൊടാതെയും തെന്നിത്തെറിച്ചു പോകുന്നുണ്ടായിരുന്നു, അത്രമാത്രം.

അപ്പോഴാണ് വഴിയോരത്ത് പതുങ്ങിനിന്നിരുന്ന ഒരു കുറിയ കാട്ടുചെടി എന്റെ കാലിലുടക്കിയത്. ഒരു നിമിത്തംപോലെ എന്നെ കാത്തുനിന്ന അതിന്റെ പാവം രൂപത്തെ പിന്നീട് പല തവണ ഞാനോർക്കുകയുണ്ടായി. അന്ന്, കാലുറയിലൂടെ തുളഞ്ഞ് ഉള്ളിൽ കോറിയ കുഞ്ഞുമുള്ളിന്റെ അസ്വാരസ്യം കുടഞ്ഞുകളയാനായി ഞാൻ മുന്നിൽ കണ്ട മരബെഞ്ചിലിരുന്നു. അല്പം മുമ്പ് വേറാരോ ഇരുന്നിരുന്നതുകൊണ്ടാവാം, ബെഞ്ചിന് ഇളംചൂടുണ്ടായിരുന്നു. കുറച്ചുനേരത്തെ വിശ്രമത്തിനുശേഷം എഴുന്നേൽക്കാനൊരുങ്ങവെ കാട്ടുമരങ്ങളുടെ ഇടയിൽനിന്നും പഴയൊരു കുതിരവണ്ടി ഓടിവന്നു. പ്രഭാതത്തിന്റെ തണുപ്പൻകാറ്റിൽ വണ്ടിയുടെ ജാലകമറ ഒരു ഭീമൻപക്ഷിയായി ചിറകിട്ടടിച്ചുകൊണ്ടിരുന്നു. മുന്നോട്ട് കാൽവയ്ക്കുന്നതിന്റെ ഇടയിൽ, എന്തിനായിരുന്നു എന്ന് ഇന്നും മനസ്സിലാവാത്ത ഒരു വെമ്പലോടെ ഞാൻ വണ്ടിക്കു നേർക്ക് തലപൊക്കി നോക്കി. വണ്ടിയിൽ ഞാൻ അവരെ കണ്ടു.

കുതിരവണ്ടിയുടെ ചെറിയ ജാലകപ്പടിയിൽ ഒരു കൈ താഴ്ത്തിയിട്ട്, മറ്റേക്കൈയിൽ മുഖം താങ്ങി ഇരിക്കുകയായിരുന്നു അവർ. അവർക്ക് കാഴ്ചയിൽ മുപ്പത്തഞ്ചോ മുപ്പത്താറോ വയസ്സു തോന്നിച്ചു. പത്തുപതിനൊന്നു വയസ്സായ ഒരു പെൺകുട്ടിയും മുഖം വ്യക്തമല്ലാത്ത ഒരു പുരുഷനും അവർക്കൊപ്പം വണ്ടിയിലുണ്ടായിരുന്നു.

കൊടുംതണുപ്പേറ്റാലെന്നവണ്ണം അവരുടെ കണ്ണുകൾ ചുവന്നും നെറ്റി വിളറിയും ഇരുന്നു. ശിരോവസ്ത്രത്തിനുള്ളിൽനിന്നും നീളംകുറഞ്ഞ കോലൻമുടിയിഴകൾ മുഖത്തേക്ക് മയക്കത്തോടെ പാറി. ചിരിക്കുകയാണോ കരയുകയാണോ എന്ന് മനസ്സിലാക്കാൻ പറ്റാത്ത വിധത്തിൽ അവർ കീഴ്ചുണ്ട് കടിച്ചുപിടിച്ചിരിക്കുകയായിരുന്നു. മുഖത്തിന്റെ ഒരു പകുതിയിൽനിന്നും വെയിലിന്റെ നേരിയ ഒരു തുണ്ട് കഴുത്തിലേക്ക് ഒഴുകിയിറങ്ങിക്കൊണ്ടിരുന്നു. അവരുടെ കണ്ണുകൾ വണ്ടിക്കുള്ളിലോ പുറത്തോ ശ്രദ്ധിക്കാതെ എവിടെയോ തറഞ്ഞുകിടന്നു.

വണ്ടി എന്നെ കടന്നുപോകെ, അവർ എന്നെ നോക്കുമെന്ന് ഞാൻ കരുതി. അവരുടെ നോട്ടം എന്റെ കണ്ണുകൾക്ക് തൊട്ടടുത്തുവരെ എത്തിയതുമാണ്. പക്ഷേ, വണ്ടിക്കകത്തുനിന്നും ആരോ എന്തോ പറഞ്ഞതിനാലെന്നോണം അവർ ഒരു ചെറുചിരിയോടെ മുഖം പുറകിലേക്കു തിരിച്ചു. വണ്ടി കടന്നുപോകെ 'മറിയം, ഇതു കേൾക്കൂ' എന്ന് ഒപ്പമുള്ള പുരുഷൻ പറയുന്നതു മാത്രം ഞാൻ കേട്ടു.

അന്നു രാത്രി വീടിനുവെളിയിൽ, തോട്ടത്തിലെ കൽപ്പലകയിൽ ചാരി വെറുതെയിരിക്കുമ്പോൾ മരക്കൂട്ടങ്ങൾക്കിടയിലൂടെ പതിയേ ഓടിവന്ന ആ കുതിരവണ്ടിയെ ഞാനോർത്തു. എന്റെ മനസ്സ് വീണ്ടും വിങ്ങി. എനിക്കു ചുറ്റും, നിശ്ശബ്ദരായി നിൽക്കുന്ന മരങ്ങളും ഇരുട്ടും ശരത്കാലത്തിന്റെ വിളറിയ ആകാശവുമായിരുന്നു. എന്റെ വീടിന്റെ അടുക്കളയിൽനിന്നും പാകമാവുന്ന സോസേജിന്റെ ആവിയുയർന്നു; തോട്ടത്തിന്റെ ഏതോ മൂലയിൽനിന്നും കാട്ടുപൂക്കളുടെ മെരുങ്ങാത്ത മണവും. 'മറിയം...' ഞാൻ മന്ത്രിച്ചു. അന്നുമുതൽ ആ പേര് എന്റെയുള്ളിൽ ആടിത്തിമർക്കുന്നൊരു കാട്ടുമരത്തിന്റെ ഉന്മാദമായി.

അതിനുശേഷവും എല്ലാ പ്രഭാതങ്ങളിലും ഞാനതുവഴി പൊയ്ക്കൊണ്ടിരുന്നു. പക്ഷേ, അവർക്കായി എന്റെ കണ്ണുകൾ ഉഴറിയതേയില്ല. അവരുടെ കാഴ്ച ഇനി ഉണ്ടാവില്ല എന്ന് എനിക്കറിയാമായിരുന്നു. ജീവിതത്തിലൊരിക്കൽ മാത്രം സംഭവിക്കുന്ന ഒന്നാണത് എന്നും.



എങ്കിലും ഞാനവരെ ഒരു തവണകൂടി കണ്ടു. വീണ്ടും പന്ത്രണ്ടു വർഷങ്ങൾ കഴിഞ്ഞാണത്. ഭാര്യയും മകനുമൊത്ത് ഒരു സുഹൃത്തിന്റെ വേനൽക്കാലവസതിയിലേക്ക് ഒഴിവുകാലം ആഘോഷിക്കാനായി പോവുകയായിരുന്നു ഞാൻ. ഞങ്ങളുടെ തീവണ്ടിമുറിയിൽ തമാശകളും പൊട്ടിച്ചിരികളും നിറഞ്ഞുനിന്നു. തിമർത്തു ക്ഷീണിച്ച് മകൻ മയക്കമായപ്പോൾ അവനെ മടിയിൽ കിടത്തി ഞാൻ പുറത്തെ ഇരുളുന്ന സന്ധ്യ നോക്കിയിരുന്നു. ഭാര്യ എന്തോ വായിക്കുകയായിരുന്നു.

ജനൽക്കാഴ്ചയിൽ ദൂരെ കുന്നിൻചെരിവുകളിൽ മനുഷ്യരൂപങ്ങളുടെ ആകൃതിയിൽ നിരന്നു നിൽക്കുന്ന മരങ്ങളുടെ പുറംരേഖകൾ മാത്രമേ എനിക്ക് കാണാനായുള്ളൂ; ഇടയ്ക്ക് മിന്നിത്തെളിയുന്ന വെളിച്ചത്തിന്റെ പൊട്ടുകളും. അങ്ങനെയിരിക്കേ, ആ വീട് ഒഴുകിയെത്തി. അതിന്റെ വരാന്തയിൽ ഒരു മഞ്ഞവിളക്കിനു താഴെ അവർ ഇരിക്കുന്നുണ്ടായിരുന്നു. കൈയിൽ എന്തോ ഉണ്ട്. വായിക്കുകയോ തുന്നുകയോ ആയിരുന്നിരിക്കണം. വിളക്കിന്റെ നേരിയ പ്രകാശം അവരുടെ മുഖത്തിന്റെ അതിരുകളിൽ തട്ടി ചിതറിക്കൊണ്ടിരുന്നു. കൺകോണുകളിൽ തിളങ്ങിയ ചിരി മയക്കമാർന്ന വെളിച്ചത്തിലും എനിക്കു കാണാൻ കഴിഞ്ഞു. പത്തുപന്ത്രണ്ടു വർഷങ്ങൾ അവരിൽ വലിയ മാറ്റമൊന്നും ഉണ്ടാക്കാത്തതു പോലെ തോന്നി.

ആദ്യം കണ്ടയിടത്തുനിന്നും ആയിരക്കണക്കിനു മൈലുകൾ അകലെയുള്ള ഈ സ്ഥലത്ത് അവർ എങ്ങനെ എത്തി എന്നറിയില്ല. പക്ഷേ, അത് അവർ തന്നെയാണ് എന്നെനിക്കുറപ്പുണ്ടായിരുന്നു. തീവണ്ടി ആ വീട് കടന്നുപോകാനെടുത്ത രണ്ടോ മൂന്നോ സെക്കന്റുകളിൽ എന്റെ ഉള്ള് ഉലഞ്ഞാടുന്നൊരു വനവൃക്ഷമായി. എനിക്കു ചുറ്റും രാത്രിയുടെ മെരുക്കമില്ലാത്ത മണമായിരുന്നു. വന്യമായ ഒരാവേശത്തോടെ തീവണ്ടി ഓടിക്കൊണ്ടിരുന്നു. ഒരു മായക്കാഴ്ചയായി അവരുടെ വീട് പിന്നിൽ മാഞ്ഞുമാഞ്ഞുപോയി. 'മറിയം,' ഞാൻ പിറുപിറുത്തു. എന്റെയുള്ളിൽ സഹസ്രാബ്ദങ്ങളുടെ പ്രണയം തണുത്തുറഞ്ഞു.

ഒഴിവുകാലം കഴിഞ്ഞ് അതേ വഴിയേ തിരിച്ചുവരവേ, ഉണ്ടാവില്ലെന്നറിഞ്ഞിട്ടും എന്റെ കണ്ണുകൾ ആ വീടിനെ തേടിക്കൊണ്ടിരുന്നു. പക്ഷേ, എങ്ങും വെളിച്ചം മാത്രമേ എനിക്കു കാണാനായുള്ളൂ. പകലിന്റെ പ്രഹരത്തിൽ രാത്രിയുടെ ആ മായക്കാഴ്ച പിടഞ്ഞമർന്നു പോയിരുന്നു. എവിടെയായിരുന്നു ആ വീട് എന്നുപോലും തിരിച്ചറിയാനാവാതെ തീവണ്ടിവാതിലിനരികിൽ ഞാൻ വിവശനായി നിന്നു. പിന്നീടു വരാനിരുന്ന, ഏകാന്തമായ എത്രയോ ജീവിതനിമിഷങ്ങളിലെന്നപോലെ, എന്റെ മനസ്സ് എന്തിനോ ആയി തുടിച്ചുകൊണ്ടിരുന്നു.

ഇതൊക്കെയും ഒരുപാടു കാലം മുമ്പാണ്. എങ്കിലും എൺപത്തഞ്ചാം വയസ്സിന്റെ മരണക്കിടക്കയിലേക്ക്, വർഷങ്ങളുടെ ദൂരം താണ്ടി കാട്ടുപൂക്കളുടെ മെരുങ്ങാത്ത മണം വന്നെത്തിയപ്പോൾ എനിക്ക് അതിശയമൊന്നും തോന്നിയില്ല. അറുപത്തഞ്ചു വർഷങ്ങൾക്കു മുമ്പ്, ശരത്കാലത്തിന്റെ ആ വിളറിയ ആകാശത്തിനു കീഴെയിരുന്ന് ഞാൻ അറിഞ്ഞ

സ്നേഹത്തിന്റെ വന്യസ്പർശം എന്റെ വരണ്ട കണ്ണുകളിൽ തിരിച്ചു കിട്ടലിന്റെ നനവായി. എന്നോ മരിച്ചുപോയിരുന്നിരിക്കാവുന്ന അവരുടെ രൂപം ഓരോ അണുവിലും ജീവന്റെ പൂർണ്ണതയായി എന്റെ ഓർമ്മയിൽ ത്രസിച്ചുകൊണ്ടിരുന്നു.

ആ ക്ഷീണിച്ച നാട്ടുപാതയിലൂടെ കടന്നുപോകെ എന്റെ കണ്ണുകളിലേക്ക് അവർ നോക്കി യിരുന്നെങ്കിലോ എന്ന് പിന്നീടു പലപ്പോഴും ഞാനാലോചിച്ചുനോക്കിയിട്ടുണ്ട്. അവരുടെ കണ്ണുകളുടെ സ്പർശമെന്നതു പോലെ, അവരുടെ ജീവനിലെ എന്റെ അസ്തിത്വവും ഒരു നിമിഷത്തിന്റെ നൂറിലൊന്ന് വ്യത്യാസത്തിൽ എനിക്കു നഷ്ടമായി. ജന്മാർഥങ്ങളെ മാറ്റി മറിച്ചേക്കാമായിരുന്ന ആ ഒരു നിമിഷാംശം വരുംവരായ്കകളുടെ സാധ്യതകളായി എന്നെ അമ്പരപ്പിച്ചുകൊണ്ടിരുന്നു.

മരണത്തിലേക്കു യാത്രയാക്കാനായി, എന്റെ അന്ത്യമുറിയിലേക്ക് സന്ദർശകർ വന്നു തുടങ്ങിയിരുന്നു. സാഹചര്യങ്ങളോടു പൊരുത്തപ്പെട്ടുവെന്നു തോന്നിക്കുന്ന ചില മുഖഭാവ ങ്ങളോടെയാവണം, മകനും ഭാര്യയും അവരെ സ്വീകരിക്കുകയും നന്ദിവാക്കുകളോടെ യാത്രയാക്കുകയും ചെയ്തു. ഒരു ദിവസം സന്ദർശകർ ഇല്ലാത്ത മങ്ങിയ ഒരു വൈകുന്നേ രത്തിൽ കൈയിൽ കുറച്ചു പൂക്കളുമായി ഒരു പെൺകുട്ടി വന്നെത്തി.

കീഴ്ച്ചുണ്ട് കടിച്ചുപിടിച്ച്, അവൾ എന്റെ കിടക്കയ്ക്കരികിൽ ഇരുന്നു. മേശപ്പുറത്തുവച്ച പൂക്കളിൽനിന്നും വന്യമായൊരു ഗന്ധം ഉയർന്നുകൊണ്ടിരുന്നു. അതിന്റെ ഉണർവിൽ എന്റെ മനസ്സ് ഒരു കാട്ടുമരമായി ആടിയുലഞ്ഞു. 'മറിയം,' എന്റെ ചുണ്ടുകൾ ഇടറി. എന്റെ കൈകളിൽ തൊട്ട് പെൺകുട്ടി എന്നെ ഭാവഭേദമൊന്നുമില്ലാതെ നോക്കിക്കൊ ണ്ടിരുന്നു. നിങ്ങൾ എവിടെയൊക്കെയോ ഉണ്ടായിരുന്നോ, ഞാൻ ചോദിച്ചു. ഒരിക്കലെ ങ്കിലും, ജീവിതത്തിന്റെ ഏതോ കോണിൽ വച്ചെങ്കിലും എന്റെ സ്നേഹത്തിന്റെ ചൂട് നിങ്ങളെ തൊട്ടിരിക്കുമോ ? ആ ക്ഷീണിച്ച നാട്ടുപാതയിലൂടെ എവിടേക്കോ ആയി പോകുമ്പോൾ നിങ്ങളെന്തോ ചിന്തിക്കുകയായിരുന്നു. അന്ന് നിങ്ങളുടെ മനസ്സിലൂടെ തെന്നിത്തെറിച്ചു കൊണ്ടിരുന്നത് എനിക്കു പരിചിതമായ എന്തൊക്കെയോ ആയിരിക്കണം. ആരും ഒപ്പമില്ലാത്ത ഇരുണ്ട സായാഹ്നങ്ങളിൽ നിങ്ങളുടെ നെഞ്ചിൻകൂടും അറിയാത്ത എന്തിന്റെയോ ഭാരത്തിൽ ഇടറിയിട്ടുണ്ടാവണം. ശരത്കാലങ്ങളിലെ വിളറിയ ആകാശവും കാട്ടുമരങ്ങൾ പൊഴിക്കുന്ന കറയുടെ ക്ഷീണിച്ച ഗന്ധവും നിങ്ങളുടെ നിശ്വാസങ്ങളിൽ പ്രാചീന സ്മൃതികളായി നിറഞ്ഞുകാണണം.

എന്റെ കൈത്തലം മുറുകെപ്പിടിച്ച് പെൺകുട്ടി നിശ്ശബ്ദയായി ഇരുന്നു. അവളുടെ സ്പർശം എന്റെ ആതുരതകൾക്ക് അവസാനമില്ലാത്ത ഉത്തരമായി.

അല്പനേരം കഴിഞ്ഞ്, ഒരു നിശ്വാസത്തോടെ ഞാൻ അവളുടെ നേർക്ക് കൺതുറന്നു. ക്ഷമിക്കൂ, ഞാൻ പറഞ്ഞു; ഞാൻ നിങ്ങളോട് എന്തൊക്കെയോ പറഞ്ഞു. സാരമില്ല എന്ന് ഒരു ചെറുചിരിയോടെ ചുമൽ കുലുക്കി പെൺകുട്ടി എഴുന്നേറ്റുപോയി.

തോട്ടത്തിലെ ചരൽപ്പാതയിലൂടെ പതിഞ്ഞ കാൽവയ്പുകളുമായി അവൾ നടന്നു പോകുന്നത് ഞാൻ ജനലിലൂടെ കണ്ടു. ചുറ്റും നിശ്ശബ്ദരായി നിന്ന മരങ്ങളിൽനിന്നും ഒരു മെലിഞ്ഞ കാറ്റ് വീശിക്കൊണ്ടിരുന്നു. അതിന്റെ അലിവിൽ വർഷങ്ങൾക്കുശേഷം എന്റെ മനസ്സ് ശാന്തമായി. മുള്ളിലെ തരിശിൽ തണുത്തുറഞ്ഞിരുന്ന സഹസ്രാബ്ദങ്ങ ളുടെ പ്രണയം ഉഷ്ണമഴയായി ഉരുകിയൊലിക്കുന്നതറിഞ്ഞുകൊണ്ട് ഞാൻ ഒരു മയക്ക ത്തിലേക്കു കണ്ണടച്ചു.

**കഥകൾ** **സിതാര എസ്.**

- താഴെക്കൊടുത്തിരിക്കുന്ന കാവ്യഭാഗത്തെ അടിസ്ഥാനമാക്കി കഥയിലെ നായകന്റെ മനോഭാവത്തെ വിശകലനം ചെയ്യുക.

  എങ്കിലുമൊരു നിറകുടമെപ്പൊഴു-
  മെങ്കലിരിക്കുമഭംഗം
  എൻ കരളിനെയാദ്യമുണർത്തിയ
  പെൺകൊടി തൻ സ്മൃതിരംഗം

  **ഓർമകൾ** **വൈലോപ്പിള്ളി**

- അടിവരയിട്ടിരിക്കുന്ന പ്രയോഗങ്ങളുടെ കാവ്യാത്മകത വ്യക്തമാക്കുക. കൂടുതൽ പ്രയോഗങ്ങൾ കഥയിൽനിന്ന് കണ്ടെത്തിയെഴുതുക.
  - കൺകോണുകളിൽ തിളങ്ങിയ <u>ചിരി മയക്കമാർന്ന വെളിച്ചത്തിലും</u> എനിക്ക് കാണാൻ കഴിഞ്ഞു.
  - എന്റെ ഉള്ള് <u>ഉലഞ്ഞാടുന്നൊരു വനവൃക്ഷമായി.</u>

- യാഥാർഥ്യമെന്നതിനേക്കാൾ കഥാനായകന്റെ സങ്കല്പത്തിലും ഭാവനയിലുമുള്ള സ്നേഹത്തെയാണ് 'മറിയം' എന്ന കഥ അവതരിപ്പിക്കുന്നതെന്ന് പറയാമോ? അഭിപ്രായങ്ങൾ പങ്കുവയ്ക്കുക.

ഞാൻ അവളെ വെയിൽവെളിച്ചത്തിന്റെ ഉടുപുടവ അണിയിച്ചു. പൂക്കളുടെ സൗന്ദര്യവും സുഗന്ധവും കൊടുത്തു. ആകാശനീലിമയിലൂടെയും വനാന്തരംഗ ത്തിലെ ഹരിതദലമർമ്മരങ്ങളിലൂടെയും അവളുമായി സംവദിച്ചു. കിളികൾ എന്റെ പ്രണയഗാനം പാടിക്കേൾപ്പിച്ചു. എന്നിട്ടും അവൾ അറിഞ്ഞില്ല! ആഴക്കടലിനെക്കാൾ അഗാധമായിരുന്നു എന്റെ പ്രണയം. ഏറ്റവും വലിയ മോഹത്തെക്കാൾ വലിയതായി രുന്നു എന്റെ ഇഷ്ടം.

**ഒരിക്കൽ** **എൻ. മോഹനൻ**

നോവൽഭാഗത്തുള്ളതുപോലെ തീവ്രമായ പ്രണയസങ്കല്പം 'മറിയം' എന്ന കഥയിലും ആവിഷ്കരിക്കുന്നുണ്ടോ? വിശകലനം ചെയ്ത് ലേഖനം തയ്യാറാക്കുക.

പ്രമേയം, ആവിഷ്കാരശൈലി എന്നിവയിലുള്ള സവിശേഷതകളെ മുൻനിർത്തി കഥയ്ക്ക് ആസ്വാദനം എഴുതി പതിപ്പ് തയ്യാറാക്കുക.

ആശയം ചോർന്നുപോകാതെ ഒറ്റ വാക്യമാക്കുക.

ഉദാ : തളിരുകൾ കിളിർത്തു. മൊട്ടുകൾ വിടർന്നു. വസന്തകാലം വന്നണഞ്ഞു.

— തളിരുകൾ കിളിർത്തും മൊട്ടുകൾ വിടർന്നും വസന്തകാലം വന്നണഞ്ഞു.

വാക്യങ്ങൾ ചേർത്തും പിരിച്ചുമെഴുതുമ്പോൾ ഭാഷയിലുണ്ടായ മാറ്റമെന്തെന്നു ചർച്ച ചെയ്യുക. കൂടുതൽ വാക്യങ്ങൾ കണ്ടെത്തി ചേർത്തും പിരിച്ചുമെഴുതുക.

പദങ്ങൾ സന്ധി ചെയ്തപ്പോൾ വന്ന വർണ്ണമാറ്റം വ്യക്തമാക്കുക.

വിണ്ടലം - വിൺ + തലം

പ്രണയാനുഭവം - പ്രണയ + അനുഭവം

പുൽപ്പരപ്പ് - പുൽ + പരപ്പ്

നവോത്ഥാനം - നവ + ഉത്ഥാനം

കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി പിരിച്ചെഴുതി വർണ്ണമാറ്റം വ്യക്തമാക്കുക.

യൂണിറ്റ്

3

# ആസ്വാദനത്തിന്റെ അടരുകൾ

കോച്ചി കൈതോല കൊണ്ടുണ്ടാക്കി, കാശും മുറുക്കാനുമിടുന്ന വട്ടിയും പീടികയിൽ നിന്ന് വാങ്ങിയ സാധനങ്ങൾ മുഴുവനും വലിയ മടിയിൽ വച്ചു പിന്നാലെ ഇറങ്ങി. അടുത്ത പീടികക്കാരന്റെ ഇരട്ടച്ചിമ്മിനിയിൽ നിന്ന് ഓലച്ചൂട്ടു കത്തിച്ചു പറഞ്ഞു. "നടന്നോളീ ചെറിയമ്പ്രാ"

(നാലുകെട്ട് - എം. ടി. വാസുദേവൻനായർ)



കോച്ചിയുടെ കൈയിലെ ഓലച്ചൂട്ടിന്റെ ചലനദൃശ്യം പുഴയിൽ പ്രതിഫലിക്കുന്നത് ഡി. മനോജിന്റെ ക്യാമറ പുനഃസൃഷ്ടിച്ചപ്പോൾ

ആസ്വാദനം സൃഷ്ടിയിലേക്ക് നയിക്കും എന്ന ആശയത്തെ ചിത്രം സാധൂകരിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

# ഉശിരൻ



കത്തു കിട്ടി
വിശേഷങ്ങളറിഞ്ഞ് സന്തോഷിക്കുന്നു
എന്തൊക്കെയുണ്ട് വിശേഷങ്ങൾ?

അവിടെ നല്ല മഴയും തണുപ്പുമാണെന്ന്
എഴുതിയിരിക്കുന്നുവല്ലോ
എങ്ങനെയുണ്ട് അവിടത്തെ കാലാവസ്ഥ?

തരക്കേടില്ലാത്ത ജോലിയാണ് അല്ലേ?
എന്താണ് ജോലി?

ഭാര്യക്കും കുട്ടികൾക്കും സുഖമാണെന്നു കരുതുന്നു
അവർ ആസ്പത്രി വിട്ടുവോ?

എനിക്കിവിടെ സുഖംതന്നെ
വയറിളക്കവും ഛർദിയുമാണ്

കാലാവസ്ഥ കൊള്ളാം
കൊടുംവരൾച്ചയാണിപ്പോൾ

ഞാനിപ്പോൾ പണ്ടത്തെപ്പോലെയൊന്നുമല്ല
പണ്ട് വരുമാനമുണ്ടായിരുന്നു.

കുടുംബത്തിനും ക്ഷേമം
ഭാര്യയ്ക്ക് ചെന്നിക്കുത്തും
മകന് നിലങ്കാരിച്ചുമയും
ഒഴിഞ്ഞ നേരമില്ല.

അച്ഛൻ ഉഷാറാണ്
അതേ കിടപ്പു തുടരുന്നു.

അമ്മയുടെ നില ആശങ്കാജനകംപോലുമല്ല
കുളി കഴിഞ്ഞുവന്ന്
നനഞ്ഞ തോർത്ത്
ആണിയിൽ തൂക്കുന്ന നേരത്ത്
നെഞ്ചിൽ ഒരു പിടിത്തം തോന്നുന്നുവെന്നു പറഞ്ഞു
ഞാൻ വിചാരിച്ചത്
തോർത്തുമുണ്ട് ആണിയിൽ
കൊളുത്തിപ്പിടിച്ചുവെന്നാണ്.

വേറെയുമുണ്ട് അംഗങ്ങൾ വീട്ടിൽ,
മുഖ്യധാരയിലും പൊതുമണ്ഡലത്തിലുമൊക്കെയായി.
എല്ലാവരും പ്രോത്സാഹനമർഹിക്കുന്നു.

ഞാൻ വീണ്ടും വിപ്ലവകവിതകളെഴുതാൻ തുടങ്ങി
നിന്നെയും കാവ്യദേവത കടാക്ഷിക്കാറുണ്ടോ ഇപ്പോഴും?

എന്തൊക്കെ കൈവിട്ടാലും
നീ ആത്മവിശ്വാസം കൈവിടരുതെന്നഭ്യർഥന.

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ
എനിക്കെന്തോ—ഒരു ഉശിര് തോന്നുന്നു.

അന്ധകാണ്ഡം — കെ. ആർ. ടോണി

- ഉശിരൻ എന്ന കവിതയെ രസകരമാക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്? ചർച്ചചെയ്യുക.

- • 'എനിക്കിവിടെ സുഖംതന്നെ
  വയറിളക്കവും ഛർദ്ദിയുമാണ്
  കാലാവസ്ഥ കൊള്ളാം
  കൊടുംവരൾച്ചയാണിപ്പോൾ'

  വിരുദ്ധോക്തികൾകൊണ്ട് ഹാസ്യം ജനിപ്പിക്കുന്ന ശൈലി കാവ്യസന്ദർഭത്തിൽ പ്രതിഫലിക്കുന്നുണ്ടോ? വ്യക്തമാക്കുക. കൂടുതൽ ഉദാഹരങ്ങൾ കണ്ടെത്തുക.

- • "കാലത്തിന്റെ പകർച്ച നിനച്ചാൽ
  മാലോകർക്കു പൊറുപ്പാൻ മേല.
  വേലികൾതന്നെ വിളവു മുടിച്ചാൽ
  കാലികളെന്തു നടന്നീടുന്നു?
  കപ്പലകത്തൊരു കള്ളനിരുന്നാൽ
  എപ്പൊഴുമില്ലൊരു സുഖമറിയേണം;
  വീട്ടിലിരിപ്പാൻ തരമില്ലാഞ്ഞാൽ
  കാട്ടിലിരിക്കാം പണ്ടൊരു കാലം;
  കാട്ടിൽച്ചെന്നും കൊന്നുപറിക്കും
  കൂട്ടമതിപ്പോളുണ്ടായിവന്നു.

  **കുഞ്ചൻ നമ്പ്യാർ**

  • ഭക്ഷണമല്ലാതൊന്നും
  ഭക്ഷിക്കാനില്ലിവിടെ
  കഷ്ടമുടുക്കാനൊന്നും
  കിട്ടില്ലുടുപുടയെന്യേ
  ജോലികളല്ലാതൊന്നും
  ചെയ്യാൻ കാണുന്നില്ല
  ജാതകദോഷം കൊണ്ടേ
  ഞാനിദ്ദിക്കിൽ വന്നു

  **കുഞ്ഞുണ്ണി**

  • ഞാനെന്റെ വീട്ടിലടങ്ങിയിരിക്കയാൽ
  ഭൂമിയിപ്പോഴും കറങ്ങുന്നു

ഞാനെന്റെ മെത്തയിൽ കൂർക്കം വലിക്കയാൽ
സൗരയൂഥങ്ങൾ തിളങ്ങുന്നു
ഞാൻ മുറുക്കുന്നു ചവയ്ക്കുന്നു തുപ്പുന്നു
കാലമതിനാൽ ചലിക്കുന്നു

**അയ്യപ്പപ്പണിക്കർ**

ആക്ഷേപഹാസ്യത്തിലൂടെ സാമൂഹികവിമർശനം നടത്തിയ ചില കവിതകളാണ് മുകളിൽ നൽകിയിരിക്കുന്നത്. ഈ കവിതകളുടെ രചനാസമീപനത്തിൽനിന്ന് കെ. ആർ. ടോണിയുടെ കവിത വ്യത്യസ്തമാവുന്നുണ്ടോ? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

⏩ “മായികപ്രതലത്തിൽ
കാലത്തിലലിഞ്ഞുപോം വാക്കുകൾ
വിരൽ തൊട്ടെഴുതും
മുഖപുസ്തക കവി ഞാൻ
എൻദേശജാതകമങ്ങ്
കൊടുംവേദനയിൽ
നാരായമമർത്തിയെഴുതി’.

ഫൂ!
നമ്പ്യാർ ചവച്ച താംബൂലം
ആഞ്ഞുതുപ്പി.

‘അവഹേളനങ്ങൾ, ദുരിതങ്ങൾ
ഗതികിട്ടാ പലായനങ്ങൾ
എത്ര സഹിച്ചു
ഭാഷതൻ കാളകൂടം കടഞ്ഞു
ഇത്തിരിസത്ത്
ജനങ്ങൾ തൻ നാവിലിറ്റിക്കുവാൻ...

**കുഞ്ചൻനമ്പ്യാർ മാനാഞ്ചിറ പാർക്കിൽ** **പി. എ. നാസിമുദ്ദീൻ**

കാവ്യരചനയെ സംബന്ധിച്ച രണ്ടു നിലപാടുകൾ കാവ്യഭാഗത്ത് അവതരിപ്പിച്ചിട്ടുണ്ടല്ലോ. അവ വിശകലനം ചെയ്ത് അഭിപ്രായരൂപീകരണം നടത്തി പ്രഭാഷണം തയ്യാറാക്കുക.

## ‘യാത്രക്കാരെ ഇറക്കിയിട്ടേ...

“പത്തു പന്ത്രണ്ടു വർഷം മുമ്പാണ്. ഒരു രാത്രി പത്തുമണി കഴിഞ്ഞ് ഞാൻ മൂവാറ്റുപുഴ ബസ് സ്റ്റാൻഡിലെത്തി. അന്ന്, ഇന്നത്തെപ്പോലെ രാത്രി ഏതു സമയത്തും ബസ് ഇല്ല. അതുകൊണ്ട് സ്വല്പം ഭയാശങ്കകളോടെയാണ്, ഞാൻ സ്റ്റാൻഡിലെത്തിയത്. ഭാഗ്യത്തിന് പത്തരകഴിഞ്ഞ് ഒരു ബസ് കോട്ടയത്തിനു പോകുന്നെന്ന് വിവരം കിട്ടി. ബസ് പിടിച്ചു. പത്തോ പതിനൊന്നോ യാത്രക്കാരുമായി വണ്ടി പുറപ്പെട്ടു. കൂത്താട്ടുകുളത്തി നടുത്തെത്തിയപ്പോൾ വണ്ടി നിന്നു. ഒരു ചെറിയ പാലമുണ്ടവിടെ. ‘യാത്രക്കാരെ ഇറക്കിയിട്ടേ ബസ് പാലത്തിൽക്കൂടി ഓടിക്കാവൂ’ എന്നോ മറ്റോ ഒരുബോർഡു വെച്ചിരിക്കുന്നു. എന്നോട് ബസ്സിൽനിന്നിറങ്ങാൻ ഡ്രൈവർ പറഞ്ഞിരുന്നു, ഞാൻ ഇറങ്ങി നടന്നു. പാലം കടന്നു. വണ്ടിയും പാലം കടന്നു. മറ്റൊരു യാത്രക്കാരനും ഇറങ്ങിയിരുന്നില്ല. ബസ് വീണ്ടും പുറപ്പെട്ടപ്പോൾ എന്തുകൊണ്ട് മറ്റാരും ബസ്സിൽ നിന്നിറങ്ങിയില്ല എന്നന്വേഷിച്ചു. സംഗതി എന്തെന്നോ? ഞാൻ മാത്രമായിരുന്നു ആ ബസ്സിലെ യാത്രക്കാരൻ. മറ്റെവരെല്ലാം ജീവനക്കാരാണ്. അവർ വണ്ടിയിലിരുന്നാൽ പാലത്തിനു തകരാറൊന്നും വരില്ലല്ലോ. എത്ര ഭംഗിയായി നിയമം പാലിച്ചുവെന്ന് നോക്കുക.

**ഡി. സി. ഫലിതങ്ങൾ** — **ഡി. സി. കിഴക്കേമുറി**



## എക്സ് രോഗി

ഈ രാജ്യത്ത് ജീവിച്ചിരിപ്പുള്ള ഏറ്റവും വലിയ ഒരു എക്സ് രോഗിയെന്ന നിലയിൽ, ഒരു വിധപ്പെട്ട രോഗത്തിനേതും സാമാന്യം വിദഗ്ധമായ ചികിത്സകൾ നിശ്ചയിക്കാൻ ഞാൻ യോഗ്യനാണ്. 'പത്തു പെറ്റവൾ പതിച്ചി' എന്ന് മലയാളത്തിലൊരു പഴഞ്ചൊല്ലു തന്നെയുണ്ടല്ലോ, രോഗികൾക്ക് പത്മശ്രീപട്ടം നൽകുന്ന പതിവ് ഏർപ്പെടുത്തിയിരുന്നെങ്കിൽ ഇതിനിടെ അതിലൊന്ന് എനിക്കു കിട്ടുമായിരുന്നു എന്ന് തീർച്ചയാണ്. എനിക്കു വന്ന രോഗങ്ങളും വരാത്ത രോഗങ്ങളും തമ്മിലൊരു വടംവലി മത്സരം നടന്നിരുന്നെങ്കിൽ ആദ്യവിഭാഗക്കാർ നിമിഷത്തിൽ വടവുമായി സ്ഥലംവിടുമായിരുന്നു എന്ന് തീർച്ച. ഏതായാലും, രോഗത്തെപ്പറ്റി ഒരിക്കലും എനിക്ക് ആവലാതി ഉണ്ടായിട്ടില്ല. ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട ദിവസങ്ങൾ ഏതെന്ന് ഏതെങ്കിലും ഐ.എ.എസ്. പരീക്ഷകൻ എന്നോടു ചോദിച്ചാൽ ഞാൻ സംശയം കൂടാതെ പറയും 'ആശുപത്രിയിൽ കിടന്ന ദിവസങ്ങൾ' എന്ന്. അതുപോലെ 'നിങ്ങൾക്ക് ഏറ്റവുമിഷ്ടപ്പെട്ട ഹോബി ഏത് ' എന്നു ചോദിച്ചെന്നിരിക്കട്ടെ. അതിനുള്ള എന്റെ മറുപടി 'ഛർദി' എന്നായിരിക്കും.'

**കാമ്പിശ്ശേരി കൃതികൾ** **കാമ്പിശ്ശേരി കരുണാകരൻ**



▶▶ ഹാസ്യത്തിന്റെ വ്യത്യസ്തമുഖങ്ങളെയല്ലേ മുകളിൽ നൽകിയിട്ടുള്ള ഗദ്യഭാഗങ്ങൾ ഉൾക്കൊള്ളുന്നത്. വിശകലനം ചെയ്യുക. സമാനമായ ഗദ്യാഖ്യാനങ്ങൾ ശേഖരിച്ച് പതിപ്പാക്കുക.

# ഏകാന്തതയുടെ മഹാതീരം



അന്തിമനിശ്വാസമായി പരക്കുന്ന സുരഭിലമായ കുളിർനിലാവിൽ മുങ്ങിയ പൂങ്കാവനം പണ്ടത്തെ മാതിരി വീണ്ടും രൂപരഹിതമായ കിനാവിൽ മുഴുകുകയായി.

ഞാൻ മാത്രം ഏകാന്തതയുടെ ഈ മഹാതീരത്ത്.

ഞാൻ മാത്രം.

അങ്ങ് എവിടെയാണെന്നെനിക്കറിഞ്ഞുകൂടാ.

പണ്ടൊരു കാലത്ത് ഇതുപോലുള്ള ഒരു രാത്രി നാമൊരുമിച്ച് ഈ പൂങ്കാവനത്തിൽ ഇരിക്കുമ്പോൾ നിനച്ചിരിയാതുള്ള അവസാനകാലത്തപ്പറ്റിയോർത്ത് ഞാൻ നെടുവീർപ്പിട്ടു. അങ്ങ് കാരുണ്യത്തോടെ തിരക്കി:

'കുമാരി, ആ ദുഃഖനിശ്വാസമെന്തിന്?'

ഞാൻ ചോദിച്ചു:

'വിസ്മൃതിയുടെ തമസ്സിൽ ഞാൻ ആണ്ടുപോകുമ്പോൾ, ആരാണ് എന്നെ ഓർക്കുക?'

'ഞാൻ!' അങ്ങ് പറഞ്ഞു: 'ഉദയതാരത്തിന്റെ വെള്ളിവെളിച്ചത്തിലൂടെ, പ്രഭാതഭാസ്കരന്റെ കനകകിരണങ്ങളിലൂടെ, വസന്തകാലത്തിന്റെ പുതുപരിമളത്തിലൂടെ; എന്റെ കുമാരി, നിന്റെ സ്മരണ എന്നിലെത്തും. മേഘങ്ങളുടെ ഘോരഗർജനം കേൾക്കുമ്പോൾ, ഇടിവാളിന്റെ ഉഗ്രമായ തിളക്കം കാണുമ്പോൾ, എന്റെ ആത്മാവ് നിന്നിലേക്കു പാഞ്ഞുവരും!'

ആ നിമിഷം പണ്ടേ കഴിഞ്ഞുപോയി.

ജീവിക്കുന്ന ഈ നിമിഷം!

രണ്ടിന്റെയും മധ്യേ കാലത്തിന്റെ മഹാസാഗരം കിടന്ന് അലയടിക്കുകയാണ്.

കാലത്തിന്റെ മഹാസാഗരം.

പ്രതീക്ഷകളൊക്കെ അവസാനിച്ചു. എന്റെ ചിന്തയുടെ ചിറകുകൾ തളർന്നു.

ഞാൻ താഴുകയാണ്.

അനുനിമിഷം .... അനുനിമിഷം .... വിസ്മൃതിയുടെ തമസ്സിൽ ലീനമാവാൻ തുടങ്ങുകയാണ്.

എന്നിട്ടും തളിരുകൾ കിളിർത്തു. മൊട്ടുകൾ വിടർന്നു. പുതുമോടിയോടെ വസന്തകാലവും വന്നണഞ്ഞു. പൂനിലാവിൽ മുങ്ങിയ പൂങ്കാവനം രൂപരഹിതമായ കിനാവിൽ മുഴുകുകയായി. ഭുവനമെങ്ങും നിറഞ്ഞ നിശ്ശബ്ദതയിൽ ധ്യാനനിർഭരമാവുകയാണ് എന്റെ ഹൃദയമുകുളം!

'കന്യകേ, നീ എന്തേ വരാത്തത്?' അങ്ങയുടെ മംഗളാഹ്വാനം എന്റെ കാതുകളെ കുളുർപ്പിച്ച അനർഘനിമിഷത്തെ ഞാൻ ഓർക്കുകയാണ്.

'വസന്തകാലരാത്രി ഒടുങ്ങാറായി. ഈ ഏകാന്തത എന്നെ ദഹിപ്പിക്കുകയാണ്. കന്യകേ, നീ എന്തേ വരാത്തത്?'

'മൃദുലമായ നിന്റെ ഹൃദയത്തുടിപ്പോടെ തളിരിലകൾ ചലിക്കുമ്പോൾ.'

'മധുരമായ നിന്റെ മന്ദഹാസത്തോടെ കുളിർനിലാവ് എത്തിനോക്കുമ്പോൾ.'

'ശീതളമായ നിന്റെ പൂമേനിയുടെ സുഗന്ധസ്മരണയോടെ നിശാപവനൻ എന്നെ തഴുകുമ്പോൾ-'

'കന്യകേ, നിന്റെ വെമ്പലാർന്ന കാലടിവെപ്പാണ് ഞാൻ കേൾക്കുന്നത്. അവൾ വരുന്നു! അവൾ വരുന്നു! പ്രേമസാഗരയായ എന്റെ രാജകുമാരി വരുന്നു!' വിശ്രാന്തിയില്ലാതെ എന്റെ ഹൃദയത്തെക്കൊണ്ട് എന്തിനാണ് നീ ഇങ്ങനെ ഇടിപ്പിക്കുന്നത്?

'കന്യകേ, നീ എന്തേ വരാത്തത്?'

പാതയിലെ സഞ്ചാരി! അങ്ങെന്തിനാണ് ആ പുഷ്പം എന്റെ കൈയിൽ, എന്റെ കൈയിൽ ത്തന്നെ, തന്നത്? എനിക്കു മാത്രമെന്താണ് ഇത്രയൊരു പ്രത്യേകത?

കൂട്ടുകാരികൾ ചോദിച്ചു. എന്റെ മുഖം പിടിച്ചുയർത്തി ആവർത്തിച്ചാവർത്തിച്ച് അവർ ചോദിച്ചു, അങ്ങ് ആരെന്ന്! ഞാൻ പറഞ്ഞു, എനിക്കറിയില്ല!

'കള്ളീ, അറികില്ലല്ലേ?' അങ്ങനെയങ്ങനെ അവരെന്നെ പരിഹസിക്കുന്നു. അവർ തമ്മിൽ തമ്മിൽ ചോദിക്കുകയാണ്:

'അവളിലെന്താണ് അയാൾ കണ്ടത്?'

'കന്യകേ, നിന്റെ കണ്ണുകളിൽനിന്നാണ് അറിവിന്റെ ആദ്യത്തെ കിരണം എന്റെ ഹൃദയത്തെ ചുംബിച്ചത്. തന്നെയുമല്ല, നിന്റെ സാന്നിധ്യത്തിൽ മറ്റുള്ള മുഖങ്ങളെല്ലാം നിഷ്പ്രഭങ്ങളായി മായുകയാണ്.'

'ആ പൂവു നീ എന്തു ചെയ്തു?'

'ഏതു പൂവ്?'

'രക്തനക്ഷത്രംപോലെ കടുംചെമപ്പായ ആ പൂവ്!'

'ഓ... അതോ?...

'അതേ. അതെന്തു ചെയ്തു?'

'തിടുക്കപ്പെട്ട് അന്വേഷിക്കുന്നതെന്തിന്?'

'ചവിട്ടിയരച്ചുകളഞ്ഞോ എന്നറിയുവാൻ...'

'കളഞ്ഞുവെങ്കിലെന്ത്?'

'ഓ... ഒന്നുമില്ല. എന്റെ ഹൃദയമായിരുന്നു അത്.'

ആ കണ്ണുകളെന്താണ് കലങ്ങിയിരിക്കുന്നത്? ആ മുഖത്തിനെന്താണ് ഇത്രയൊരു വാട്ടം?

ഓ... ഞാനതു ചവിട്ടിയരച്ചില്ല. ഒരിക്കലും, ഒരിക്കലും ഞാനതു കളയുകില്ല. തെല്ലിട ഞാൻ അതെന്റെ മുടിക്കെട്ടിൽ തിരുകി. പക്ഷേ, ഇതു മാത്രം എനിക്കു ലോകത്തെ കാണിക്കാൻ മനസ്സില്ല. അത് എവിടെ എന്നു ചോദിച്ചാൽ ഞാൻ പറയുകില്ല! ഒരിടത്തൊരിടത്തു ഞാൻ വച്ചിട്ടുണ്ട്. അത് എവിടെയാണെന്നോ?.... ആരോടുമാരോടും ഞാൻ പറയുകില്ല!

അദ്ഭുതരഹസ്യങ്ങൾ ഉള്ളിലൊതുക്കിക്കൊണ്ടു മൊട്ടുകൾ തല ചായ്ച്ചുനിന്നു. സന്ധ്യാസമീരണൻ ഇലകളെ മെല്ലെമെല്ലെ ചലിപ്പിച്ചു. ഈ ആരാമത്തിലെ പച്ചപ്പുൽപ്പരപ്പിൽ ഞാൻ മലർന്നു കിടക്കുകയായിരുന്നു. ആത്മസഖി വന്നു പരിഭവത്തോടെ ചോദിച്ചു:

'നീ ഞങ്ങളെയൊക്കെ മറന്നുകളഞ്ഞു, ഇല്ലേ?'

ഞാൻ പറഞ്ഞു: 'ആരെയും മറന്നില്ല.'

'പിന്നെന്തു നീ ഞങ്ങളുടെ കൂടെ പുറത്തെങ്ങും വരാത്തത്?'

'എനിക്കിനി കാഴ്ചകളൊന്നും കാണണ്ട!'

'അതെന്ത്?' അവൾ എന്നെ എണീപ്പിച്ചിരുത്തി. എന്റെ കേശഭാരം അഴിച്ചിട്ടു ചുരുളു ചുരുളായി അവൾ എന്റെ മാർവിടത്തിൽ വിതറി. എന്നിട്ട്, എന്റെ കണ്ണുകളിലേക്ക് ഉറ്റു നോക്കി. പതുക്കെ, വളരെ പതുക്കെ, കള്ളനോട്ടത്തോടെ അവൾ ചോദിക്കുകയാണ്:

'ആ രഹസ്യം എന്നോടു പറയുകില്ലേ?'

ഞാൻ ഒന്നും മിണ്ടിയില്ല. എന്റെ മുഖം കുനിഞ്ഞുപോയി, വളരെ സമയം കഴിഞ്ഞ് അവൾ ചോദിച്ചു:

'കള്ളൻ ആര്?'

ഞാൻ പറഞ്ഞു:

'എനിക്കറിയില്ല.'

അവൾ ഊറിയൊന്നു ചിരിച്ചു:

'പേര്?'

'എനിക്കറിയില്ല.'

'ജാതി?'

'എനിക്കറിയില്ല.'

'ജോലി?'

'എനിക്കറിയില്ല.'

'ഫ്, കള്ളി!' അങ്ങനെ അവൾ എന്നെ വിളിച്ചു. ഞാൻ എന്താണ് കട്ടത്?

ഞാൻ പരമസത്യം പറഞ്ഞു: 'എനിക്കൊന്നും അറിയില്ല.'

'എന്നാൽ, നിന്റെ ഉള്ളിലെ ആ അദ്ഭുതരഹസ്യം എന്നോടു പറയൂ.'



'ആ രഹസ്യം... അതു ഞാൻ മറ്റാരോടും, ആരോടും പറയില്ല!'

"മുകുളമേ, ആ രഹസ്യമെന്ത്?'

'ഞാൻ പറയില്ല!'

'എൻെറ രാജകുമാരി! ആ രഹസ്യമെന്ത്?'

'ഞാൻ പറയില്ലെന്നു പറഞ്ഞില്ലേ?'

'പ്രേമസാഗരമേ!..."

'നാഥാ... പിന്നെ... ഞാൻ... അങ്ങയെ!'

'പറയൂ.'

'ങ്ഹൂഹൂ...'

അങ്ങു പോയപ്പോൾ അമ്മ തിരക്കി: 'അത് ആര്?' ഞാൻ പറഞ്ഞു:

'എന്റെ... എന്റെ സുഹൃത്ത്. അങ്ങയെപ്പറ്റി എല്ലാം പറഞ്ഞുകൊടുക്കുവാൻ നിർബന്ധിച്ചു. ഞാൻ പറഞ്ഞു: 'എനിക്കൊന്നും അറിയില്ല.' അമ്മ പല്ലു ഞെരിച്ചു. എനിക്കപരിചിതമായ എന്തോ ഒന്ന് ആ കണ്ണുകളിലൂടെ എന്നെ നോക്കി. ലോകമെങ്ങും കേൾക്കത്തക്കവണ്ണം. പതുക്കെ, വളരെ പതുക്കെ അമ്മ ചോദിച്ചു:

'അത് ആര്?'

'എന്റെ സുഹൃത്ത്.'

'എങ്ങനെ പരിചയപ്പെട്ടു?'

ഞാൻ ഒന്നും പറഞ്ഞില്ല. അമ്മ എന്നെ കിടക്കയിലേക്കു വലിച്ചെറിഞ്ഞു.

ആകാശവും ഭൂമിയും നടുങ്ങത്തക്കവണ്ണം വാതിൽ വലിച്ചടച്ചു. ആ പുഷ്പത്തിന്റെ തീക്ഷ്ണ മായ പരിമളം നിറഞ്ഞ എന്റെ കിടപ്പറയുടെ ഉള്ളിൽക്കിടന്ന് എന്റെ ഹൃദയക്കാമ്പ് ഉജ്ജ്വലിച്ചു. അങ്ങയെ ഞാൻ അറിയുന്നത് എങ്ങനെയാണ്?... ആരോടും, ആരോടും പറയുവാൻ എനിക്കു മനസ്സില്ല. ഈ മധുരവേദനയിൽ മറ്റാരേയും ഞാൻ പങ്കുചേർക്കില്ല...

**ബഷീർ സമ്പൂർണ്ണകൃതികൾ** **വൈക്കം മുഹമ്മദ് ബഷീർ**

- "ആരോടും, ആരോടും പറയുവാൻ എനിക്കു മനസ്സില്ല. ഈ മധുരവേദനയിൽ മറ്റാരേയും ഞാൻ പങ്കുചേർക്കില്ല"- ആഖ്യാതാവിന്റെ മനോഭാവം പ്രതിഫലിപ്പിക്കുന്നതിന് ഈ വാക്യങ്ങൾ എത്രമാത്രം സഹായകമാകുന്നുണ്ട്? നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

- പ്രണയാനുഭവത്തിന്റെ തീവ്രത ഈ കഥ ആവിഷ്കരിക്കുന്നതെങ്ങനെ? അഭിപ്രായങ്ങൾ പങ്കുവയ്ക്കുക.

- 'ആ പൂവു നീ എന്തുചെയ്തു?'
  'ഏതു പൂവ്?'
  "രക്തനക്ഷത്രംപോലെ കടുംചെമപ്പായ ആ പൂവ്!"
  'ഓ... അതോ?...
  'അതേ. അതെന്തു ചെയ്തു?'
  'തിടുക്കപ്പെട്ട് അന്വേഷിക്കുന്നതെന്തിന്?'
  'ചവിട്ടിയരച്ചുകളഞ്ഞോ എന്നറിയുവാൻ...'
  'കളഞ്ഞുവെങ്കിലെന്ത്?'
  'ഓ... ഒന്നുമില്ല. എന്റെ ഹൃദയമായിരുന്നു അത്.'

  കഥയിലെ ഈ ഭാഗം കവിത, ചിത്രം, റീൽ, ഹ്രസ്വചിത്രം, സ്കിറ്റ്, ഏകാഭിനയം തുടങ്ങി നിങ്ങൾക്കിഷ്ടപ്പെട്ട രൂപത്തിൽ ആവിഷ്കരിക്കുക.

- രണ്ടല്ല നീയും ഞാനു,മൊന്നായിക്കഴിഞ്ഞല്ലോ!...
  വിണ്ടലം നമുക്കിനി വേറെ വേണോ?
  ആരെല്ലാം ചോദിച്ചാലു, മാരെല്ലാം മുഷിഞ്ഞാലു-
  മാരെല്ലാം പരിഭവം കരുതിയാലും,
  ആ രാവിൽ നിന്നോടു ഞാനോതിയ രഹസ്യങ്ങ-
  ളാരോടുമരുളരുതോമലെ, നീ!

  **ആത്മരഹസ്യം** — **ചങ്ങമ്പുഴ**

  ഈ കാവ്യഭാഗത്തിലും 'ഏകാന്തതയുടെ മഹാതീരം' എന്ന കഥയിലും ആവിഷ്കരിക്കുന്ന പ്രണയഭാവത്തെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- നിങ്ങളുടെ നേതൃത്വത്തിൽ സ്കൂൾതലത്തിൽ ചെറുകഥാ മത്സരം നടത്തുക. മികച്ചവ കണ്ടെത്തി അവയുടെ രചയിതാക്കളെ ഉൾപ്പെടുത്തി സ്കൂൾ വിദ്യാരംഗം സാഹിത്യ വേദിയുമായി ചേർന്ന് രചനാ ശില്പശാല സംഘടിപ്പിക്കുക. ചെറുകഥാകൃത്തുക്കളെ ഉൾപ്പെടുത്താം. ശില്പശാലയിൽ രൂപപ്പെടുന്ന കഥകൾ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുകയും ചെയ്യുമല്ലോ.

# ജീവിതം

അക്കലണ്ടറിന്നറ്റത്തിരിക്കുന്നു
ദിക്കിലെട്ടുകാലുള്ളൊരു ജീവിതം
അക്കുളത്തിന്റെ വക്കത്തിരിക്കുന്നു
എത്തിനോക്കിക്കുതിക്കുന്ന ജീവിതം

പിണ്ഡമുണ്ടു പറക്കുന്നു ജീവിതം
രണ്ടുമൂന്നായ് മിടിക്കുന്നു ജീവിതം
അമ്മുലപ്പാൽ കുടിക്കുന്നു ജീവിതം
അമ്മുഖത്തുമ്മവയ്ക്കുന്നു ജീവിതം

കുന്നിറങ്ങിയും പെയ്യുന്നു ജീവിതം
കുമ്പിളിൽ വെയിൽ കോരുന്നു ജീവിതം
തുമ്പയിൽ തുടികൊട്ടുന്നു ജീവിതം
കമ്പിളിപ്പുതപ്പാകുന്നു ജീവിതം

മൺഭരണിയിൽ മാളുന്നു ജീവിതം
മണ്ണടരിൽനിന്നാർക്കുന്നു ജീവിതം
ഒറ്റ നക്ഷത്രമാശിച്ചുദിച്ച നാൾ
പട്ടുനൂൽപ്പുഴുവാകുന്നു ജീവിതം.

**ഡി. വിനയചന്ദ്രൻ**

മാളുന്നു - മയങ്ങുന്നു

ഓരോ അണുവിലും തുളുമ്പിനിറയുന്ന ജീവിതസൗന്ദര്യത്തെ ഈ കവിത ആവിഷ്കരിക്കുന്നതെങ്ങനെ? ആസ്വാദനം തയ്യാറാക്കുക.

## വീട്ടിലേക്കുള്ള വഴി



# ഒറ്റാലിൽ പിടയുന്ന സംസ്കാരം



തികച്ചും കേരളീയമായ ഒരു പ്രതീകത്തെ പേരാക്കുന്നതു മുതൽ പരിസ്ഥിതിയോടും പ്രകൃതിയോടും നീതി പുലർത്തുന്ന സിനിമയാണ് ജയരാജിന്റെ രാജ്യാന്തര പ്രശസ്തി നേടിയ 'ഒറ്റാൽ'. കായൽ/പുഴ മത്സ്യത്തെ കുടുക്കാനുള്ള ഗ്രാമീണമായ കെണിയാണ് ഒറ്റാൽ. ജീവിതത്തിൽ സ്വൈരവിഹാരം നടത്തേണ്ട കുട്ടപ്പായി എന്നൊരു കർഷകബാലനെ ബാലവേല യുടെ നിഷിദ്ധലോകത്തേക്ക് സാമ്പത്തിക/സാമൂഹികവ്യവസ്ഥ എങ്ങനെ കെണിവച്ച് അകപ്പെടുത്തുന്നു എന്നാണ് ഒറ്റാൽ സിനിമ കാണിച്ചു തരുന്നത്.

കുട്ടനാടിന്റെ പശ്ചാത്തലത്തിൽ പറഞ്ഞ കഥയ്ക്ക് യഥാർഥ കുട്ടനാട്ടുകാരനായ വാസവൻ എന്നൊരു സാധാരണക്കാരനെ താക്കോൽ കഥാപാത്രമാക്കിയതിൽ തുടങ്ങുന്നു ചിത്രത്തിന്റെ മികവ്. മനുഷ്യരുടെ അടിസ്ഥാന പ്രശ്നങ്ങളും സംഘർഷങ്ങളും ലോകത്തെവിടെയും സമാനമാണെന്ന കാഴ്ചപ്പാടാണ് റഷ്യൻ കഥാകൃത്ത് ആന്റൺ ചെഖോവിന്റെ വാങ്കയെ ആസ്പദമാക്കി നിർമ്മിച്ച ഈ സിനിമയ്ക്കുള്ളത്. സാർവലൗകികമായ കഥയുടെ സാരാംശം സമകാലിക കേരളപരിസ്ഥിതിയിലേക്ക്

പുനഃപ്രതിഷ്ഠിച്ച ഒറ്റാലിനെ ജോഷി മംഗലത്ത് എന്ന കന്നിത്തിരക്കഥാകൃത്ത് സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക പ്രസക്തിയുള്ളതാക്കി. സാഹിത്യത്തിൽ നിന്ന് സിനിമയിലേക്കുള്ള ലക്ഷണമൊത്ത അനുവർത്തനത്തിന് കാലികമായ ഉദാഹരണമാണ് ഒറ്റാൽ. മൂലകഥ റഷ്യയിലെ അക്കാലത്തെ ബാലവേലയെന്ന നീറുന്ന സാമൂഹികവിഷയത്തെയാണ് പ്രശ്നവൽക്കരിച്ചതെങ്കിൽ, ഒറ്റാൽ പ്രമേയത്തോടു നീതിപുലർത്തിക്കൊണ്ടുതന്നെ, കുട്ടനാടിന്റെ പ്രകൃതിയിലും ആവാസവ്യവസ്ഥയിലും സംസ്കാരത്തിലും ഇടപെട്ടുകൊണ്ട് ഹരിതകേന്ദ്രീകൃതമായൊരു അധിക മാനം നൽകി.

ബാലസഹജമായ നിഷ്കളങ്കതയെ പ്രകൃതിയുമായി സമരസപ്പെടുത്തുന്നതാണ് ഒറ്റാലിന്റെ ഇതിവൃത്തം. തമിഴ്നാട്ടിലെങ്ങോ ഉള്ള പടക്കനിർമ്മാണശാലയിലെ അസംഖ്യം അനധികൃത ബാലവേലക്കാരിൽ ഒരാളായി എത്തിപ്പെടുന്ന കുട്ടപ്പായി എന്ന എട്ടുവയസുകാരൻ താറാവു വളർത്തുകാരനായ വല്യപ്പച്ചന് തന്റെ വിഷമതകൾ എണ്ണിപ്പറഞ്ഞു മടങ്ങിപ്പോകാനുള്ള ആശ വെളിപ്പെടുത്തിയെഴുതുന്ന കത്തിന്റെ വോയ്സ് ഓവറിലാണു ചിത്രത്തിന്റെ തുടക്കം. കുട്ടനാട്ടിൽ കൊയ്ത്തുകഴിഞ്ഞ പുഞ്ചപ്പാടത്തെ ക്രിമികീടങ്ങളെ തീറ്റാനെത്തുന്ന വല്യപ്പച്ചായിയിലേക്കും അവനിലേക്കും കാഴ്ചപ്പെടുകയാണ് സിനിമ.

നാട്ടിലെ സമപ്രായക്കാർക്കെല്ലാം വർഷാവർഷം താറാവുമായി വരുന്ന വല്യപ്പച്ചായി 'താറാവു മാപ്പിള'യാണ്. മുമ്പെല്ലാം അയാൾക്കൊപ്പമുണ്ടായിരുന്ന മകനും ഭാര്യയും ഇത്തവണയില്ലാത്തതിനെപ്പറ്റി നാട്ടുകാർ തിരക്കുന്നു. പാടത്തു മാടംകെട്ടി തങ്ങുന്ന കാലം താറാവുമുട്ട കൊണ്ടുപോയിക്കൊടുക്കുന്ന വീട്ടിലെ ഗൃഹനാഥൻ ഇക്കാര്യം അയാളോടു ചോദിക്കുന്നുണ്ട്. മകനും ഭാര്യയും ആത്മഹത്യ ചെയ്യുകയായിരുന്നു, അവരുടെ മകനാണ് കുട്ടപ്പായി. മകനും ഭാര്യയും ആത്മഹത്യ ചെയ്ത കാരണത്തെപ്പറ്റി ഗൃഹനാഥൻ പുച്ഛത്തോടെ മാപ്പിളയോടന്വേഷിക്കുന്നു. 'കൃഷി ചെയ്ത് കടം കയറിയാണ് അവർ ജീവിതമവസാനിപ്പിച്ചത് ' എന്ന നിസ്സംഗ മറുപടിയിൽ ചോദ്യകർത്താവ് ചൂളി ചെറുതാവുകയാണ്. കേരളത്തിന്റെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധിയെയും അതുണ്ടാക്കുന്ന സാമ്പത്തിക പ്രത്യാഘാതങ്ങളെയും കേവലമൊരു ചോദ്യത്തിലും ഉത്തരത്തിലും അതിൽനിന്നു കുട്ടപ്പായിയുടെ നിഷ്കളങ്കമുഖത്തിലേക്കും കട്ട് ചെയ്തുകൊണ്ട് ഹൃദയാവർജകമായി ആവിഷ്കരിച്ചിരിക്കുന്നു.

ആ വീട്ടിലെ ദമ്പതികളുടെ സമപ്രായക്കാരനായ കുട്ടിയുമായി എളുപ്പം ചങ്ങാത്തം കൂടുന്നു കുട്ടപ്പായി. പാടത്തും പറമ്പിലും നായയോടൊപ്പം കളിച്ചുനടക്കുന്ന ചെക്കനോട് വലിയ കൂട്ടിനൊന്നും പോകേണ്ട എന്ന അച്ഛന്റെ വിലക്ക് മുഖവിലയ്ക്കെടുത്ത് അവനെ അല്പം അവജ്ഞയോടെയാണ് നോക്കുന്നതെങ്കിലും സ്കൂളിൽ പ്രോജക്റ്റുകൾക്ക് കിളിക്കൂടും തവളയും മറ്റും എത്തിച്ചുകൊടുത്ത കുട്ടപ്പായിയുമായി അവനും പെട്ടെന്നടുക്കുന്നു. സ്കൂൾപഠനം തുടരണമെന്ന ആഗ്രഹം കുട്ടപ്പായി വല്യപ്പച്ചായിയോട് പങ്കിടുന്നുണ്ടെങ്കിലും അന്നന്നത്തെ അപ്പത്തിനു തന്നെ ബുദ്ധിമുട്ടുന്ന അയാൾക്ക് താങ്ങാനാവുന്നതല്ല അത്.

പ്രകൃതിയിൽ നിന്നാണു കുട്ടപ്പായി ജീവിതം പഠിക്കുന്നത്. ജീവികളെയും സസ്യങ്ങളെയും കണ്ടും തൊട്ടും അവൻ ജ്ഞാനമാർജിക്കുന്നു. പാടത്ത് നിലമുഴുതും വെള്ളം തേവിയും ഒറ്റാലിൽ മീൻപിടിച്ചും ചൂണ്ടയിട്ടും പ്രകൃതിയിൽനിന്നുള്ള അറിവുനേടൽ. തൂക്കണാംകുരുവിക്കൂടു കണ്ട് വലിയവീട്ടിലെ കുട്ടി അതെന്താണെന്നു ചോദിക്കുമ്പോൾ, പ്രകൃതിയിൽനിന്നു മനുഷ്യനെ എത്രനാൾ മാറ്റി നിർത്താമെന്ന അർഥവത്തായ ചോദ്യം കൂടി ഉന്നയിക്കുന്നു സംവിധായകൻ. പഠിത്തത്തിൽ അവനുള്ള താൽപര്യം തിരിച്ചറിയുന്ന ചങ്ങാതിയുടെ അമ്മ മകനോടൊപ്പം അവനെ വീട്ടിൽ വിളിച്ചിരുത്തി പഠിപ്പിക്കുന്നു. എന്നാൽ ഭർത്താവിന്റെ താൽപര്യത്തിനപ്പുറം കടന്ന് കുട്ടപ്പായിയെയോ മാപ്പിളയെയോ സഹായിക്കാനുള്ള മനക്കരുത്ത് അവർക്കില്ല.

ഒരിക്കൽ സ്കൂളിലെ പ്രവൃത്തിപരിചയമേളയ്ക്ക് എന്തു കൊണ്ടുപോകും എന്ന ആശയക്കുഴപ്പത്തിൽ ഉഴറുന്ന ചങ്ങാതിക്കായി വയലിലെ കളിമണ്ണുകൊണ്ടൊരു ശില്പമുണ്ടാക്കി സമ്മാനിക്കുന്നു, കുട്ടപ്പായി. അവനിഷ്ടപ്പെട്ട കായൽമീൻ കറിയും ചോറുമടങ്ങുന്ന വിശിഷ്ടഭോജനം വല്യപ്പച്ചായിയെ കൊണ്ടുണ്ടാക്കിച്ച് കൂട്ടുകാരനെ വിരുന്നിനു ക്ഷണിച്ചു കാത്തിരിക്കുന്ന കുട്ടപ്പായിക്ക് നിരാശ സമ്മാനിച്ചുകൊണ്ട് അവൻ വരാതിരിക്കുമ്പോൾ സാമ്പത്തിക, സാമൂഹിക വിഭാഗീയത വിമർശന വിധേയമാക്കുന്നുണ്ട് സിനിമ. ചങ്ങാതിയെ അവസാനമായി കണ്ട് അവൻ സമ്മാനിച്ച 'ടോട്ടോച്ചാൻ' പുസ്തകം തിരിച്ചേൽപ്പിച്ചു യാത്ര പറയാനെത്തുന്ന കുട്ടപ്പായിക്ക്, ഭർത്താവിനോടുള്ള പുച്ഛം മറച്ചുവയ്ക്കാതെ അയാളുടെ കീശയിൽനിന്ന് നല്ലൊരു തുകയെടുത്ത് സമ്മാനിക്കാൻ തയ്യാറാവുന്നു കൂട്ടുകാരന്റെ അമ്മ. പക്ഷേ, അതു വാങ്ങാൻ നിൽക്കാതെ കുട്ടപ്പായി പോയിക്കഴിഞ്ഞിരുന്നു.

വല്യപ്പച്ചായി ഗുരുതരമായ രോഗത്തിനടിമയാവുന്നു. തന്റെ കാലശേഷം കുട്ടപ്പായിയുടെ ഭാവിയാലോചിച്ചിട്ട് ഒരന്തവും കിട്ടുന്നില്ല അയാൾക്ക്. ഒടുവിൽ തങ്ങളെ പല ദിക്കിലേക്കും കൊണ്ടുപോകുന്ന മേസ്തിരി എന്ന ട്രക്ക് ഡ്രൈവറുടെ പലപ്പോഴായുള്ള നിർദേശത്തിനു വഴങ്ങാൻ തീരുമാനിക്കുകയാണ് മാപ്പിള. ദൂരെ ഏതോ ഫാക്ടറിയിൽ കുട്ടപ്പായിക്ക് ജോലി ചെയ്തുകൊണ്ട് സ്വസ്ഥമായി ജീവിക്കാം എന്നാണ് മേസ്തിരിയുടെ മോഹന വാഗ്ദാനം. അതു പൂർണ്ണമായും വിശ്വസിക്കുന്നില്ലെങ്കിലും, മറ്റു വഴിയില്ലാതെ കുട്ടപ്പായിയെ അയാൾക്കൊപ്പം പറഞ്ഞയയ്ക്കുകയാണയാൾ. ഹൃദയം പറിച്ചെടുക്കുന്ന വേദനയോടെയാണ് അയാളതു ചെയ്യുന്നത്, കാണികൾ അതു കാണുന്നതും. കുട്ടപ്പായിയുടെ സന്തതസഹചാരിയായ നായപോലും ബഹുദൂരം കരയിലൂടെ ഓടിയശേഷം അവൻ മറുകര താണ്ടുമ്പോൾ നിസ്സഹായതയോടെ കുരച്ചും മോങ്ങിയും യാത്രയാക്കുന്ന ദൃശ്യം മറക്കാനാവില്ല!

പൗത്രനെ വിട്ടുപിരിയാൻ തീരുമാനിച്ച ശേഷമുള്ള ക്രിസ്മസിന് കുട്ടപ്പായിയുടെ ആഗ്രഹപ്രകാരം, അവൻ ഇതുവരെ കാണാത്തത്ര വലുപ്പത്തിൽ ഒരു നക്ഷത്രമുണ്ടാക്കി അതവന്റെ ചങ്ങാതിയുടെ വീട്ടുമുറ്റത്തു തൂക്കിക്കൊടുക്കുന്നു വല്യപ്പച്ചായി. മനസ്സില്ലാമനസ്സോടെ കുട്ടപ്പായിയെ മേസ്തിരിക്കൊപ്പം പറഞ്ഞയക്കുന്നതോടെ ശൂന്യമായ മനസ്സുമായി തകർന്ന അവസ്ഥയിലാകുന്നു മാപ്പിള. അവന്റെ കൂട്ടുകാരനാവട്ടെ, പ്രവൃത്തിപരിചയമേളയിൽ

അവന്റെ ശില്പത്തിന് പുരസ്കാരം കിട്ടുമ്പോൾ കുറ്റബോധവും കുട്ടപ്പായിയെ നഷ്ടപ്പെട്ട വേദനയുംകൊണ്ട് നീറുകയാണ്. തമിഴ്നാട്ടിലെ പടക്കനിർമാണശാലയിലെത്തിക്കഴിഞ്ഞ ശേഷമുള്ള അനുഭവങ്ങളിൽ മാത്രമാണ് ബാലവേലയുടെ പീഡനരംഗങ്ങളുള്ളത്. ഒറ്റപ്പെട ലിന്റെ തുരുത്തിൽ നിസ്സഹായവസ്ഥയുടെ ഒറ്റാലിൽ ചൂഷണവിധേയമാവുന്ന നിഷ്കളങ്ക ബാല്യത്തിന്റെ നോവും ദൈന്യവും.

പ്രമേയത്തെ നിഷ്പ്രഭമാക്കുന്ന ഒരു ഘടകവുമില്ല എന്നതാണ് ഒറ്റാലിനെ പൂർണ്ണത യോടടുപ്പിക്കുന്നത്. എം. ജെ. രാധാകൃഷ്ണന്റെ ഛായാഗ്രഹണവും എസ്. രാധാകൃഷ്ണനും സിനോയ് ജേക്കബും ചേർന്നു നിർവഹിച്ച ശബ്ദരൂപകല്പനയും പത്മഭൂഷൺ കാവാലം നാരായണപ്പണിക്കരും ശ്രീവത്സൻ ജെ. മേനോനും ചേർന്നു സൃഷ്ടിച്ച സംഗീതവുമെല്ലാം ചിത്രത്തിന്റെ പൊതുസ്വത്വത്തോടും ശില്പത്തോടും അടർത്തിമാറ്റാനാവാത്തവിധം ചേർന്നു നിൽക്കുന്നു. കുട്ടനാടിന്റെ പരിസ്ഥിതി അപ്പാടെ ഒപ്പിയെടുത്തിട്ടുണ്ട് ക്യാമറ. ഒരു ദൃശ്യഖണ്ഡം പോലും എടുത്തുമാറ്റാനാവില്ലെന്ന നിലയ്ക്ക് ഭദ്രമാണ് ബി. അജിത്കുമാറിന്റെ ചിത്രസന്നിവേശം. എണ്ണമറ്റ വാദ്യോപകരണങ്ങളും ആലാപനവുമെല്ലാം ചേർന്ന് വിന്യസിക്കു മ്പോഴുണ്ടാവുന്ന സിംഫണിയോടും വർണ്ണങ്ങളുടെ യഥോചിതവും യുക്തിപൂർവവുമായ



വിനിയോഗംവഴി ചിത്രകാരൻ സൃഷ്ടിക്കുന്ന ദൃശ്യലയത്തിനും സമാനമായ സാങ്കേതികവും കലാപരവുമായ ഇഴുകിച്ചേരലാണ് ഒറ്റാലിന്റെ ധന്യത. വല്യപ്പച്ചായിയെ അവതരിപ്പിച്ച കുമരകം വാസവൻ യഥാർഥത്തിൽ കുമരകത്തെ മത്സ്യത്തൊഴിലാളിയാണ്.

2014ലെ ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളിൽ മികച്ച പരിസ്ഥിതിചിത്രത്തിനുള്ള പുരസ്കാരവും മികച്ച അവലംബിത തിരക്കഥയ്ക്കുള്ള പുരസ്കാരവും ഈ ചിത്രത്തിനു ലഭിച്ചു. കേരളത്തിന്റെ അന്തർദേശീയ ചലച്ചിത്രോത്സവത്തിൽ സുവർണ്ണചകോരം നേടുന്ന ആദ്യ ഇന്ത്യൻ സിനിമയായി.

**ഹരിത സിനിമ** **എ. ചന്ദ്രശേഖർ**

- സാഹിത്യാസ്വാദനം നിങ്ങൾക്ക് പരിചിതമാണല്ലോ. അവയിൽനിന്ന് സിനിമാസ്വാദനം എങ്ങനെ വ്യത്യാസപ്പെടുന്നു? പാഠഭാഗത്തെ മുൻനിർത്തി പ്രതികരണം അവതരിപ്പിക്കുക.
- ഒറ്റാൽ എന്ന സിനിമയും പാഠഭാഗവും വിശകലനം ചെയ്ത് കുട്ടപ്പായി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
- 'സാഹിത്യത്തിൽനിന്ന് സിനിമയിലേക്കുള്ള ലക്ഷണമൊത്ത അനുവർത്തനത്തിന് കാലികമായ ഉദാഹരണമാണ് ഒറ്റാൽ' എന്ന ലേഖകന്റെ അഭിപ്രായത്തോട് പ്രതികരിക്കുക.
- ചലച്ചിത്രമേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലുമൊരു വ്യക്തിയുമായി അഭിമുഖം നടത്തുന്നതിന് ചോദ്യാവലി തയ്യാറാക്കുക.
- നിങ്ങൾ കണ്ട ഏതെങ്കിലും ഒരു സിനിമയ്ക്ക് ആസ്വാദനം തയ്യാറാക്കുക. താഴെപ്പറയുന്ന സൂചകങ്ങൾകൂടി പരിഗണിക്കേണ്ടതാണ്.
  - പ്രമേയം
  - തിരക്കഥ
  - ഛായാഗ്രഹണം
  - ശബ്ദസന്നിവേശം
  - വസ്ത്രാലങ്കാരം
  - അഭിനയം



യൂണിറ്റ്

4

# അറിവ് നടന്ന വഴികൾ

നഷ്ടവസന്തതടങ്ങളിൽ നിന്നു സ-
മൃദ്ധവസന്തതടങ്ങളിലേ,യ്ക്കില-
വറ്റു പറക്കും പക്ഷികൾ പോ,ലിരു
സന്ധ്യ തൊടുക്കും താരകൾപോലെ,

പോയതിൽ നിന്നിനിയെന്നോ വിരിയു-
ന്നായതിലേക്കു കുതിയ്ക്കുകയാണി -
ന്നായതവിശ്വാസത്തൊടു ഞങ്ങടെ
ഭാസുരചിന്താസങ്കല്പങ്ങൾ

ഓണപ്പാട്ടുകാർ — വൈലോപ്പിള്ളി ശ്രീധരമേനോൻ

ചിന്തയും സങ്കല്പവും വികസിക്കുന്നത് എങ്ങനെയെല്ലാമാണ്?
കാവ്യഭാഗം വിശകലനം ചെയ്ത് കാഴ്ചപ്പാടുകൾ അവതരിപ്പിക്കൂ.

# ആ ബാക്കി



വായിക്കുംതോറും പുസ്തകം
കണ്ണിലേക്ക് തുളുമ്പും കടൽ; ഉൾ
ക്കാഴ്ചയിലേക്ക് തുറിക്കും സൂര്യൻ.

വായിക്കുന്നവർ എന്ത് വായിക്കുന്നു?
ലോകകഥയോ ആത്മസത്യമോ?
കാഴ്ചയോ കാഴ്ചപ്പാടോ?
ഏതു പുസ്തകവും അന്ധം,
വായന കാഴ്ച കൊടുക്കും വരെ.
ഏത് പുസ്തകവും അപൂർണ്ണം,
വായന അത് പൂരിപ്പിക്കും വരെ.

വായിക്കുന്നില്ലാരുമത് പോലും മുഴുവൻ.
ആര് വായിച്ചാലും പാരായണം

പാരാവാരം തേവൽ.
വായിക്കുന്നതിലേറെക്കടൽ
വായിക്കാതെ ബാക്കി.

ആ ബാക്കി കാണാൻ ഞാൻ
ദർശനത്തിന്റെ ക്ലൈമാക്സിലെ
ദീപസ്തംഭത്തിൽ നിന്ന് നോക്കി.
കവിതയുടെ വിക്ടറി സ്റ്റാൻഡിലെ
ഉദാത്തതയിൽ നിന്ന് നോക്കി.
കണ്ടതിന്റെ ബാക്കിക്കടൽ പോലെ
ആ ബാക്കി പിന്നെയും ബാക്കി.

അവസാന വാക്ക് കഴിഞ്ഞും വളരുന്നു
വായനക്കാരനിൽ പുസ്തകം;
അയാളവസാനിച്ചാലും
അവസാനിക്കാതെ.

ആ ബാക്കിയോ സംസ്കാരം?
ആ ബാക്കിയിലോ വളരുന്നു
വായിക്കുന്നവനെ വായിച്ച പുസ്തകം?
ഏതിൽ മേയുന്നു ഏട്ടിലെ പശു?
പുല്ലുതീനിയല്ലാത്ത
മനംതീനി?

ദേശത്തുടയോൻ — കെ. ജി. എസ്.

⏩ വ്യാഖ്യാനിച്ച് കുറിപ്പ് തയ്യാറാക്കുക.

- "ഏതു പുസ്തകവും അന്ധം,
  വായന കാഴ്ച കൊടുക്കും വരെ.
  ഏത് പുസ്തകവും അപൂർണ്ണം
  വായന അത് പൂരിപ്പിക്കും വരെ"
- ആര് വായിച്ചാലും പാരായണം
  പാരാവാരം തേവൽ.

⏩
- "അവസാനവാക്ക് കഴിഞ്ഞും വളരുന്നു
  വായനക്കാരിൽ പുസ്തകം
  അയാൾ അവസാനിച്ചാലും
  അവസാനിക്കാതെ.
  ആ ബാക്കിയോ സംസ്കാരം?"

- “വാക്ക് മനുഷ്യർക്കേ ഉള്ളൂ. ഉറഞ്ഞുകൂടിയ അറിവും അനുഭവവുമാണ് അത്. സംസ്കാരത്തിന്റെ ഏറ്റവും സൂക്ഷ്മമായ ആവിഷ്കാരമാണ് വാക്ക്. ഒറ്റവാക്കിൽ തന്നെ - അത് ഏതുമാവാം - വിനിമയത്തിന്റെയും സംസ്കാരത്തിന്റെയും അടയാള ങ്ങളുണ്ട്.”

ഇ. പി. രാജഗോപാലൻ

കവിതാഭാഗവും പ്രസ്താവനയും വിശകലനം ചെയ്ത് താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

“ഏതിൽ മേയുന്നു ഏട്ടിലെ പശു?
പുല്ലുതീനിയല്ലാത്ത
മനംതീനി”?

‘പുല്ലു തീനിയല്ലാത്ത മനംതീനി’ എന്ന പ്രയോഗം സന്ദർഭത്തിന് നൽകുന്ന അർഥഭംഗി ചർച്ചചെയ്യുക.

- “ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ,
വായന കൊണ്ട് അതിനെ ജ്വലിപ്പിക്കുക.”

ഗാന്ധിജി

- പിന്നീട് അമ്മ പൊയ്ക്കഴിഞ്ഞ് അവൾ പുസ്തകങ്ങൾ അടുക്കി വയ്ക്കുകയായിരുന്നു “നോക്കൂ! നിന്റെ ഭാര്യക്ക് കിട്ടിയ സ്ത്രീധനം!”

ഭർത്താവിന്റെ അമ്മ കളിയാക്കിയപ്പോൾ പൊടുന്നനെ വിളറിപ്പോയ മുഖത്തോടെ അവൾ അയാളെ നോക്കി. അമ്മയുടെ പരിഹാസത്തിൽ രസം പിടിച്ചു നിൽക്കുക യായിരുന്നു അയാൾ.

എന്നിട്ടും രാത്രി അവൾ പറഞ്ഞു:

“നമുക്ക് ഒരു ചെറിയ ഷെൽഫ് ഉണ്ടാക്കണം അല്ലേ?

അയാൾ പൊട്ടിച്ചിരിച്ചു.

“പിന്നെ! ആ രൂപ കൊണ്ട് ഞാനൊരു മൂരിക്കുട്ടിയെ വാങ്ങിയാലോ? ആറുമാസം കഴിഞ്ഞ് അറുത്താൽ അമ്പതുറുപ്പിക ലാഭിക്കാം ഇല്ലേ?”

ഒരു രാത്രി അനേകം രാത്രികൾ    സാറാ ജോസഫ്

ഉദ്ധരണികളിലെ ആശയങ്ങളെക്കൂടി അടിസ്ഥാനപ്പെടുത്തി ‘വായനയിലൂടെ വിജ്ഞാനവികാസം’ എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

# നവോത്ഥാനത്തിന്റെ പാഠങ്ങൾ



1888-ൽ ശ്രീനാരായണഗുരു അരുവിപ്പുറത്ത് പ്രതിഷ്ഠ നടത്തുമ്പോഴേക്കും ഒരുപാട് ആശയങ്ങളുടെ കൂടിച്ചേരലുകൾ ഇവിടെ സംഭവിച്ചു കഴിഞ്ഞിരുന്നു. വൈദേശികാശയങ്ങളും ജീവിതരീതികളുമായി പരിചയപ്പെടാൻ അവസരം ലഭിച്ചവരെല്ലാം മറ്റൊരു തരത്തിലുള്ള ജീവിതം സാധ്യമാണെന്നറിയുകയും അങ്ങനെയുള്ള ഒരു ജീവിതത്തെ ഇവിടേക്ക് കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തു. വൈദേശിക ആശയലോകങ്ങൾ കടന്നുവന്നപ്പോഴാണ് ഇവിടെ അടിസ്ഥാനപരമായ മാറ്റങ്ങൾ സംഭവിച്ചത്. സതി നിർത്തലാക്കിയ വർഷ (1829)മാണ് ഇവിടെ ചാന്നാർ കലാപമുണ്ടായത്. ഡോ. പൽപ്പു കേരളത്തിന് പുറത്തുപോയി യൂറോപ്യൻ സമൂഹവുമായി ബന്ധപ്പെട്ട് ജീവിച്ച് പുതിയൊരു ലോകത്തെ പരിചയപ്പെട്ടു. ബാംഗ്ലൂരിലും കൽക്കത്തയിലും ചെന്ന് ജീവിച്ചതുകൊണ്ടുകൂടിയാണ് കുമാരനാശാന് നവോത്ഥാനത്തിന്റെ കവിയായിത്തീരാൻ കഴിഞ്ഞത്. കൽക്കത്താ നഗരം പോർട്ട് ഓഫ് റിനൈസൻസ് (Port of Renaissance) എന്നാണ് അറിയപ്പെട്ടിരുന്നത്. പാശ്ചാത്യ ആശയങ്ങളും അനുഭവങ്ങളും മുഖ്യമായും ആ തുറമുഖം വഴിയാണ് ഇവിടേക്ക് ഇറക്കുമതി ചെയ്യപ്പെട്ടത്.

ചന്തുമേനോൻ നമ്മുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പ്രതിസന്ധിക്കുള്ള വിമോചനമായി ഒരുപക്ഷേ കണ്ടത് കേരളീയസമൂഹത്തിന്റെ പാശ്ചാത്യവൽക്കരണമാണ്. പാശ്ചാത്യസമൂഹം അനുഭവിക്കുന്നതായി തോന്നിയ മുക്താവസ്ഥ കേരളീയ സമൂഹത്തിനു കിട്ടണം എന്നതായിരുന്നു ചന്തുമേനോന്റെ കൃതികളിലുള്ള ഒരു ദർശനം. നേരിട്ടിടപഴകിയ പാശ്ചാത്യർ അദ്ദേഹത്തിന് മാതൃകയായിരുന്നിരിക്കാം. അവരുടെ ജീവിതത്തിലുള്ള തുറസ്സ്, കേരളീയ ജീവിതത്തിന്റെ താരതമ്യേനയുള്ള സങ്കുചിതത്വം ഇവ രണ്ടുംകൂടി ഒരുമിച്ചു കാണുമ്പോൾ നമ്മളെത്ര ചെറിയ ആളുകളാണ് എന്നുള്ള ബോധം അദ്ദേഹത്തെ അലട്ടിയിരുന്നു. അച്ഛനും മക്കളും തമ്മിൽ ഒരു ബന്ധവുമില്ലാതിരുന്ന സമൂഹത്തിൽ അച്ഛനും മകളും തമ്മിലുള്ള ദൃഢബന്ധം തന്നെ ഒരു വലിയ വിപ്ലവമായിരുന്നു. ചന്തുമേനോൻ 'ശാരദ'യിൽ അച്ഛനും മകളും തമ്മിലുള്ള സ്വാഭാവികമായ ദൃഢബന്ധത്തിലൂടെ ന്യൂക്ലിയർ ഫാമിലി സങ്കല്പം അവതരിപ്പിക്കുക മാത്രമല്ല

കൂട്ടുകുടുംബം തികച്ചും അസ്വാഭാവികമായിട്ടുള്ളതാണെന്നും അതു തകരണമെന്നും അതു തകർക്കാൻ ഒരുപക്ഷേ പുതിയ നിയമവും പുതിയ കോടതിയും പുതിയ നോവലും സഹായിക്കുമെന്നും സ്ഥാപിച്ചു. പുതിയ നിയമങ്ങൾ സമൂഹപരിവർത്തന ത്തിനായിട്ടുള്ള പ്രധാനപ്പെട്ട ഉപകരണമായി ചന്തുമേനോനും അതിനുശേഷം കുമാരനാശാനും കരുതിയിരുന്നു. നവോത്ഥാനത്തിന്റെ ഒരു പാഠം അതായിരുന്നു. ചന്തുമേനോനിൽ അത് നിയമപരമായ ഔദ്യോഗിക ജീവിതത്തിന്റെ അനുഭവത്തിൽ നിന്ന് അങ്കുരിച്ചുവെങ്കിൽ കുമാരനാശാനിൽ അത് ദർശനമായി വളർന്നിരുന്നു. ശ്രീനാരായണന്റെ പാഠം അതായിരുന്നില്ല. അദ്ദേഹം സന്ന്യാസിയാണ്. ഒരു റോഡിലൂടെ നടക്കാനുള്ള അവകാശത്തിനായി സന്ന്യാസി കോടതി കയറില്ല. സന്ന്യാസി വേറൊരു വഴിയുണ്ടാക്കും. വേറൊരു ക്ഷേത്രമുണ്ടാക്കും. വേറൊരു ദൈവത്തിനെ സൃഷ്ടിക്കും. വേറൊരു തന്ത്രവിധിയും ആചാരവിധിയും ഉണ്ടാക്കും. ഇതിനെയാണ് സമാന്തര സമുദായനിർമ്മാണം എന്നു പറയുന്നത്. സാമ്പ്രദായിക ഹിന്ദുസമുദായത്തെ നേർക്കു നേർ എതിർക്കാതെ അദ്ദേഹം ഒരു അപരലോകം സൃഷ്ടിക്കുകയും സമാന്തരലോകത്തിൽ കൂടി പരോക്ഷമായി ആ പഴയ ലോകത്തിന്റെ ആധിപത്യത്തെ നശിപ്പിക്കുകയും ചെയ്തു. ശ്രീനാരായണൻ കവിതയെഴുതിയതു തന്നെ സമാന്തരലോകസൃഷ്ടിക്ക് അത് ആവശ്യ മാണെന്നു കണ്ടിട്ടാണ്. അയ്യങ്കാളിയും കെ. പി. കറുപ്പനും വക്കവും സമാന്തരസംസ്കാര ത്തിന്റെ വക്താക്കൾ തന്നെയായിരുന്നു. സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനത്തിനും സമാന്തരലോകസൃഷ്ടി ലക്ഷ്യമായിരുന്നു. ശ്രീനാരായണധർമ്മപരിപാലനയോഗവും സാധുജനപരിപാലനസംഘവും ഉൾപ്പെടെ ഒട്ടേറെ സംഘടനകൾ ഉയർന്നുവന്നതും നവോത്ഥാനത്തിന്റെ നിർമ്മിതിക്കായിരുന്നു.

ഒരു സംസ്കാരം മറ്റൊരു സംസ്കാരവുമായി ഏറ്റുമുട്ടുമ്പോൾ മാത്രമാണ് പുതിയ ചോദ്യ ങ്ങൾ ഉണ്ടാകുന്നത്. അപ്പോഴാണ് പുതിയ ഉത്തരങ്ങൾക്കുവേണ്ടിയുള്ള അന്വേഷണ ങ്ങളും ഉണ്ടാകുന്നത്. പാശ്ചാത്യസംസ്കാരവുമായി ഏറ്റുമുട്ടുന്നതുവരെ നമ്മുടേത് തികച്ചും പാരമ്പര്യബദ്ധമായ, നിശ്ചലവും ജീർണ്ണവുമായ ഒരു സമൂഹമായിരുന്നു. പാശ്ചാത്യസംസ്കാരവുമായുള്ള ഏറ്റുമുട്ടൽ കേരളത്തിലെ എല്ലാ സമുദായങ്ങളെയും സ്വന്തം അവസ്ഥയെക്കുറിച്ചുള്ള വീണ്ടുവിചാരങ്ങൾക്കും പുതിയ അന്വേഷണങ്ങൾക്കും പ്രേരിപ്പിച്ചു.

നവോത്ഥാനത്തിന്റെ പാതയിലേക്ക് മനുഷ്യനിൽ ഉറച്ച വിശ്വാസം പുലർത്തി, കാതലുള്ള ധിക്കാരത്തോടെ വന്നവരായ വർക്കിയും കേശവദേവും തകഴിയും ബഷീറും പുതിയൊരു സമുദായരൂപീകരണമായിരുന്നു നടത്തിയത്. നവോത്ഥാനത്തിന്റെ അന്ത്യ ദശകമായിരുന്നെങ്കിലും ജാതീയപ്രശ്നങ്ങളെപ്പോലെ അനാചാരങ്ങളും അസമത്വങ്ങളും നിരീക്ഷണ വിധേയമാക്കിയ അവർ പോരാട്ടത്തിന്റെ വഴികളിലേക്കാണ് സാഹിത്യത്തെ നയിച്ചത്. സംഘടിത തൊഴിലാളിപ്രസ്ഥാനത്തിന്റെ മുന്നേറ്റവും ഈ സാഹിത്യ ധാരയ്ക്കു പ്രേരണയായിത്തീർന്നിരിക്കാം. ആലപ്പുഴ (1938), മൊറാഴ (1940), കയ്യൂർ (1941),

പുന്നപ്ര-വയലാർ (1946) സംഭവങ്ങളും പുതിയ സമൂഹത്തെയെന്നപോലെ, സാഹിത്യ പരിസരത്തെയും ജീവസ്സുറ്റതാക്കിയിട്ടുണ്ട്. 'എനിക്ക് വീര്യമൊള്ള കൊറച്ചു പച്ച മണ്ണു താ' എന്ന് വർക്കിയുടെ ഒരു കഥാപാത്രം (ശബ്ദിക്കുന്ന കലപ്പ) പറയുന്നത് സമരോത്സുകമായ ഒരു സാഹചര്യത്തിന്റെ സന്തതിയായതിനാലാണ്. നിലവിലുള്ളതിൽനിന്നും വ്യത്യസ്തമായ ഒരു ജീവിതവ്യവസ്ഥയ്ക്കു വേണ്ടിയുള്ള പരീക്ഷണം നവോത്ഥാനകാലഘട്ടത്തിൽ വിവിധമേഖലകളിൽ വളരെ ഗൗരവമായിത്തന്നെ നടന്നിരുന്നു.

നവോത്ഥാനകാലഘട്ടത്തിൽ സംഭവിച്ച ഇത്തരത്തിലുള്ള മാറ്റങ്ങൾക്കെല്ലാമുള്ള പ്രാഥമിക കാരണം സാമ്പത്തികമേഖലയിൽ വന്നുചേർന്ന മാറ്റങ്ങൾ തന്നെയായിരുന്നു. നവോത്ഥാനത്തിന്റെ മൂല്യങ്ങൾ പുതിയ സാഹചര്യത്തിൽ എങ്ങനെ ദുരുപയോഗപ്പെടുത്തുന്നു എന്നു കൂടി നാം തിരിച്ചറിയണം. ശ്രീനാരായണനും അയ്യങ്കാളിയും ആശാനും ഡോക്ടർ പൽപ്പുവും സഹോദരനും തെളിയിച്ചെടുത്ത നവോത്ഥാനത്തിന്റെ മൂല്യങ്ങൾ ഇന്ന് മറ്റ് ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്തുകയും അതും നവോത്ഥാനമാണ് എന്ന് നാം തെറ്റിദ്ധരിക്കുകയും ചെയ്യുന്നു. മനുഷ്യവർഗത്തിൽ ജന്മനാ ഒരു ജാതിയേ ഉള്ളൂ എന്ന മതാതീതസിദ്ധാന്തമാണ് നമ്മുടെ നവോത്ഥാനത്തിന്റെ കാതൽ.

എന്താണ് നവോത്ഥാനം എന്ന് ബുദ്ധിജീവികൾക്കു നിർവചിച്ചുകൊണ്ടേയിരിക്കാം. നവോത്ഥാനം എന്നത് ചർച്ചചെയ്യാനുള്ള ഒരു വിഷയമല്ല; പ്രവർത്തിക്കാനുള്ളതാണ്.



'ബുദ്ധിമാന്മാർ ജീവിക്കുന്നു; പക്ഷേ മന്ദബുദ്ധികൾ തിരിച്ചറിയുന്നു.' ഈ മന്ദബുദ്ധികളുടെ തിരിച്ചറിവിൽനിന്നാണ് പുതിയ ലോകം സൃഷ്ടിക്കപ്പെടുന്നത്. നെല്ല് അതിന്റെ നെഞ്ചുപിളർന്ന് നെൽച്ചെടിയും കതിരും ഉണ്ടാകുന്നതുപോലെ പ്രവർത്തിക്കുന്ന ഈ മനുഷ്യർ സ്വന്തം നെഞ്ചു പിളർന്ന് പുതിയ ലോകം സൃഷ്ടിച്ചുകൊണ്ടേയിരിക്കും. തങ്ങൾ ചെയ്യുന്നതിന്റെ വലുപ്പം അവർ അപ്പോൾ തിരിച്ചറിയണമെന്നില്ല. അരുവിപ്പുറത്ത് ഒരു കല്ലെടുത്തു വച്ച് ഒരു ക്ഷേത്രം പണിയുമ്പോൾ ശ്രീനാരായണനോ ചെറായിയിൽ പത്തുപതിനെട്ടു പേരെ ഒന്നിച്ചിരുത്തി ഭക്ഷണം കഴിപ്പിക്കുമ്പോൾ സഹോദരൻ അയ്യപ്പനോ തങ്ങൾ സമുദായത്തിൽ ഒരു മഹാസ്ഫോടനം സൃഷ്ടിക്കുകയാണെന്ന കാര്യം അറിഞ്ഞിരിക്കില്ല.

**നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം** — **എം. എൻ. വിജയൻ**

- കേരളീയ നവോത്ഥാനത്തിൽ ചന്തുമേനോന്റെയും കുമാരനാശാന്റെയും ശ്രീനാരായണഗുരുവിന്റെയും പ്രവർത്തനങ്ങൾ ഏതെല്ലാം രീതിയിൽ സ്വാധീനിച്ചുവെന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത്? പാഠഭാഗം വിശകലനം ചെയ്ത് കണ്ടെത്തലുകൾ അവതരിപ്പിക്കുക.

- 'നെല്ല് അതിന്റെ നെഞ്ചുപിളർന്ന് നെൽച്ചെടിയും കതിരും ഉണ്ടാകുന്നതുപോലെ പ്രവർത്തിക്കുന്ന ഈ മനുഷ്യൻ സ്വന്തം നെഞ്ചുപിളർന്ന് പുതിയ ലോകം സൃഷ്ടിച്ചുകൊണ്ടേയിരിക്കും.' - ലേഖകന്റെ ഈ നിരീക്ഷണം വ്യാഖ്യാനിച്ച് 'ശ്രീനാരായണഗുരുവും കേരളീയ നവോത്ഥാനവും' എന്ന വിഷയത്തിൽ റേഡിയോ പ്രഭാഷണം തയ്യാറാക്കുക.

- 'ഒരു സംസ്കാരം മറ്റൊരു സംസ്കാരവുമായി ഏറ്റുമുട്ടുമ്പോൾ മാത്രമാണ് പുതിയ ചോദ്യങ്ങൾ ഉണ്ടാകുന്നത്. അപ്പോഴാണ് പുതിയ ഉത്തരങ്ങൾക്ക് വേണ്ടിയുള്ള അന്വേഷണവും ഉണ്ടാകുന്നത്.' - ഈ അഭിപ്രായം പ്രസക്തമാണോ? പാഠസന്ദർഭം വിശകലനം ചെയ്ത് സ്വാഭിപ്രായം കുറിക്കുക.

- നമ്മുടെ സാഹിത്യത്തിലും വിദ്യാഭ്യാസത്തിലും നവോത്ഥാനകാലത്ത് രൂപപ്പെട്ട ചിന്താപദ്ധതിയുടെ തുടർച്ചയാണോ പുതുകാലത്ത് ദൃശ്യമാകുന്നത്? വിമർശനാത്മകമായി പരിശോധിച്ച് നിങ്ങളുടെ വാദമുഖങ്ങൾ സമർഥിച്ച് പ്രബന്ധം തയ്യാറാക്കുക.

- ചന്തുമേനോൻ ശാരദയിൽ അച്ഛനും മകളും തമ്മിലുള്ള സ്വാഭാവികമായ ദൃഢബന്ധത്തിലൂടെ ന്യൂക്ലിയർ ഫാമിലി സങ്കല്പം അവതരിപ്പിക്കുക മാത്രമല്ല കൂട്ടുകുടുംബം തികച്ചും അസ്വാഭാവികമായിട്ടുള്ളതാണെന്നും അത് തകരണമെന്നും അത് തകർക്കാൻ ഒരുപക്ഷേ പുതിയ നിയമവും പുതിയ കോടതിയും പുതിയ നോവലും സഹായിക്കുമെന്നും സ്ഥാപിച്ചു. - ഈ വാക്യത്തെ അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കി മാറ്റിയെഴുതുക.

# ജാതിലക്ഷണം

പുണർന്നു പെറുമെല്ലാമൊ-
രിനമാം പുണരാത്തത്
ഇനമല്ലിനമാമിങ്ങൊ-
രിണയാർന്നൊത്തു കാൺമതും

ഓരോയിനത്തിനും മെയ്യു-
മോരോ മാതിരിയൊച്ചയും
മണവും ചുവയും ചൂടും
തണുവും നോക്കുമോർക്കണം.

തുടർന്നോരോന്നിലും വെവ്വേ-
റടയാളമിരിക്കയാൽ
അറിഞ്ഞീടുന്നു വെവ്വേറെ
പിരിച്ചോരോന്നുമിങ്ങു നാം.

പേരൂരു തൊഴിലീ മൂന്നും
പോരുമായതു കേൾക്കുക!
ആരു നീയെന്നു കേൾക്കേണ്ട
നേരു മെയ്തന്നെ ചൊല്ലയാൽ.

ഇനമാർന്നുടൽ താൻ തന്റെ-
യിനമേതെന്നു ചൊല്ലയാൽ
ഇനമേതെന്നു കേൾക്കില്ല
നിനവും കണ്ണുമുള്ളവർ.

ശ്രീനാരായണഗുരു കൃതികൾ-സമ്പൂർണ്ണം

ശ്രീനാരായണഗുരു



- ജാതിയെ സംബന്ധിക്കുന്ന എന്തെല്ലാം ആശയങ്ങളാണ് കവിതാഭാഗത്തുള്ളത്? ചർച്ചചെയ്യുക.
- 'അറിയുക അറിയിക്കുക അതാണ് ഗുരുവിന്റെ തിയറി. ആത്മാവിനെ അറിവായും കരുണയായും ദയാവായ്പായും അലിവായുമൊക്കെ വിഭാവന ചെയ്യുകയാണ് ഗുരു. മനുഷ്യനെ മോക്ഷത്തിലേക്ക് നയിക്കാനല്ല; പകരം ആത്മബോധത്തിലൂടെ മാനുഷികതയിലേയ്ക്ക്, അലിവിലേയ്ക്ക്, കാരുണ്യത്തിലേയ്ക്ക് നയിക്കാനാണ് ഗുരു ശ്രമിച്ചത്.'

  ആത്മോപദേശകശതകം : ഗുരുവിന്റെ സ്പിരിച്വൽ മാനിഫെസ്റ്റോ — ഡോ. പി. സോമൻ

  'ജാതിലക്ഷണം' എന്ന പാഠഭാഗത്തിന്റെ ആശയം കൂടി പരിഗണിച്ച് മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

# സാംസയുടെ ലൈബ്രറി




ലൈബ്രറിയിൽ വരുന്നവരിൽ രണ്ടുപേരാണ്
സാംസയെ ശ്രദ്ധിച്ചിരുന്നത്,
അവനോട് സംസാരിച്ചിരുന്നത്.
ഗോവിന്ദനും പാപ്പൂട്ടിയും.
ശ്രദ്ധിച്ചു എന്നാൽ പ്രത്യേകം
ശ്രദ്ധിച്ചു എന്ന അർഥമില്ല.
മുതിർന്നവർ സ്വന്തമല്ലാത്ത
കുട്ടികളെ അങ്ങനെ വലുതായി
പരിഗണിക്കാറില്ല. എന്നാൽ
അവരുടെ ചെറിയ നോട്ടമോ
സൗഹൃദം പറച്ചിലോ
കൊണ്ട് കുട്ടികൾക്കങ്ങനെ തോന്നും.
പക്ഷേ, സാംസ അവരെ എപ്പോഴും ശ്രദ്ധിക്കാൻ
കാരണമുണ്ട്. ഗോവിന്ദന്റെ ലോകത്തിൽ പ്രേത
ങ്ങളോ യക്ഷികളോ ഇല്ല. മൃഗങ്ങൾ സംസാരി
ക്കാറില്ല. പാപ്പൂട്ടിയുടെ ലോകത്തിൽ ഇതെല്ലാമുണ്ട്.
ഗോവിന്ദൻ ശാസ്ത്രപ്രചാരണത്തിനുള്ള സംഘടനയുടെ
ചുമതലയുള്ള ആളാണ്. പാപ്പൂട്ടി നാടകവുമായി എന്തോ
ബന്ധമുള്ളയാളാണ്.

കുട്ടികൾക്കുള്ള ശാസ്ത്രമാസിക ആരെയെങ്കിലുമൊക്കെക്കൊണ്ട്
വാങ്ങിപ്പിക്കാനാണ് ഗോവിന്ദന്റെ എപ്പോഴത്തേയും ശ്രമം.
അതൊരെണ്ണം എല്ലാ മാസവും സാംസയ്ക്കുവേണ്ടി അവന്റെ
അച്ഛന്റെ കടയിൽ അയാൾ ഇടുന്നുണ്ട്. വില പണമായി
കൊടുക്കേണ്ട. സാധനങ്ങൾ വാങ്ങുമ്പോൾ അതിന്റെ
തുകയിൽനിന്ന് കുറച്ചാൽ മതി. ഓരോ തവണ മാസിക
കൊടുക്കുമ്പോഴും ഗോവിന്ദൻ വിജയനോട് പറയും.
"ഇതൊക്കെയാണ് പിള്ളേർ വായിക്കേണ്ടത്. അല്ലാതെ യക്ഷിക്കഥകളും
മായാവിക്കഥകളുമല്ല. കുട്ടികൾ ഇപ്പൊഴേ അന്ധവിശ്വാസങ്ങൾ പഠിക്കും."

വിജയനോ ചെട്ടിയാർക്കോ അതിനോട് യോജിപ്പില്ലെങ്കിലും തർക്കിക്കാൻ പോകില്ല. വെറുതേ തലകുലുക്കും. അമാനുഷികശക്തികൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും അവരെച്ചൊല്ലി നമ്മൾ വഴക്കുണ്ടാക്കുന്നതെന്തിനാണ്? മനുഷ്യരെച്ചൊല്ലി യാതൊരു സംശയവും വഴക്കും അവർക്കിടയിലില്ലല്ലോ. സാംസ ആ മാസിക വലിയ താൽപര്യത്തോടെ വായിക്കുന്നുമില്ല. ഗോവിന്ദന്റെ ഭാര്യാസഹോദരനാണ് എല്ലാ മാസവും കടയിൽ പരിശോധനയ്ക്ക് വരുന്ന റേഷനിങ് ഇൻസ്പെക്ടർ. അയാളെ ഓർത്താണ് സാംസയുടെ അച്ഛൻ മാസിക വാങ്ങുന്നത്.

നടാഷ എന്ന പേരുള്ള കഥാപാത്രം വരുന്ന പുസ്തകം ഏതാണെന്ന് ചിന്തിച്ച് ലൈബ്രറി റാക്കുകളിൽ നോക്കുകയായിരുന്നു സാംസ. റഷ്യൻ പേരുകളും കഥകളുമുള്ള, കട്ടിയുള്ള പുറംചട്ടയും നല്ല താളുകളുമുള്ള പുസ്തകങ്ങൾ കുറച്ച് അവിടെ കണ്ടിട്ടുണ്ട്. അതിൽ ചിലതൊക്കെ സാംസ വായിച്ചിട്ടുമുണ്ട്. അവയിൽ ധാരാളമായി കാണുന്ന പേരാണ് നടാഷ. എന്നാലതൊന്നും മാർക്ക് സാർ പറഞ്ഞ പതിമൂന്ന് വയസ്സുകാരിയല്ല. അയാളോടുതന്നെ ചോദിച്ചാലോ എന്ന് സാംസ വിചാരിച്ചു. പിന്നെ മടിച്ചു. തന്റെ പേര് സാധാരണയുള്ളതല്ലെന്നും അതും ഒരു കഥാപാത്രമാണെന്നും സാംസയ്ക്ക് ഒത്തിരി താമസിച്ചാണ് മനസ്സിലായത്. തീരെച്ചെറുതിലേ മുതൽ അവനൊപ്പം പഠിച്ച കുട്ടികൾക്ക് ആ പേര് വിചിത്രമായി തോന്നിയില്ല. കാരണം അവർ ആദ്യം പഠിച്ച പേരുകളിൽ അതും പെടും. പക്ഷേ, സ്ഥലം മാറിവന്ന ചില അധ്യാപകർ ഹാജർ വിളിക്കുമ്പോൾ അവന്റെ പേരിലെത്തിനിൽക്കും.

"സാംസൺ?
അവർ ചോദിക്കും.

"അല്ല. സാംസ".
കുറച്ച് കുട്ടികൾ ഒന്നിച്ച് പറയും.

ഒരിക്കൽ പുതിയതായെത്തിയ ഒരു ഇംഗ്ലീഷ് അധ്യാപകൻ മാത്രം അതു കേട്ട് തലയുയർത്തിനോക്കി. ആദ്യം അവൻ അയാളുടെ ശ്രദ്ധയിൽ പെട്ടില്ല.

കൺമുന്നിൽ തെളിഞ്ഞപ്പോൾ അധ്യാപകൻ അവനെ കുറേനേരം നോക്കിനിന്നു. പിന്നെ പുഞ്ചിരിച്ചു.

"കൊള്ളാം. ഗ്രിഗർ സാംസ എന്നാണെങ്കിൽ നീ ഒരു ഷഡ്പദമാണ്."

കുട്ടികൾക്ക് അത് മനസ്സിലായില്ല.

"ഷഡ്പദമെന്നാൽ ആറു കാലുള്ള ജീവി. പ്രാണി. വിട്ടിൽ, പുൽച്ചാടി, ഈച്ച, ചിതൽ.

കുട്ടികൾ സാംസയെ നോക്കി ചിരിച്ചു.

കൈകളിൽ വന്നിരിക്കുന്ന പച്ചക്കുതിരയുടെ രൂപം അവനുണ്ടെന്ന് അവർ സങ്കല്പിച്ചു. പിന്നെയും കുറേക്കാലം കഴിഞ്ഞാണ് തന്റെ പേരിന്

കാരണക്കാരനായ കഥാപാത്രമുള്ള പുസ്തകം സാംസയുടെ കൈയിൽ കിട്ടുന്നത്. ലൈബ്രറിറാക്കിനു താഴെനിന്ന് അവനതിന്റെ ആകർഷണീയമല്ലാത്ത കവർ നോക്കി. പിന്നിൽ എഴുത്തുകാരന്റെ ചിത്രമുണ്ട്. മുൻകൈകൾ കൂപ്പിനിൽക്കുന്ന ഒരു പ്രാണിയുടെ മുഖഭാവം അതിനുണ്ട്. സാംസയുടെ അച്ഛൻ മേശവലിപ്പിൽ സൂക്ഷിച്ച സ്വന്തം ജാതകം വല്ലപ്പോഴും

എടുത്തുനോക്കുന്നത് അവൻ കണ്ടിട്ടുണ്ട്. ഇതുവരെ താൻ അതിൽ പറഞ്ഞതുപോലെയാണോ ജീവിച്ചത് എന്ന് പരിശോധിക്കുകയാവും അയാൾ. അല്ലെങ്കിൽ അതിൽ പറയുന്ന ജീവിതത്തെ അനുകരിക്കാൻ നോക്കുകയായിരിക്കും.

സാംസ ആ പുസ്തകത്തിന്റെ താളുകൾ മറിക്കാൻ പോയില്ല. അവന്റെ ജീവിതം അതിൽ മുൻകൂർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലോ?

ഇപ്പോൾ നടാഷയുടെ ജീവിതമെഴുതിയ പുസ്തകവും അന്വേഷിക്കേണ്ടെന്ന് സാംസ തീരുമാനിച്ചു. അന്നേരം ശാസ്ത്രമാസികയുടെ പുതിയ ലക്കം ലൈബ്രേറിയന് കൈമാറുകയായിരുന്നു ഗോവിന്ദൻ.

"ഇതാണ് വായിക്കേണ്ടത്. അല്ലാതെ അന്ധവിശ്വാസം വളർത്തുന്ന കഥകളല്ല." അയാൾ ഇത്തവണയും പറഞ്ഞു.

"മരിച്ചവർ എഴുന്നേറ്റുവരുന്നതും മൃഗങ്ങൾ സംസാരിക്കുകയും ചെയ്യുന്ന കഥകളല്ല അവര് വായിക്കേണ്ടത്."

"നീ പറയുന്നപോലെയുള്ള കഥകൾ എന്ത് ബോറായിരിക്കും ഗോവിന്ദാ." മാർക്ക്സാറിന്റെ കൈയിൽനിന്ന് ആ മാസിക വാങ്ങി മറിച്ചുനോക്കിക്കൊണ്ട് പാപ്പൂട്ടി പറഞ്ഞു.



"പിള്ളേര് ഇഷ്ടംപോലെ ഭാവനചെയ്യട്ടെ. എന്നാലും ഈ മാസിക കൊള്ളാം. ആകാശം, നക്ഷത്രങ്ങൾ ഒക്കെയുണ്ട്.

"പ്രേതങ്ങളുടെ കാര്യവും ഒരിക്കലും നടക്കാത്ത സംഭവങ്ങളും പറഞ്ഞാലേ രസമാകത്തുള്ളോ?"

"അങ്ങനെയല്ലെടാ. ഒരിക്കലും നടക്കിയേലാത്ത കാര്യങ്ങൾ ആലോചിക്കുന്നതാണ് ഏറ്റവും രസം. ദേ ഈ പുസ്തകം കണ്ടോ. ഭൂമിയുടെ ഉള്ളിലേക്ക് ഒരാൾ നടത്തുന്ന യാത്രയുടെ കഥയാണ്."

"അത് സയൻസ് ഫിക്ഷനാണ്."

"അതെ. എന്നാലും ഒരു അഗ്നിപർവതത്തിന്റെ മുകളിലെ ഗുഹയിൽക്കൂടി ഭൂമിയുടെ അകത്തേക്കിറങ്ങുന്നു. അവിടെ ജീവിക്കുന്ന മനുഷ്യരെ കാണുന്നു. ഒരിക്കലും നടക്കില്ലാത്ത കാര്യങ്ങളാണ്."

"അന്ധവിശ്വാസം വേറേ, അത്തരം ഭാവന വേറേ. നീ നാടകത്തിൽ ചെയ്യുന്നപോലെ ലോകത്ത് നടക്കുന്നതെല്ലാം കൂട്ടിക്കുഴയ്ക്കാതെ."

ഗോവിന്ദൻ പോയിക്കഴിഞ്ഞപ്പോൾ പാപ്പൂട്ടിയും മാർക്ക്സാറും പരസ്പരം നോക്കി ചിരിച്ചു.

"മൊത്തത്തിൽ ഒരു നാടകമായിട്ട് ഇതെല്ലാം കണ്ടാ മതി. അതാണ് രസം. അവൻ ശാസ്ത്രം പ്രചരിപ്പിക്കുന്ന ആളായി അഭിനയിക്കുന്നു. ഞാൻ നാടകം ചെയ്യുന്നയാളായി അഭിനയിക്കുന്നു. മാർക്ക്സാർ ലൈബ്രേറിയനായി അഭിനയിക്കുന്നു."

പാപ്പൂട്ടി പറഞ്ഞു.

അവർ രണ്ടുപേരും ചായ കുടിക്കാൻ പോകുന്നതിനായി എഴുന്നേറ്റു.

ഇനി അരമണിക്കൂർ നേരത്തേക്ക് ലൈബ്രേറിയന്റെ ചുമതല സാംസയ്ക്കാണ്. അവൻ അങ്ങനെ അഭിനയിക്കണം.

"എടാ സാംസേ നീ കട നടത്തുന്ന വിജയന്റെ മകൻ സാംസയായി അഭിനയിച്ചാൽ മതി. ഗ്രിഗർ സാംസ ആയിട്ട് വേണ്ട."

മാർക്ക് സാർ പറഞ്ഞു.



ഇനി അല്പനേരത്തേക്ക് പുസ്തകമെടുക്കാൻ ആരും വന്നില്ലെങ്കിൽ സാംസ ലൈബ്രറിയിൽ തനിച്ചാണ്. ഏതോ റാക്കിൽ പുസ്തകത്തിലെ നടാഷയുമുണ്ട്. അവൾ ആരായിട്ടാണ് അഭിനയിക്കുന്നത് ? സാംസ ചിന്തിച്ചു. കുറേ വർഷം മുമ്പ് മരിച്ചുപോയ പെൺകുട്ടിയായിട്ടോ അതോ അവൾ ജനിക്കും മുമ്പ് എഴുതിയ പുസ്തകത്തിലെ പെൺകുട്ടിയായിട്ടോ ?

സാംസ കുട്ടികൾക്കുള്ള ശാസ്ത്രമാസിക മറിച്ചുനോക്കി. ഗോവിന്ദൻ പറഞ്ഞതുപോലെയല്ല. അതിലും മരിച്ചുപോയവരെക്കുറിച്ച് പറയുന്നുണ്ട്. ഒരുപാട് കൊല്ലം മുമ്പ് മരിച്ചുപോയ മനുഷ്യരുടെയും ഇപ്പോഴില്ലാത്ത ജീവികളുടെയും ഫോസിലുകളെക്കുറിച്ച് പറയുന്നുണ്ട്. മണ്ണിനടിയിലേക്ക് പോകുംതോറും ഓരോ അടരും ഓരോ കാലഘട്ടത്തിന്റേതാണ്. അതങ്ങനെ പിറകോട്ട് പിറകോട്ട്

പോകും. ഓരോ അടരിലും പഴയ പഴയ ജീവികളുടെ ഫോസിലുകളുണ്ട്. സാംസയുടെ പറമ്പിന് താഴേയും അങ്ങനെയുള്ള ലോകമുണ്ട്. ഏറ്റവും താഴെ സൂക്ഷ്മജീവികൾ. പിന്നെ മത്സ്യങ്ങൾ, ഇഴജന്തുക്കൾ, ദിനോസറുകൾ, മരഞ്ചാടികൾ. ഏറ്റവും മുകളിലത്തെ അടരിൽ മരിച്ചുപോയ പെൺകുട്ടി. അതിനും മുകളിൽ സാംസ, അവന്റെ അച്ഛൻ, അമ്മ, ഇലു, വല്യച്ഛൻ, വല്യമ്മ, ദാമു, സ്റ്റീഫൻ, മാർക്ക് സാർ, ഗോവിന്ദൻ, പാപ്പൂട്ടി, പാണ്ടിക്കാരന്മാർ, അവർ കൊണ്ടുവന്ന ആട്. ഈന്തു മരത്തിന്റെ ഫോസിലിനെക്കുറിച്ചും മാസികയിൽ പറയുന്നുണ്ട്. ഏറ്റവും പഴയകാലത്ത് ഇന്നുള്ള ഒരു മരങ്ങളുമില്ല. എന്നാൽ ദിനോസറുകളുടെ സമയത്തും ഈന്തുകൾ ഉണ്ടായിരുന്നു. അതേ ഈന്തിന്റെ തടിയിൽ ഒരു തുളയിട്ടാണ് സ്റ്റീഫനെ കെട്ടിയിടുന്നത്. ലോകത്തിലെ ഏറ്റവും പഴക്കമുള്ള മരത്തിലാണ് ഭ്രാന്തന്മാരെ തളയ്ക്കുന്നത്. അത് ഇരുമ്പുചങ്ങലവഴി, ഏറ്റവും പുതുതായി പരിണമിച്ചുണ്ടായ, വിവേചനബുദ്ധിയുള്ള ജീവികളുടെ ഭ്രാന്ത് വലിച്ചെടുക്കും.

സാംസ മാസിക മടക്കിവച്ച് മേശവലിപ്പ് തുറന്നുനോക്കി. അതിലാണ് ഏറ്റവും കൂടുതൽ ആവശ്യക്കാരുള്ള പുസ്തകങ്ങൾ മാർക്ക്സാർ സൂക്ഷിച്ചുവച്ചിരിക്കുന്നത്. മുൻകൂട്ടി പറഞ്ഞുവയ്ക്കുന്നമുറയ്ക്ക് അയാളത് നൽകും. സാംസ അതൊക്കെ മറിച്ചുനോക്കി. മേശയ്ക്കും ഭിത്തിക്കുമിടയിൽ ആരുടെയും നോട്ടമെത്താത്ത കുറച്ചു സ്ഥലമുണ്ട്. സാംസ അങ്ങോട്ടേക്ക് കൈയെത്തിച്ച് നോക്കിയില്ല. അവിടെയാണ് ലൈബ്രറിയിൽ നേരിട്ടെത്താത്ത സ്ത്രീകൾക്കുവേണ്ട പുസ്തകങ്ങൾ മാർക്ക്സാർ കരുതിവെച്ചിരിക്കുന്നത്. അവർ സഹോദരന്റേയോ മകന്റെയോ അച്ഛന്റെയോ അയൽക്കാരന്റേയോ കൈയിൽ വായിച്ചുതീർത്ത പുസ്തകങ്ങൾ കൊടുത്തുവിടും. അവരിൽ ഏതാൾക്ക് ഏതുതരം പുസ്തകമാണിഷ്ടമെന്ന് മാർക്ക് സാറിനറിയാം. നേരിട്ട് കണ്ടിട്ടില്ലാത്ത അവരുടെ ഹൃദയം അയാൾക്ക് ഉള്ളംകൈയിലിരിക്കുന്നതുപോലെ പരിചിതമാണ്. പുസ്തകങ്ങൾ അയാൾക്കും അവർക്കുമിടയിൽ രഹസ്യമായി സംസാരിക്കുന്നു. മാർക്ക്സാറിന്റെ കാമുകിമാർ എന്ന് സാംസ രഹസ്യമായി വിചാരിച്ചു.

**പട്ടുനൂൽപ്പുഴു** **എസ്. ഹരീഷ്**

- പുസ്തകങ്ങളെയും വായനയെയും സംബന്ധിച്ച് എന്തെല്ലാം ആശയങ്ങളാണ് പാഠഭാഗത്തുള്ളത്? വിശകലനം ചെയ്ത് നിരീക്ഷണങ്ങൾ കുറിപ്പായി എഴുതുക.
- “തന്റെ പേര് സാധാരണയുള്ളതല്ലെന്നും അതും ഒരു കഥാപാത്രമാണെന്നും സാംസയ്ക്ക് ഒത്തിരി താമസിച്ചാണ് മനസ്സിലായത്” - കുട്ടികൾക്ക് പേര് തിരഞ്ഞെടുക്കുന്നതിന് പിന്നിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സാഹചര്യം ഈ സന്ദർഭത്തിൽ വ്യക്തമാകുന്നുണ്ടോ? ചർച്ചചെയ്യുക.

“ഇതൊക്കെയാണ് പിള്ളേർ വായിക്കേണ്ടത്. അല്ലാതെ യക്ഷിക്കഥകളും മായാവി ക്കഥകളുമല്ല. കുട്ടികൾ ഇപ്പൊഴേ അന്ധവിശ്വാസങ്ങൾ പഠിക്കും.”

“അങ്ങനെയല്ലെടാ. ഒരിക്കലും നടക്കിയേലാത്ത
കാര്യങ്ങൾ ആലോചിക്കുന്നതാണ് രസം.”

— വായനയെക്കുറിച്ചുള്ള രണ്ട് കഥാപാത്രങ്ങളുടെയും നിലപാടുകൾ താരതമ്യം ചെയ്ത് സ്വന്തം കാഴ്ചപ്പാട് അവതരിപ്പിക്കുക.

കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി ഉയർത്തുന്നതിൽ സുപ്രധാന പങ്കു വഹിച്ച ധാരാളം വായനശാലകൾ നിങ്ങളുടെ പ്രദേശങ്ങളിലും സ്കൂളുകളിലും ഉണ്ടല്ലോ. അവ സന്ദർശിക്കുകയും കൃതികൾ കണ്ടെത്തി വായിക്കുകയും വായനക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുക.

“കണ്ണുതുറന്നു ചെവിയോർത്തപ്പോൾ വീണ്ടും കേട്ടു: ‘നീ എവിടാടാ?’ പാനീസിന്റെ തിരി നീട്ടി അതുമെടുത്ത് ചായ്പിൽ നിന്നിറങ്ങി അലമാരകൾക്കിടയിലൂടെ നടന്നു ചെന്നപ്പോൾ എന്താ കഥ, അവിടെ മുണ്ടുമടക്കിക്കുത്തി തോളിലൊരു തോർത്തു മുണ്ടും വലതുകൈയിൽ സവാരിവടിയുമായി തകഴി ശിവശങ്കരപ്പിള്ള നിൽക്കുന്നു.”

ലൈബ്രേറിയൻ — സി. വി. ബാലകൃഷ്ണൻ

വായനയുടെ അദ്ഭുതലോകങ്ങൾ സമ്മാനിച്ച എഴുത്തുകാർ പല നിലയിൽ നമ്മളിൽ ജീവിക്കുന്നു. സാംസയുടെ ലൈബ്രറി എന്ന പാഠഭാഗവും തന്നിരിക്കുന്ന നോവൽഭാഗവും താരതമ്യപ്പെടുത്തി പോഡ്കാസ്റ്റ് അവതരിപ്പിക്കുന്നതിനാവശ്യ മായ കുറിപ്പ് തയ്യാറാക്കുക.

ആധുനിക കേരളത്തിന്റെ രൂപവൽക്കരണത്തിൽ ഗ്രന്ഥശാലകൾ വഹിച്ച പങ്ക് വളരെ വലുതാണ്. നമ്മുടെ പ്രാദേശിക ഗ്രന്ഥശാലകൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന അന്വേഷണം പ്രസക്തമല്ലേ? നിങ്ങളുടെ പ്രദേശത്തെ ഗ്രന്ഥശാലകൾ സന്ദർശിച്ച് നിലവിലെ അവസ്ഥയെക്കുറിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക. ഗ്രന്ഥശാല സന്ദർശിക്കുന്നവരുടെ എണ്ണം, എടുക്കുന്ന പുസ്തകങ്ങളുടെ സ്വഭാവം, സന്ദർശക രുടെ പ്രായം, ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ നടക്കുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തുമല്ലോ.

കട്ടിയുള്ള പുറംചട്ടയും നല്ല താളുകളുമുള്ള പുസ്തകങ്ങൾ കുറച്ച് അവിടെ കണ്ടിട്ടുണ്ട്. ഈ വാക്യത്തിൽ നിന്ന് നാമം, ക്രിയ, ഭേദകം എന്നിവ കണ്ടെത്തുക. പാഠഭാഗങ്ങളിൽനിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

# ഉറൂബ് എന്ന ആംബുലൻസ് ഡ്രൈവർ

സ്ഥലം- പൊന്നാനി സാറ്റലൈറ്റ് സിറ്റിയിൽ ഉറൂബിന്റെ മൂന്നാം തലമുറക്കാരനായ പി. സി. സന്തോഷിന്റെ ബയോ റിസർച്ച് കം റസിഡൻസ് സെന്റർ. കാലം രണ്ടായിരത്തി അറുപത്തിയാറ്.

ആശ്ചര്യകരമായ ഡിജിറ്റൽ ഇൻകാർനേഷൻ ടെക്നോളജിയിലൂടെ അവതീർണ്ണനായ സാക്ഷാൽ ഉറൂബ് നൂറ്റിപ്പത്ത് വയസ്സായ മകൻ സുധാകരന്റെയും നൂറ്റെട്ട് കഴിഞ്ഞ ഇടശ്ശേരി പുത്രൻ അശോകന്റെയും നേർക്കുനേർ ഇരുന്നു. പാ എന്ന ചലച്ചിത്രത്തിൽ അകാലവാർധക്യം ബാധിച്ച മകൻ അമിതാഭ്ബച്ചനെ യുവപിതാവായ അഭിഷേക് ബച്ചൻ നോക്കുന്ന പോലെയായിരിക്കും അച്ഛൻ അഥവാ പി.സി മാമ തങ്ങളെ നോക്കുന്നതെന്ന് സുധാകരനും അശോകനും അപ്പോൾ തോന്നി. കാരണം തങ്ങൾ ഹൺഡ്രഡ് പ്ലസ്സിലാണെങ്കിലും ഉമ്മാച്ചുവെഴുതിയ മുപ്പത്തിയൊമ്പതിന്റെ ചെറുപ്പത്തിലാണല്ലോ മൂപ്പരുടെ ഡിജിറ്റൽ പുനർജന്മം. അതിനാൽ അദ്ദേഹത്തെ അച്ഛാ, എന്നും പി. സി. മാമായെന്നും വിളിക്കാൻ രണ്ടാൾക്കും നാണമുണ്ടായി.

എന്നാലും-

"അച്ഛന്റെ ഇഷ്ടപ്രകാരം എന്താച്ചാ ചെയ്യാം, അച്ഛന്റെ ഇഷ്ടപ്രകാരം ഭാവിപരിപാടികൾ ആലോചിക്കാം-" നരച്ച മിഴികൾ ചുള്ളനായ ഉറൂബിലേക്ക് പായിച്ച് സുധാകരൻ പറഞ്ഞു.

"പഴയ ജീവിതവഴികൾ തന്നെയാണ് പി. സി. മാമന് വേണ്ടതെങ്കിൽ അങ്ങനെയാകാം. പണ്ടത്തെ നീലഗിരിയെല്ലാം അടിമുടി മാറിയെങ്കിലും അവിടെ ഏതെങ്കിലും എസ്റ്റേറ്റ് ജോലിക്ക് ശ്രമിക്കാം. വെസ്റ്റ്ഹില്ലിലെ ബനിയൻ ഫാക്ടറിയുടെ സ്ഥലത്ത് ഇപ്പോഴൊരു ജീൻസ് മില്ലാണെന്ന് കേട്ടു. ജീൻസ് മില്ലിൽ സൂപ്പർവൈസർ തസ്തികയുണ്ടോയെന്നും അന്വേഷിക്കാം."

പി. സി. മാമന്റെ പഴയ കർമ്മമണ്ഡലങ്ങളിലേക്ക് സൂചന കൊടുത്ത് അശോകനും സംസാരിച്ചു. ഡിജിറ്റൽ പുനർജന്മമാണെങ്കിലും ഉറൂബ് കാര്യത്തെ നിരൂപിച്ചു.



മനുഷ്യമുരട് തിരയലാണല്ലോ എക്കാലത്തെയും തന്റെ നിയോഗം. പുതുമനുഷ്യനെ തിരയാനും ഒരു താരതമ്യം വേണ്ടേ? അതിനാലാണ് പഴയ ജീവിതവഴികൾതന്നെ താണ്ടാമെന്ന് മക്കളോട് പറഞ്ഞത്.

താമസിയാതെ ടെൻഷനടിച്ചിരിക്കുന്ന സുധാകര-അശോക മുതുക്കന്മാർക്ക് ആശ്വാസമേകി റിസർച്ച് ആന്റ് റസിഡൻസ് സെന്ററിന്റെ ബാക്ക് ഡോറിലൂടെ ഉറൂബിന്റെ പേരമരുമകൻ, പി. സി. സന്തോഷ് പ്രത്യക്ഷപ്പെട്ടു. ചിൽ ഗൈസ്, ചിൽ എന്ന സന്ദേശം തന്റെകൂടെ താമസിക്കുന്ന മുതുമാതുലർക്ക് അയാൾ പകർന്നു. പിന്നെ, താൻ നിർമ്മിച്ചെടുത്ത ഉറൂബ് പിതാമഹന്റെ ഡിജിറ്റൽ ഇൻകാർനേഷനെ നെഞ്ചോട് ചേർത്തുപിടിച്ചു.

മരിച്ചവരെ തിരിച്ചുകൊണ്ടുവരുന്ന പരിപാടിയേയല്ല ഡിജിറ്റൽ ഇൻകാർനേഷൻ ടെക്നോളജി, മരിച്ചവരെ അതേ പ്രജ്ഞയിൽ, അതേ സ്മരണയിൽ, കുറേയെല്ലാം അതേ ഫിസിയോളജിയിൽ പണിഞ്ഞെടുക്കലാണത്. മാൻ ഈസ് വാട്ട് ഹി തിങ്ക്സ് എന്നാണല്ലോ പുരാണം. അതിനാൽ പുനർജനിപ്പിക്കേണ്ടവരുടെ ചിന്താഡേറ്റകളെയാണ് ചിപ്പുകളിൽ പ്രധാനമായും അപ്‌ലോഡ് ചെയ്യുക. ചിന്തയുമായി ബന്ധപ്പെട്ട വികാരലോകത്തെയും പരമാവധി കയറ്റിയെടുക്കാൻ ശ്രമിക്കും. പക്ഷേ ഘ്രാണശേഷി, സ്പർശനീയത എന്നിവ കൃത്രിമ മസ്തിഷ്ക്കത്തിൽ ഒപ്പിച്ചെടുക്കാൻ ഞെരുക്കമാണ്. എന്നാലും ഏതെങ്കിലും ബാംഗ്ലൂർ ബേസ്ഡ് ഐ. ടി. ക്കാരിക്ക് ആക്സിഡന്റിൽ തട്ടിപ്പോയ പാർട്നറുടെ ഡിജിറ്റൽ ഇൻകാർനേഷൻ കിട്ടിയെന്ന് കരുതുക.

വൗ, വെരി വെരി സേം ആസ് മൈ ഹണി. സേം ഫിഗർ, സേം തിങ്കിങ്, സേം ടോക്കിങ്, സേം ഫുഡ് ഹാബിറ്റ്സ് എന്ന് അവൾ അദ്ഭുതം കൂറും. പട്ടുപോലുള്ളൊരാ പാദങ്ങൾ രണ്ടും കെട്ടിപ്പിടിച്ചൊന്നു പൊട്ടിക്കരയാൻ എന്നു പാടിയ ഗുഡ് ഓൾഡ് കാമുകിക്ക് മാത്രമാണ് ഇതെന്റെ രാമേട്ടനല്ലല്ലോ ദൈവേയെന്ന് അലറിവിളിക്കേണ്ടി വരിക.

**ഗ്രേറ്റ്** **കെ. പി. രാമനുണ്ണി**

- ⏩ കഥാഭാഗം അവതരിപ്പിക്കുന്ന പുതിയ ഭാവുകത്വത്തെക്കുറിച്ച് ചർച്ചചെയ്യുക.
- ⏩ കഥാഭാഗത്ത് വിവരിക്കുന്ന ഡിജിറ്റൽ ഇൻകാർനേഷനെപ്പോലെ നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ സാങ്കേതികവിദ്യകളെക്കുറിച്ച് അറിയാമല്ലോ. 'നിർമ്മിതബുദ്ധിയും മനുഷ്യഭാവിയും' എന്ന വിഷയത്തിൽ താഴെക്കൊടുത്ത മേഖലകളിലൂന്നി സെമിനാർ സംഘടിപ്പിക്കുക.
  - ആരോഗ്യം
  - വിദ്യാഭ്യാസം
  - ഗതാഗതം
  - പാർപ്പിടം
  - മനുഷ്യബന്ധങ്ങളും വൈകാരികതയും

# കുറിപ്പുകൾ